VERSITY LIBRA
2 JUL 1934
MADRAS

# കൈരളി



hl XIX No 1

പുസ്തകം ൧൯. മേടം ലക്കം ൧.

പ്രവൎത്തകന്മാർ:

ജി. ശങ്കരക്കുറുപ്പ്. കെ. കെ. രാജാ.
കെ. വി. രാഘവൻനായർ.

UNIVERSITY LIBRARY
21. JUL. 1934
MADRAS

# നവവത്സരം.

ഹൃദയാലുക്കളും ദയാലുക്കളുമായ സാഹിത്യനിഷേവകന്മാൎക്കു മംഗളം ആശംസിച്ചുകൊള്ളുന്നു.

ആഡംബരരഹിതവും ആദൎശപരവുമായ ജീവിതത്തെ ആദരിക്കുന്ന കേരളീയസഹൃദയരുടെ മുൻപിൽ ശുദ്ധവും സാധാരണവുമായ വേഷത്തിൽ സമാഗതയായി സ്വാഗതം പറയുന്നതിനു ഞാൻ ഭയപ്പെടുന്നില്ല. സംസ്കാരദീപത്തിനു മിഴിവും തെളിവും ഉണ്ടാക്കുവാൻ യഥാശക്തി യത്നിച്ചുപോരുന്ന എനിക്കു നവവത്സരാരംഭത്തിൽ വാത്സല്യവശഗരും അഭ്യുദയകാംക്ഷികളും ആയ സാഹിത്യവീരന്മാർ അനുഗ്രഹബുദ്ധ്യാ അയച്ചുതന്നിട്ടുള്ള പാരിതോഷികങ്ങൾക്ക് എങ്ങനെയാണു കൃതജ്ഞത പ്രകാശിപ്പിക്കുക! സമയവും സ്ഥലവും അനുകൂലമല്ലാത്തതിനാൽ അവയിൽ ചിലതു മാത്രമേ ഇപ്പോൾ ഇവിടെ പ്രദൎശിപ്പിക്കുവാൻ സാധിച്ചിട്ടുള്ളു. അടുത്ത അവസരത്തിൽ അവശിഷ്ടവിശിഷ്ടരത്നങ്ങളും ആത്മസുഹൃത്തുക്കളുടെ മുൻപേ പ്രദൎശിപ്പിച്ചുകൊള്ളാം. ഇനിയും സാഹായ്യ സഹകരണങ്ങൾക്കു പ്രാൎത്ഥിച്ചുകൊണ്ടു ഞാൻ നീങ്ങിനിൽക്കട്ടെ.

സഹൃദയവിധേയ,

കൈരളി.

UNIVERSITY LIBRARY
21. JUL. 1934
MADRAS

# കൈരളി

## നവാതിഥി

[ ജി ]

ശാന്തി! നവാതിഥിയാകിയ വർഷമേ,
ശാന്തി! ഭവാനെ സ്വയമെതിരേൽക്കുവാൻ
പച്ചത്തളികയിൽ പൂക്കളും കായ്കളും
വച്ചനല്ലാദരയായൊരെൻ നാടിതാ
നിൻമുന്നിൽ നിൽക്കുന്നു; നീലക്കടൽ കാൺമൂ
തന്മുലക്കച്ച കിഴിഞ്ഞൂർന്നമാതിരി.
ചന്ദനഗന്ധിയാം ശ്യാമളനിരാള-
സുന്ദരസാരിത്തലപ്പിൻഞെറികളാൽ
മാനനീയാതിഥേ, വീശുന്നു മാലയ-
കാനനദേവത, പല്ലവാംഗോജ്ജ്വല.

ശാന്തി! നവാതിഥിയാകിയ വർഷമേ,—
ശാന്തി! യഥാസുഖം വിശ്രമിച്ചീടുക!

ഭാവിതൻ വീണയിൽ കമ്പിമുറുക്കി നീ
ഭാവിപ്പതെന്തിന്നത്രപമഹാകവേ?
ഹാ, ചിരകാലമായ് ദുഃസ്വപ്നമാർന്നെഴും
പ്രാചി നിൻ പാട്ടാലുണർന്നെഴുന്നേൽക്കുമോ,
വൈരം കലർന്നു മതങ്ങൾ, ഓങ്ങിടുന്ന
കൈരണ്ടുകൊണ്ടും പരസ്പരം പുൽകുമോ,
പാരതന്ത്ര്യത്തിന്റെ കൈയയഞ്ഞീടുമോ,
സ്വൈരം സ്വതന്ത്രത തൻതല പൊക്കുമോ,
അന്യരാജ്യങ്ങളെത്തിന്നുന്ന സാമ്രാജ്യ-
വന്യജന്തുക്കളെതിൽനിന്നു മാറുമോ,
വിസ്മരിച്ചല്ലോ കഴിയുന്നു ദൈവവു-
മസ്മദ്ധരണിയും, വീണ്ടുമോർമ്മിക്കുമോ?
തോൽവി, 'നിരാശ, യിവയെക്കുറിച്ചാകിൽ,
നീ വിഷാദത്തിനായ് പാടാതിരിക്കുക!

82753

032m2032 : N15

65

# ഭാരതീയരുടെ സാഹിത്യാദർശം

[പി. എസ്സ്. ഏ.]

സാഹിത്യം ജീവിതത്തിന്റെ പ്രതിബിംബമാണെന്നുള്ള തത്വം ഭാരതീയരെ—പുരാതനഭാരതീയരെ—സംബന്ധിച്ചും മറ്റൊരുവിധത്തിലായിട്ടില്ല. അവർ ആദ്ധ്യാത്മികജീവിതത്തെ സർവ്വോൽകൃഷ്ടമായി ഗണിക്കുകയും അതു സാധിപ്പാനായി നിരന്തരം ഉദ്യമിക്കുകയും ചെയ്തിരുന്നു. ആത്മതത്വത്തെ ആരാഞ്ഞറിവാൻ ചിലവുചെയ്തിട്ടുള്ള കാലത്തിന്റേയും പൌരുഷത്തിന്റേയും നൂറിലൊരംശം, ഭൌതികതത്വങ്ങളെ അറിഞ്ഞു വശപ്പെടുത്തി സ്വസുഖത്തിന്നായി വിനിയോഗിപ്പാൻ അവർ ചിലവു ചെയ്തിരുന്നുവെങ്കിൽ ഇന്നവരുടെ പിന്തുടച്ചക്കാരായ നാം ആ വിഷയത്തിലും മുന്നണിയിൽതന്നെ നില്ക്കുമായിരുന്നു. പരമാണുവാദം, (Atomism) ശബ്ദതരംഗം (Sound Wave) മുതലായ ശാസ്ത്രതത്വങ്ങൾ അവർ മനോഗോചരമാക്കിയിരുന്നുവെന്ന് അവരുടെ തർക്കഗ്രന്ഥങ്ങളിൽനിന്നു തെളിയുന്നു; എന്നാൽ അവയുടെ സമഗ്രങ്ങളായ ഉൾപിരിവുകളെ ഉപയോഗത്തിന്നുതക്കവണ്ണം സ്വാധീനപ്പെടുത്തുന്നതിൽ അവർ വിമുഖന്മാരായി. ശാശ്വതാനന്ദത്തെ നല്കുന്ന ആത്മതത്വം അവരെ അനിർവ്വചനീയമായ ശക്തിയോടെ ആകർഷിച്ചുകൊണ്ടിരുന്നതിനാൽ അവരുടെ ദൃഷ്ടി മററു സ്ഥൂലവസ്തുക്കളിൽ ഉദാസീനമായേ പതിഞ്ഞുള്ളൂ. ഇന്നത്തെ ഭാരതീയരാകട്ടെ ഭൌതികവസ്തുക്കളുടെ പ്രലോഭനത്തിൽ മയങ്ങിയും ആദ്ധ്യാത്മികതത്വങ്ങളിൽ അവിശ്വാസം വളൎന്നു കുഴങ്ങിയും, മിശ്രവും അനുപദം അധോഗാമിയുമായ അനാശാസ്യജീവിതത്തിൽ അകപ്പെട്ടുപോയിരിക്കുന്നു! കഷ്ടംതന്നെ.

പുരാതനഭാരതീയരുടെ സാഹിത്യാദർശവും ആദ്ധ്യാത്മികംതന്നെയായിരുന്നു. കർമ്മകാണ്ഡം, ഉപാസനാകാണ്ഡം, ജ്ഞാനകാണ്ഡം എന്നീ മൂന്നു കാണ്ഡങ്ങളായി വേർതിരിക്കപ്പെട്ട വേദങ്ങളുടെയും വേദങ്ങളുടെ ഉപബൃംഹണത്തിന്നായി നിർമ്മിക്കപ്പെട്ട പുരാണേതിഹാസങ്ങളുടേയും ആദ്ധ്യാത്മികത്വം സർവ്വസമ്മതമാണ്; പിൻകാലത്തുണ്ടായിട്ടുള്ള കാവ്യശാഖയുടെ പരമലക്ഷ്യവും ആദ്ധ്യാത്മികംതന്നെയായിരുന്നു എന്ന ആശയമാണ് അല്പം ഉപപാദിക്കേണ്ടിയിരിക്കുന്നത്.

കാവ്യപ്രയോജനങ്ങളെ പരിഗണിക്കുന്ന പ്രകരണത്തിൽ 'കാന്താസമ്മിതതയോപദേശയുജേ' എന്നു പറഞ്ഞിട്ടുള്ള പ്രാചീനന്മാർ വേദങ്ങളിലേയും പുരാണേതിഹാസങ്ങളിലേയും കാവ്യങ്ങളിലേയും പ്രതിപാദ്യാംശം ഒന്നുതന്നെയാണെന്നും, പ്രതിപാദനരീതിയിൽ മാത്രമേ അവയ്ക്കു വ്യത്യാസമുള്ളുവെന്നും വിസ്പഷ്ടമായി പ്രകാശിപ്പിച്ചിരിക്കുന്നു.

കാവ്യങ്ങളിൽനിന്നുളവാകുന്ന ഹൃദയാഹ്ലാദം ബ്രഹ്മാനന്ദസഹോദരമാണെന്നു പ്രതിപാദിച്ചിട്ടുള്ള സാഹിത്യഗ്രന്ഥകാരന്മാർ കാവ്യങ്ങളുടെ ആധ്യാത്മികത്വത്തെയാണ് ആവൎത്തിച്ചുപറയുന്നതു്. "രസോ വൈ സഃ, രസംഹ്യേവായം ലബ്ധ്വാനന്ദീ ഭവതി" എന്ന തൈത്തിരിയോപനിഷത്തിലെ ബ്രഹ്മാനന്ദവാചകമായ 'രസ'ശബ്ദത്തെത്തന്നെ കാവ്യജന്യമായ ഹൃദയാഹ്ലാദത്തിനും പൎയ്യായംപോലെ അംഗീകരിച്ചിട്ടുള്ളതും മുൻപ്രസ്താവിച്ചതിന്നനുകൂലമാണ്.

ഇതിന്നുംപുറമെ ഭാരതീയരായ കാവ്യവിമൎശകന്മാരിൽ പ്രഥമസ്ഥാനം വഹിക്കുന്ന ധ്വനികാരനും കാവ്യത്തിന്റെ പരമപ്രയോജനം ആദ്ധ്യാത്മികമായ സംസ്കാരമാണെന്നഭിപ്രായപ്പെടുന്നതായി അനുമാനിക്കാം. വിനേയന്മാരെ—വിദ്യാശിക്ഷണംകൊണ്ടു സംസ്കരിക്കപ്പെടേണ്ടവരെ—ഉന്മുഖീകരിപ്പാനായി വിരുദ്ധങ്ങളായ രസങ്ങളെപ്പോലും കാവ്യത്തിൽ നിബന്ധിക്കുന്നതു ദോഷമല്ലെന്നുള്ള തത്വത്തെ ഉദാഹരിപ്പാൻ ധ്വനികാരൻ താഴെ ചേൎക്കുന്ന ശ്ലോകത്തെ ഉപന്യസിച്ചിരിക്കുന്നു:

'സത്യം മനോരമാ രാമാസത്യം രമ്യാ വിഭൂതയഃകിംതുമത്താംഗനാ പാംഗഭംഗിലോലം ഹി ജീവിതമ്'

പ്രപഞ്ചത്തിന്റെ ക്ഷണികതാബോധത്തിൽനിന്നുണ്ടാകേണ്ടതായ ശമത്തെ ദൃഢപ്പെടുത്തുവാൻവേണ്ടി വിഷയാസക്തന്മാൎക്കു സുഗമമായ ശൃംഗാരരസസാമഗ്രിയെയാണ് ഇവിടെ ദൃഷ്ടാന്തമായി നിബന്ധിച്ചിരിക്കുന്നതു്. ഈ ഉദാഹരണത്തിൽനിന്നു് അലങ്കാരശാസ്ത്രത്തിലെ ഉദാഹാൎയ്യതത്വത്തിന്നുപുറമെ ജീവിതാദൎശത്തെക്കുറിച്ചുള്ള ഒരു തത്വസൂചനയും നമുക്കു സിദ്ധിക്കുന്നു. എന്തെന്നാൽ ശമംതന്നെയാണു യഥാൎത്ഥമായ മനസ്സംസ്കാരം. അതിന്നു ഗൃദ്ധജിഹ്വികാന്യായേന വിഷയാസക്തന്മാരിൽ ഉപകരിക്കുന്നതുകൊണ്ടാണു ശൃംഗാരത്തിന്നു പ്രാശസ്ത്യംവന്നുപോയതു്. ശൃംഗാരത്തെ പ്രധാനരസമായി കല്പിച്ചു പ്രബന്ധങ്ങൾ നിൎമ്മിച്ചിട്ടുള്ള കവികളുടെ പരമോദ്ദേശം വിഷയാസക്തിയെ വൎദ്ധിപ്പിക്കുകയല്ല. വിഷയാസക്തന്മാരായ സാധാരണജനങ്ങൾക്കു രുചിക്കുന്ന രീതിയിൽ അവരെ ആകൎഷിച്ചു് ആദ്ധ്യാത്മികസംസ്കാരം നല്കുകയാണ്.

അധികഭാഗങ്ങളിലും കാവ്യച്ഛായയുള്ള ഭാരതീയരുടെ രണ്ടു പ്രധാനേതിഹാസഗ്രന്ഥങ്ങൾ—മഹാഭാരതവും രാമായണവും—ശമത്തെയാണു പ്രധാനമായി ഉദ്ദേശിച്ചിട്ടുള്ളതെന്നും ധ്വനികാരൻ പറയുന്നു. മഹാഭാരതത്തിലെ അംഗിയായ രസംതന്നെ ശാന്തമാണ്. ഇക്കാണുന്ന പ്രപഞ്ചമാസകലം ക്ഷണികമാണെന്നും ഈശ്വരൻ മാത്രമേ ശാശ്വതനായിരിക്കുന്നുള്ളുവെന്നും പ്രധാനമായി ഉപദേശിപ്പാനാണു കുരുപാണ്ഡവ

വംശങ്ങളുടെ കഥാവിസ്താരം മുഴുവനും നിബന്ധിച്ചിട്ടുള്ളതു്. വേടന്റെ കൂരമ്പുകൊണ്ട ക്രൌഞ്ചപക്ഷിയെക്കണ്ടുണ്ടായ കരുണത്തിൽനിന്നുദിച്ചു സീതാപരിത്യാഗമാകുന്ന കരുണവൃത്താന്തത്തിലസ്തമിക്കുന്ന രാമായണം കരുണരസപ്രധാനവും തന്മൂലമായി ശമത്തിലേയ്ക്കു വഴികാണിപ്പാനുതകുന്നതുമാണു്. ഇങ്ങനെ മററുള്ള പുരാണേതിഹാസങ്ങളും ശമത്തെ ലക്ഷ്യമാക്കി നിർമ്മിക്കപ്പെട്ടവയാണെന്നു കാണാവുന്നതാകുന്നു.

മദ്ധ്യകാലത്തുണ്ടായ മഹാകാവ്യങ്ങളുടേയും പരമോദ്ദേശ്യം ആദ്ധ്യാത്മികസംസ്കാരം തന്നെയായിരുന്നു. കാളിദാസർ, ഭവഭൂതി തുടങ്ങിയുള്ള മഹാകവികളുടെ കൃതികളിൽ ആദ്ധ്യാത്മികതത്വം അനുസ്യൂതമായി പ്രവഹിക്കുന്നുണ്ടു്. എന്നാൽ ജനങ്ങളുടെ രുചിഭേദത്തെമാത്രം ആശ്രയിച്ചു പിൻകാലത്തുണ്ടായ ചില കവികൾ പരമോദ്ദേശം മറന്നു 'രംഗം നോക്കി ചെല്ലിയാടുക' കാരണം ചില അല്ലെങ്കിൽ പല കാവ്യാഭാസങ്ങളും സംസ്കൃതസാഹിത്യത്തിൽ ഉണ്ടായിട്ടില്ലെന്നു പറഞ്ഞുകൂടാ. 'കലകൾ കലകൾക്കുവേണ്ടി മാത്രം' എന്ന സിദ്ധാന്തത്തെ അവലംബിച്ചു് ഇവയേയും കാവ്യകോടിയിൽ ഗണിച്ചു സാധൂകരിക്കാമെന്നുള്ള സംഗതി വേറെ. സദാചാരനിഷ്ഠയും ആദ്ധ്യാത്മികസംസ്കാരവുമാണു കാവ്യോദ്ദേശമെന്ന ഭാരതീയസിദ്ധാന്തം ഈ കാവ്യാഭാസങ്ങളെ അനുമോദിക്കയില്ലതന്നെ.

ശാന്തരസംതന്നെയാണു രസങ്ങളിൽവെച്ചു രാജാവെന്നു സ്ഥാപിക്കുന്ന ലോചനകാരനും—ധ്വന്യാലോകത്തിന്റെ വ്യാഖ്യാതാവും—സാഹിത്യത്തിന്റെ ശമപരമായ ലക്ഷ്യത്തെ ആദരിച്ചിരിക്കുന്നു. എല്ലാ വിദ്യാഭ്യാസങ്ങളുടേയും പരമപ്രയോജനം ശാന്തിയാണെന്നു ഭാരതീയർ ദൃഢമായി ധരിച്ചിരുന്നു.

'യച്ച കാമസുഖം ലോകേ യച്ചദിവ്യം മഹൽസുഖമ്
തൃഷ്ണാക്ഷയസുഖസ്യൈതേ നാർഹതഃ ഷോഡശീം കലാമ്.'

എന്നതു് അവരുടെ മുദ്രാവാക്യമായിരുന്നു. പ്രപഞ്ചത്തിന്റെ ക്ഷണികതയും പൌരുഷത്തിന്റെ ക്ഷുദ്രതയും അനുഭവിച്ചറിഞ്ഞു മനസ്സു ശാന്തിപരമായി ചമയുമ്പോഴല്ലാതെ സുഖം സിദ്ധിക്കുന്നതല്ല.

ധ്വനികാരൻ മറെറാരു പ്രകരണത്തിൽ ഉദാഹരിപ്പാനുദ്ധരിക്കുന്ന താഴെ ചേർക്കുന്ന പദ്യം ഭാരതീയഹൃദയത്തിന്റെ ഉള്ളടക്കം മുഴുവനും പ്രതിഫലിപ്പിച്ചു കാണിക്കുന്നതാണു്.

"യാ വ്യാപാരവതീ രസാൻ രസയിതും
കാചിൽ കവീനാം നവാ
ദൃഷ്ടിഃ, യാ പരിനിഷ്ഠിതാർത്ഥവിഷയോ-
ന്മേഷാ ച വൈപശ്ചിതീ।

തേ ദ്വേ അപ്യവലമ്ബ്യ വിശ്വമനിശം
നിർവ്വർണ്ണയന്തോ വയം
ശ്രാന്താ, നൈവച ലബ്ധമബ്ധിശയന,
ത്വദ്ഭക്തതുല്യം സുഖം॥"

സംസ്കൃതസാഹിത്യത്തിൽ അവതരിച്ചിട്ടുള്ള ഒന്നാന്തരം പദ്യങ്ങളിൽ ഒന്നാണിതു്. കവി സകല വിധങ്ങളായ നിർമ്മിതിശക്തികളേയും ഇവിടെ രണ്ടായി വിഭജിച്ചിരിക്കുന്നു. വികാരപ്രധാനമായ ഹൃദയത്തിൽനിന്നു പ്രവഹിക്കുന്ന കവിതാശക്തി ഒന്നു്; ആലോചനപ്രധാനമായ ബുദ്ധിയിൽനിന്നു പ്രവഹിക്കുന്ന ദർശനശക്തി മറെറാന്നു്. ആദ്യത്തെ ശക്തിയുള്ളവരെ കവികളെന്നു സാധാരണയായി പറഞ്ഞുവരുന്നു. രണ്ടാമത്തെ ശക്തിയുടെ വാസഗൃഹമാണു ദാർശനികന്മാർ. "ഈ രണ്ടു ശക്തികളുടേയും ഫലമായി ഇതുനാൾവരെ ഉണ്ടായിട്ടുള്ള കാവ്യങ്ങളും ശാസ്ത്രങ്ങളും ആസ്വദിക്കയും ആരാഞ്ഞറികയും ചെയ്തു രാപ്പകലെന്നിയെ ലോകത്തെയാസകലം വിശകലനം ചെയ്തു ചെയ്തു ഞാൻ തളൎന്നുവെന്നല്ലാതെ, സ്വാമിൻ, അവിടുത്തെ ഭക്തിയിലുള്ള സുഖത്തിനു തുല്യമായ സുഖത്തെപ്പോലും ഈ രണ്ടുമാർഗ്ഗത്തിലും കണ്ടെത്തുകയുണ്ടായില്ല." ശമപ്രധാനമായ ഭക്തന്റെ വാക്യമാണിതു്. ഇതാണു യഥാർത്ഥഭാരതീയന്റെ ഹൃദയസംസ്കാരം. ഈ ഹൃദയസംസ്കാരത്തിനു സാക്ഷാത്തായൊ പരമ്പരയായൊ ഉപകരിക്കാത്ത കാവ്യം കാവ്യമല്ല. വിദ്യ വിദ്യയുമല്ല.

ഇത്രയും ഉൽകൃഷ്ടമായ സാഹിത്യാദർശത്തെ മുൻനിറുത്തിയും കൊണ്ടാണു പ്രാചീനഭാരതീയർ പരിശ്രമിച്ചിരുന്നതു്. അതിന്റെ തത്ത്വം ധരിച്ചിട്ടുള്ളവർകൂടി ഇപ്പോൾ അപൂർവ്വമായിരിക്കുന്നു. തന്റെ സർവ്വകലാശാലയ്ക്കു 'ശാന്തിനികേതനം' എന്നു നാമകരണം ചെയ്ത ആ കവിദാർശികൻ—ആ ഭാരതീയരുടെ മാതൃകാപുരുഷൻ—ആ കലിയുഗവ്യാസൻ—ഭാരതമാതാവിന്റെ ഉത്തമസന്താനം—പുണ്യശ്ലോകനായ ടാഗോർ വഴിക്കു രണ്ടാമതും ഭാരതീയസാഹിത്യാദർശത്തിനു നവജീവിതം ലഭിക്കുമായിരിക്കാം. ആത്മാവെന്നപോലെതന്നെ ആധ്യാത്മികസംസ്കാരം ശാശ്വതവും ദേശകാലങ്ങളാൽ അനിയന്ത്രിതവുമാണല്ലൊ. അതിനുള്ള രാജമാർഗ്ഗം ഒരുകാലത്തും തീരെ കാന്താരകല്പമായിപ്പോവാൻ പാടുള്ളതല്ല.

ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ.

21 JUL 1934
MADRAS

# കലകളുടെ പരസ്പരബന്ധം

[ഡി പത്മനാഭനുണ്ണി എം. എ.]

ലോകത്തിലുള്ള സകല ജീവികളിലുംവെച്ചു മനുഷ്യന്നു് അധികം ശ്രേഷ്ഠത കല്പിക്കുന്നതിനുള്ള പ്രധാനകാരണങ്ങളിൽ ഒന്നു് അവന്റെ സൌന്ദര്യബോധമാകുന്നു. മയിൽ, ചമരി, ഉത്തരായനപ്പക്ഷി മുതലായ ചുരുക്കം ചില ജീവികൾ സ്വശരീരസൗന്ദര്യത്തിൽ ബോധവും, അഭിമാനവും ഉള്ളവയാണെങ്കിലും, അവയ്ക്കു് മനുഷ്യനേപ്പോലെ സർവതോമുഖമായ സൗന്ദര്യബോധം ഇല്ലെന്നുള്ളതു തീർച്ചതന്നെ. ചില ജന്തുക്കൾക്കും തങ്ങളുടെ വാസസ്ഥലം ശുചിയും, ഭംഗിയും ഉള്ളതായിരിക്കണമെന്നു നിർബ്ബന്ധമുണ്ടു്. എന്നാൽ അതു് അവയുടെ ആരോഗ്യസംരക്ഷണത്തിനുവേണ്ടി പ്രകൃതിദത്തമായ വാസനയിൽനിന്നും ഉത്ഭവിക്കുന്നതല്ലാതെ, അവയ്ക്കുള്ള സൗന്ദര്യബോധത്തിന്റെ ഫലമല്ല. മനുഷ്യനാകട്ടെ, തന്റെ സകല പ്രവൃത്തികളിലും സൗന്ദര്യം കാണണമെന്നുള്ള ഒരു തീഷ്ണവിചാരത്തോടുകൂടിയവനാണു്. വീടുകൾ പണിയിക്കുന്നതിലും, പാത്രങ്ങൾ ഉണ്ടാക്കുന്നതിലും, ആയുധങ്ങളും, മററുപകരണങ്ങളും സംഭരിക്കുന്നതിലും, മനുഷ്യൻ തന്റെ സൗന്ദര്യബോധം വെളിപ്പെടുത്തുന്നു. ഇവക്കെല്ലാം ഉപയോഗത്തേ അതിശയിച്ചും, ചിലപ്പോൾ അതു കേവലം വിസ്മരിച്ചും, ഭംഗിയുണ്ടാക്കുന്നതിനു് മനുഷ്യൻ അളവററ പരിശ്രമം ചെയ്തു പോരുന്നു. ഇന്നു ലോകത്തിൽക്കാണുന്ന മനുഷ്യയത്നങ്ങളിൽ ഒരു വലിയ ഭാഗം ഈ സൗന്ദര്യബോധത്തിൽനിന്നു് ഉണ്ടാകുന്നതാണു്. ഈ ഒരു വിചാരത്തിന്റെ അഭാവത്തിൽ മനുഷ്യൻ കേവലം മൃഗമായിത്തീരുന്നു.

സുകുമാരകലകൾ തദുപാസകന്മാരുടെ ആഭ്യന്തരമായ സൗന്ദര്യബോധത്തിന്റെ പ്രകടനങ്ങളാകുന്നു. അവ മനുഷ്യർക്കുപയോഗമുള്ള വസ്തുക്കളിലും, ഉപകരണങ്ങളിലും, മററും പ്രതിബിംബിച്ചു പ്രത്യക്ഷീഭവിക്കുമ്പോൾ അവയെ ഉപയോഗകലകളെന്നും, യാതൊരുപയോഗവും കൂടാതെ ഇന്ദ്രിയദ്വാരാ ഹൃദയത്തിനു് ആനന്ദം നൽകുന്നുവെങ്കിൽ അവയെ സുകുമാരകലകളെന്നും വിളിച്ചുവരുന്നു. വീടുകൾ, ആയുധങ്ങൾ, ആഭരണങ്ങൾ മുതലായവയിലെല്ലാം മനുഷ്യന്റെ സൗന്ദര്യബോധത്തിന്റേയും, തന്നിമിത്തം സുകുമാരകലകളുടേയും അംശം കാണുന്നുണ്ടെങ്കിലും, അവയുടെ പ്രധാനഭാഗം ഉപയോഗത്തെ മാത്രം ആസ്പദമാക്കിയിരിക്കുന്നതുകൊണ്ടു് തച്ചുശാസ്ത്രം, ധനവിദ്യ മുതലായവ ഉപയോഗകലകളിൽ ഉൾപ്പെടുന്നു. ശില്പവിദ്യ, ചിത്രമെഴുത്തു്, സംഗീതം, സാഹിത്യം എന്നിവ സുകുമാരകലകളാകുന്നു.

സുകുമാരകലകൾക്കെല്ലാം ഒരു സാധാരണധൎമ്മമുണ്ട്. അവ ആദ്ധ്യാത്മികങ്ങളാകുന്നു. തന്നിമിത്തം അവയിൽ ഓരോന്നും ഭൗതിക പദാൎത്ഥങ്ങളോട് എത്രമേൽ അകന്നു നില്ക്കുന്നുവോ, അത്രയും കൂടുതൽ മാഹാത്മ്യമുള്ളതായി ഗണിക്കപ്പെട്ടുവരുന്നു. കൊത്തുപണിക്കു നീളം, വീതി, ഘനം, എന്നീ മൂന്നു പരിമാണങ്ങളോടുകൂടിയ ഒരു പദാൎത്ഥം ആവശ്യമാണ്. ചിത്രമെഴുത്തിനാകട്ടെ, നീളവും, വീതിയുമുള്ള ഒരു യവനിക മതി. അതിനാൽ ചിത്രമെഴുത്ത്, കൊത്തുപണിയേക്കാൾ ഉൽകൃഷ്ടമാകുന്നു. സംഗീതത്തിന് ഇപ്രകാരമുള്ള ഒരു വസ്തുവിൻെറ ആവശ്യമില്ലാ. അതുകൊണ്ട് സംഗീതം ചിത്രമെഴുത്തിനേക്കാൾ ശ്രേഷ്ഠമാണ്. എന്നാൽ സംഗീതത്തിന്നു ശബ്ദം ആവശ്യമാണ്. സാഹിത്യത്തിനാകട്ടെ, ഇങ്ങനേയുള്ള ഭൗതികപദാൎത്ഥങ്ങളുടെ ആവശ്യമേ ഇല്ല. അവിടെ നാം ചില അടയാളങ്ങളായ ലിപികൾ മാത്രമേ കാണുന്നുള്ളു. അതിനാൽ സുകുമാരകലകളിൽ പ്രഥമസ്ഥാനം സാഹിത്യത്തിനാണ്.

കലകളെല്ലാം വികാരദ്യോതകങ്ങളാകുന്നു. ശില്പിയും, ചിത്രകാരനും യഥാക്രമം കൊത്തുകയും, വരക്കുകയും ചെയ്യുന്ന രൂപങ്ങളിൽ പ്രകടിപ്പിക്കുന്ന ഭാവഭേദങ്ങൾ പ്രേക്ഷകന്മാരുടെ മനസ്സിൽ ചില പ്രത്യേകവികാരങ്ങളെ ജനിപ്പിക്കുകയും, അതിൽനിന്നും അവർ ആഹ്ലാദം അനുഭവിക്കുകയും ചെയ്യുന്നു. സാഹിത്യം രസാത്മകമായ വാക്യമാകകൊണ്ട് അതു വികാരപരമാണോ എന്നു ചോദിക്കേണ്ടതില്ല. സംഗീതത്തിനും അളവററ വികാരദ്യോതകശക്തിയുണ്ട്. ഈ വിഷയത്തെപ്പററി പ്രസിദ്ധഗായകനായ ശ്രീമാൻ ടി. ലക്ഷ്മണൻപിള്ള അവർകൾ ഇപ്രകാരം പറയുന്നു: "തോടിയും, ഭൈരവിയും ഉന്നതസ്ഥാനാനുരൂപങ്ങളായ ആഡംബരങ്ങളോടുകൂടി ഘോഷയാത്ര ചെയ്യുന്ന ഒരു മഹാരാജാവിനേപ്പോലെ ഉജ്ജ്വലങ്ങളാകുന്നു. അവ ഗൗരവസമ്പൂൎണ്ണവും, മനോഹരവുമായ ഒരു ദൎശനത്തിൻെറ സ്മരണയെ ഉണ്ടാക്കുന്നു. പുന്നാഗവരാളി അന്യായമായ സ്ഥാനഭ്രംശം അനുഭവിക്കുന്ന ഒരു മഹാരാജാവിനേപ്പോലെ ശോകപരിപൂൎണ്ണമാകുന്നു. ഗീൎവാണിയും, വാസന്തിയും, ഏകാന്തമായ ഒരു വനാന്തരത്തിലോ, പൎവ്വതപ്രദേശത്തോ, ബ്രഹ്മാണ്ഡകടാഹത്തിൻെറ സൗന്ദൎയ്യത്തെപ്പററി അവധാനപൂൎവ്വം ചിന്തിച്ചുകൊണ്ടിരിക്കുന്ന ഒരു മഹൎഷിയെപ്പോലെ പ്രശാന്തവും ഗംഭീരവുമായിരിക്കുന്നു. മോഹനവും, പൂൎവ്വകല്യാണിയും ശ്യാമളദളങ്ങളുടെ മദ്ധ്യത്തിൽ മന്ദമന്ദം വികസിച്ചുവരുന്ന പനിനീർച്ചെമ്പകപ്പൂപോലെ, സ്വസൗന്ദൎയ്യത്തിൻെറ ആകൎഷണശക്തിയേപ്പററി പൂൎണ്ണബോദ്ധ്യത്തോടുകൂടിയാണെങ്കിലും, ലജ്ജകൊണ്ടു സ്വാനുരാഗം മറച്ചുവെയ്ക്കുന്ന ഒരു കന്യകയ്ക്കു തുല്യമാകുന്നു. ശാന്തവും, ചിന്താകുലവുമായ നാദനാമക്രിയ സ്വശിഷ്യവൎഗ്ഗത്തോട്

ത്വശാസ്ത്രത്തിൻെറ അഗാധദൎശനങ്ങളേപ്പററി പ്രസംഗിച്ചുകൊണ്ടു നില്ക്കുന്ന സാക്രിട്ടിസ്സിനേയൊ, പ്ലേറോവിനേയൊപോലെ പ്രത്യക്ഷപ്പെടുന്നു. നീലാംബരിയും, യദുകുലാംബോദിയും ഭക്തിയോടും, വിനയത്തോടുംകൂടി ഈശ്വരസന്നിധിയിൽ പ്രാൎത്ഥിച്ചും, കണ്ണുനീരൊലിപ്പിച്ചും നില്ക്കുന്ന ഒരു യഥാൎത്ഥഭക്തനേപ്പോലെ മൃദുലമായ ഭക്തിയാൽ ആത്മാവിനെ ശമിപ്പിക്കുന്നു. ഇങ്ങനെ ഓരോ രാഗവും അതാതിനു നൈസൎഗ്ഗികമായ മന്ദസ്മിതം, അശ്രുകണം, ഉത്തമവും ഉൽകൃഷ്ടവുമായ പ്രേരണ മുതലായവയോടുകൂടി ആഗമിക്കുകയും, നിൎഗ്ഗമിക്കുകയും ചെയ്തിട്ടു ശ്രോതാക്കളുടെ ഹൃദയം അവയുടെ ലാഞ്ഛനകളു വിഷയവും, വികാരപരവശവുമാക്കിത്തീൎക്കുന്നു.

ശില്പവിദ്യയ്ക്കും, ചിത്രമെഴുത്തിനും തമ്മിലുള്ള ബന്ധം നമുക്കു ദൃഷ്ടിഗോചരമാണ്. അവ ഒരേ ആശയത്തിൻെറ രണ്ടുവിധത്തിലുള്ള പ്രകടനങ്ങളാകുന്നു. സംഗീതം നമ്മുടെ ഭൗതികചക്ഷുസ്സുകൾക്കു വിഷയമല്ലെങ്കിലും, അതിനു ചിത്രമെഴുത്തിനോടു സാമ്യമുണ്ട്. ചിത്രത്തിലെ ഛായത്തിൻെറ സ്ഥാനമാണു സംഗീതത്തിൽ സ്വരത്തിനുള്ളതു്. രാഗങ്ങളേത്തന്നെ ചില ദേശങ്ങളിൽ ചിത്രീകരിക്കുന്നുണ്ട്. പ്രകാശമാനമായ മദ്ധ്യാഹ്നത്തിൽ ഒരു മൈതാനത്തിൽനിന്നു പുല്ലുതിന്നുന്ന മാൻകൂട്ടത്തെ തൻെറ വീണവായനകൊണ്ട് ആകൎഷിക്കുന്ന അപ്സരകന്യകയായിട്ടാണു തോടിരാഗത്തിൻെറ സ്വരൂപം കാണിച്ചിരിക്കുന്നതു്. അതുപോലെ പല രാഗങ്ങളുടേയും ചിത്രം വരച്ചിട്ടുണ്ട്.

സാഹിത്യം ചിത്രസങ്കേതമാകുന്നു. സംഗീതംപോലെ അതും നമ്മുടെ ഭൗതികചക്ഷുസ്സിനു വിധേയമല്ല. ഒരു ചിത്രകാരൻ തൂലികകൊണ്ടു സംസാരിക്കുകയും കവി, വാക്കുകൊണ്ടു ചിത്രമെഴുതുകയുമാണു ചെയ്യുന്നതെന്ന് ഒരു പാശ്ചാത്യപണ്ഡിതൻ പറഞ്ഞിട്ടുണ്ട്. യഥാൎത്ഥത്തിൽ കവിയുടെ വൎണ്ണനകളെല്ലാം ചിത്രങ്ങളാണ്. അവക്കു ഛായവും യവനികയും ആവശ്യമില്ല. അവ ബാഹ്യസ്വരൂപത്തെ മാത്രമല്ല, ആഭ്യന്തരവികാരങ്ങളേയും ചിത്രീകരിക്കുന്നു. അവക്കു പദ്യമെന്നും ഗദ്യമെന്നുമുള്ള വ്യത്യാസവുമില്ല. മഹാഭാരതത്തിലെ ശൎമ്മിഷ്ഠയേയും ശ്രീകൃഷ്ണനേയുംപോലെതന്നെ ഇന്ദുലേഖയിലെ സൂരിനമ്പൂരിപ്പാടും, ശാരദയിലെ വൈത്തിപ്പട്ടരും മററും നമ്മുടെ മുമ്പിൽ പ്രത്യക്ഷമാകുന്നു.

സരസ്വതിയുടെ സൂനദ്വയങ്ങളെന്നു പറയപ്പെടുന്ന സംഗീതസാഹിത്യങ്ങൾ തമ്മിൽ ഉള്ള പരസ്പരബന്ധം അത്യന്തം ദൃഢവും, പ്രത്യക്ഷവുമാണ്. ദ്രാവിഡഭാഷാപദങ്ങളിൽ സംഗീതസ്പൎശമില്ലാത്ത വളല്ലെന്നുതന്നെ പറയാം. സംഗീതം പഞ്ചാബിൽ ജനിക്കുകയും, ബംഗാളിൽ വളരുകയും, ദക്ഷിണഖണ്ഡത്തിൽ അഭിവൃദ്ധിയും ഉന്മേഷവും പൂണ്ടു

യൗവനദശയെ പ്രാപിക്കുകയും, ഐക്യസംസ്ഥാനങ്ങളിൽ അന്തരിച്ചു പോകുകയും ചെയ്യുതായി ഒരു പഴഞ്ചൊല്ലുണ്ട്. ദാക്ഷിണാത്യന്മാക്കാണ് സംഗീതത്തിൽ അധികം പാണ്ഡിത്യമെന്ന് ഇതിൽനിന്നും മനസ്സിലാക്കാം. അവരുടെ സാഹിത്യവും സംഗീതനിബദ്ധമാണ്.

സാഹിത്യത്തിൽ സംഗീതം സശബ്ദമെന്നും, നിശ്ശബ്ദമെന്നും രണ്ടുവിധത്തിലുണ്ട്. ശബ്ദചമല്ക്കാരംകൊണ്ടു സാഹിത്യത്തിനുണ്ടാകുന്ന ഹൃദയംഗമത്വം സശബ്ദസംഗീതത്തിനുദാഹരണമാണ്. നിശ്ശബ്ദസംഗീതം എന്നു പറയുമ്പോൾ അതു നിർജ്ജലസമുദ്രം, നിരൂഷ്മവഹ്നി മുതലായവയേപ്പോലെ അസംഗതമായതോന്നാമെങ്കിലും, സാഹിത്യത്തിൽ അങ്ങനെ ഒന്നുണ്ടെന്നു സമ്മതിച്ചേ തീരു. ഈ സംഗീതം ശബ്ദഭംഗിയേയൊ, പ്രാസത്തെയോ, വൃത്തത്തേയൊ ആശ്രയിച്ചല്ലാ നില്ക്കുന്നതു്. സശബ്ദസംഗീതംപോലെ അതു കണ്ണദ്വാരങ്ങളിൽക്കൂടി മനസ്സിൽ പ്രവേശിക്കുന്നുമില്ല. അതു് ആദ്യമായി വായനക്കാരന്റെ ഹൃദയത്തിൽ കടന്നു വികാരപരമ്പരകളെ ഇളക്കി അവയുടെ വീചീമാർഗ്ഗങ്ങളിൽക്കൂടി ശ്രോത്രങ്ങളിൽ പ്രവേശിച്ചു കേൾക്കുന്നതുപോലെയുള്ള ഒരു അനുഭവം ഉല്പാദിപ്പിക്കുന്നു. ചിലപ്പോൾ അതു് അർത്ഥത്തെപ്പോലും ആശ്രയിക്കുന്നില്ലെന്നുവന്നേക്കാം.

"ഹരസ്തു കിഞ്ചിൽ പരവൃത്തധൈര്യ-
ശ്ചന്ദ്രോദമാരംഭ ഇവാംബുരാശി
ഉമാമുഖേ ബിംബഫലാധരോഷ്ഠേ
വ്യാപാരമാമാസവിലോചനാതി"

എന്ന കാളിദാസശ്ലോകത്തിന്

ചന്ദ്രോദയം പാർത്തഴമാഴിപോലെ-
യന്നേരമുള്ളൊന്നു ചലിച്ചൊരീശൻ
പാരിച്ചബിംബാധരകാന്തികോലും
ഗൗരീമുഖം കണ്ണുകളാൽ നുകന്നാൽ.

എന്നും,

ഉടൻ മൃഡൻ ചന്ദ്രനുദിച്ചു കണ്ട-
കടൽപ്പടിക്കുള്ളൊരു തെല്ലലഞ്ഞോൻ
മൊടിത്തുടുപ്പേറമുമാമുഖത്തു
നടത്തിനേരെ നയനങ്ങൾ മൂന്നും.

എന്നും ഉള്ള രണ്ടു ഭാഷാവിവർത്തനങ്ങളിൽ രണ്ടാമത്തേതു് പ്രാസക്കൊഴുപ്പും, മൂലത്തോടു് കൂടുതൽ യോജിപ്പും ഉള്ളതാണെങ്കിലും, സംഗീതസ്പർശമില്ലാത്തതും, ആദ്യത്തേതു് സംഗീതം തുളുമ്പിനില്ക്കുന്നതും

ആകുന്നു. അതിനാൽ നിശ്ശബ്ദസംഗീതത്തിനാശ്രയം വൃത്തമല്ല; പ്രാസമല്ല; അർത്ഥവുമല്ല. അതു് സ്വധർമ്മമർമ്മജ്ഞനായ ഒരു കവി ഔചിത്യബോധത്തോടുകൂടി യഥാസ്ഥാനങ്ങളിൽ പ്രയോഗിക്കുന്ന പദങ്ങൾക്കു് സഹൃദയൻെറ സങ്കല്പശക്തിയേ സ്പർശിക്കുന്നതിനുള്ള ശക്തിയേ ആശ്രയിച്ചാണു് നില്ക്കുന്നതു്.

അവസാനമായി, സുകുമാരകലകളുടെ എല്ലാം പരമമായ ധർമ്മം, ആനന്ദസന്ദായകത്വം ഒന്നു മാത്രമാണു്. ഇതേപ്പററിപ്പല അഭിപ്രായങ്ങളും, തെററിദ്ധാരണകളും, ഉണ്ടായിട്ടുണ്ടു്. അവയേ പരാമർശിച്ചു് ഈ ലേഖനം ദീർഘിപ്പിക്കുന്നില്ല.

സുകുമാരകലകളെല്ലാം മനുഷ്യൻെറ സൌന്ദര്യബോധത്തിൽ നിന്നും ഉത്ഭവിച്ചിട്ടുള്ളവയും, ഒരേ സാധാരണധർമ്മവും, ഒരേ പ്രയോജനവും, പരസ്പരസംബന്ധവും ഉള്ളവയും ആണെന്നു് ഇത്രയുംകൊണ്ടു തെളിയുന്നുണ്ടല്ലോ.

# സൌന്ദര്യം.*

[കെ. യം. പണിക്കർ, എം.ഏ. (ഓക്സൺ)]

എല്ലാം തളിർപ്പട്ടുടയാടയാൎന്നു
മെങ്ങുംമനോമോഹനഗീതിചേൎന്നും
മിഴിക്കെനിക്കുത്സവമായൊരിക്കൽ
മിന്നീ നിസർഗ്ഗോജ്വലമായവിശ്വം. ൧

അകാരണാനന്ദമിയന്നദൈവം
സ്മിതത്തിനാലൂഴിയെയാകമാനം
അനുഗ്രഹിച്ചൊക്കെയുമോണമാക്കി
ത്തീൎത്തെന്നു ഞാനന്നു നിനച്ചിരുന്നു. ൨

തളിൎത്തുനിൽക്കുന്ന ചെടിപ്പടപ്പിൽ
തത്തിക്കളിക്കുന്ന കിളിക്കിടാങ്ങൾ
എങ്ങുംതുടങ്ങും കളഭാഷണങ്ങ-
ളെന്നുള്ളിലന്നാളുരുമോദമേകി. ൩

വിടൎന്നുനിൽക്കുന്നൊരു പൂക്കൾതമ്മിൽ
ചിരിച്ചു രാഗം വിതറിക്കളിച്ചു.
ഫലങ്ങളാൽ ചാഞ്ഞ മരങ്ങൾതമ്മിൽ
മന്ത്രിച്ചുനിത്യം സുഖവൎത്തമാനം. ൪

പ്രഭാതമോ നൂതനജീവിതംപോൽ
സ്മരിച്ചുഞാൻ സൽക്കൃതിചെയ്തുനിന്നു
ശ്രമാവഹം ജീവിതമെന്നതാരു
നിനച്ചു ദൈവം ചിരിപൂണ്ടുനിൽക്കെ! ൫

നിലാവുവെൺപട്ടണിയിച്ചപാടം,
സുഗന്ധമാൎന്നുള്ളൊരു വാതപോതം
അനന്തനിശ്ശബ്ദത, രാത്രിപോലും
മനോജ്ഞമായെന്നൊടു സല്ലപിച്ചു. ൬

മറന്നിതബ്ഭാഷ; തദീയസന്ധി-
സമാസബന്ധാദികൾ വിസ്മരിച്ചു

* 'ചിന്താഗതി' എന്ന ലഘുകാവ്യത്തിൽനിന്ന്.

നിഘണ്ടുവും കയ്യിഴവന്നു; കേട്ടാ-
ലറിഞ്ഞിടാത്തുള്ളൊരുമട്ടിലായി. ൭

സൌന്ദൎയ്യമെന്താണു? മനുഷ്യചിത്ത
വികാരഭേദങ്ങളൊഴിച്ചുവേറെ
ശബ്ദത്തിലും വാക്കിലുമെന്തുകാണ്മൂ
സ്വതന്ത്രമായ് ഭംഗി നിനച്ചിടുമ്പോൾ. ൮

ആലോചനാഹീനനു കാവ്യഭംഗി-
യില്ലില്ലനൂനം ബധിരന്നു ഗാനം.
കാണാത്തവന്നെന്തൊരു ചിത്രമുള്ളി-
ലല്ലോകലാഭംഗി നരന്നിരിപ്പൂ. ൯

നിരന്തരം മാറിമറിഞ്ഞു രൂപാ-
ന്തരം ഭവിപ്പോരു മനുഷ്യചിത്തം
സൌന്ദൎയ്യമേ, നിന്നെയനിത്യധൎമ്മ-
മായീഗ്ഗണിക്കുന്നതിലെന്തു ചിത്രം? ൧൦

# ദ്രാവിഡവൃത്തങ്ങളും സംസ്കൃതവൃത്തങ്ങളും.

[മഹാകവി, ഉള്ളൂർ].

മലയാളഭാഷയിൽ ദ്രാവിഡവൃത്തങ്ങളിലല്ലാതെ സംസ്കൃതവൃത്തങ്ങളിൽ കവനം ചെയ്യുന്നതു ശരിയല്ലെന്നു ഒരഭിപ്രായം ഈയിടയ്ക്കു പ്രചരിച്ചുതുടങ്ങിയിരിക്കുന്നു. ഇതിന്റെ സാധുത്വത്തെപ്പററി നിഷ്പക്ഷമായി വിചിന്തനം ചെയ്യേണ്ടതു് ആവശ്യകമാണു്.

മലയാളം ദ്രാവിഡവർഗ്ഗത്തിൽ പെട്ട ഒരു ഭാഷയാകയാൽ ദ്രാവിഡവൃത്തങ്ങൾക്കു മലയാളഭാഷാകാവ്യങ്ങളിൽ അവ അർഹിക്കുന്ന അഗ്രിമസ്ഥാനം ലഭിക്കേണ്ടതാണെന്നുള്ളതിനെപ്പററി ആർക്കും വിവാദമില്ല; ആശയങ്ങളുടെ അപ്രതിഹതമായ പ്രവാഹത്തിനു് അധികമുതകുന്നതു ഈവക വൃത്തങ്ങളാണെന്നുള്ളതും അനുഭവസിദ്ധംതന്നെ. എഴുത്തച്ഛൻ കുഞ്ചൻനമ്പിയാർ, കോട്ടയത്തു കേരളവർമ്മതമ്പുരാൻ, ഉണ്ണായി വാരിയർ തുടങ്ങിയ പൂർവ്വ മഹാകവികൾ കിളിപ്പാട്ടുകളിൽ കേക, കാകളി, അന്നനട, കളകാഞ്ചി, ഈ വൃത്തങ്ങൾ പ്രധാനമായി സ്വീകരിച്ചു. മണികാഞ്ചി (പരമപുരുഷൻ മഹാമായതൻ വൈഭവം പറകയു മനാരതം കേൾക്കയും ചെയ്യില്ലൊ എന്നമട്ടു്) ദ്രുതകാകളി (പാനവൃത്തം) ഇത്യാദിവൃത്തങ്ങളും കിളിപ്പാട്ടുകളിൽ കാണ്മാനുണ്ടു്. ഗാഥാവൃത്തമായ മഞ്ജരി, വഞ്ചിപ്പാട്ടുവൃത്തമായ നതോന്നത ഇവയും ഭാഷയിൽ പ്രസിദ്ധങ്ങൾതന്നെ. തുള്ളൽപ്പാട്ടുകളിലെ വൃത്തങ്ങളെപ്പററി ഇവിടെ വിവരിക്കേണ്ട ആവശ്യമില്ല. ഇന്നു പ്രായേണ ഭാഷാകവികൾ ആശ്രയിക്കുന്ന ദ്രാവിഡവൃത്തങ്ങൾ മഞ്ജരിയും കേകയും, അവ കഴിഞ്ഞാൽ നതോന്നതയും ദ്രുതകാകളിയും, അവയ്ക്കു പിന്നിട്ടു് അന്നനടയും കാകളിയുമാകുന്നു. മററു ചില വൃത്തങ്ങൾക്കും ("ഇന്നലെച്ചെയ്തൊരബദ്ധം — മൂഢർ-ക്കിന്നത്തെ ആചാരമാവാം" "നരനായിങ്ങനെ ജനിച്ചു ഭൂമിയിൽ — നരകവാരിധി നടുവിൽ ഞാൻ" മുതലായമട്ടുകൾ) പ്രവേശമില്ലെന്നില്ല. പണ്ടു പ്രചുരപ്രചാരങ്ങളായിരുന്ന വൃത്തങ്ങളിൽ കേവലം ശബ്ദപ്രധാനമായി മാത്രമല്ലാതെ ശോഭവരുത്തുവാൻ പ്രയാസമുള്ള കളകാഞ്ചിയെ ആധുനികകവികൾ ആദരിക്കുന്നില്ല. ആകെക്കൂടി നോക്കുമ്പോൾ എല്ലാകവികളും പെരുമാറുന്ന ദ്രാവിഡവൃത്തങ്ങൾ ഇക്കാലത്തു എറെക്കവിഞ്ഞാൽ എട്ടോ പത്തോ മാത്രമേയുള്ളു എന്നു പറയേണ്ടതില്ലല്ലൊ.

രാമചരിതം മുതലായ പ്രാചീനഭാഷാകാവ്യങ്ങൾ പരിശോധിച്ചാൽ ആ കൃതികളുടെ പ്രണേതാക്കൾ അനന്തരകാലികന്മാരെക്കാൾ വളരെ അധികം ദ്രാവിഡവൃത്തങ്ങളിൽ കൈകാര്യംചെയ്തുകൊ

ണ്ടിരുന്നു എന്നു കാണാവുന്നതാണ്. ആവൃത്തങ്ങളിൽ ആധുനികക്കു സ്വീകാരയോഗ്യമായ പത്തുമുണ്ട്. നാലായിരം പ്രബന്ധം, പെരിയപുരാണം, തെവാരത്തിരട്ട്, കമ്പരാമായണം, ജീവകചിന്താമണി, വില്ലിഭാരതം മുതലായ തമിഴ് ഗ്രന്ഥങ്ങളിൽ മലയാളത്തിന്നിണങ്ങുന്ന അനേകം വൃത്തങ്ങൾ ഞാൻ കണ്ടിട്ടുണ്ട്. അവയെ ആധുനികപദ്യസാഹിത്യത്തിൽ സംക്രമിപ്പിക്കുന്നതു് ഒരു പ്രകാരത്തിലും അനാശാസ്യമാകുന്നതല്ല. ദ്രാവിഡഗോത്രത്തിൽ—പ്രത്യേകിച്ച തമിഴിൽ—നടപ്പിലിരിക്കുന്ന വൃത്തങ്ങളിൽ എതെല്ലാം മലയാളഭാഷയ്ക്കു യോജിക്കുമോ അവയെ പ്രയോഗപദ്ധതിയിൽ പ്രവേശിപ്പിക്കുന്നതിനു നാം മടിക്കേണ്ടതില്ല. അങ്ങനെ ചെയ്യുാൽ മാത്രമേ നമ്മുടെ ഭാഷാവൃത്തഭണ്ഡാരം അതിൻെറ ഇന്നത്തെ ദയനീയമായ ശോഷത്തിൽനിന്നു വിമുക്തമായി അതർഹിക്കുന്ന മാംസളതയെ പ്രാപിക്കുകയുള്ളു. അതല്ലാതെ ഇന്നു സ്വീകരിച്ചുകാണുന്ന എട്ടോപത്തോ വൃത്തങ്ങൾകൊണ്ടുമാത്രം കേരളീയർ തൃപ്തിപ്പെട്ടിരുന്നുകൊള്ളണമെന്നു വരുന്നതു് അവരുടെ ആത്മാഭിമാനത്തിനും ഉൽകർഷേച്ഛയ്ക്കും അശേഷം അനുയോജ്യമല്ല. പുതിയ വൃത്തങ്ങൾക്കു പൊതുജനസമ്മതി സിദ്ധിക്കുവാൻ കാലതാമസം വേണ്ടിവരുമെന്നു വിചാരിച്ചുമാത്രം കവികൾ അവരുടെ പരമമായ ലക്ഷ്യത്തിൽനിന്നു് ഒരിക്കലും പരാജിതരാകരുതു്.

നാം ഇപ്പോൾ പഴയരീതിയിലുള്ള ഈരടികൾ മാത്രമെ രചിക്കുന്നുള്ളു. ഇതും നമുക്ക് ഒരു പോരായ്മയായി നാം കരുതേണ്ടതാണ്. ഇംഗ്ലീഷിൽ സ്റ്റാൻസാ (Stanza) എന്നു പറയുന്ന പദ്യഖണ്ഡികാ സമ്പ്രദായം മലയാളത്തിൽ പല മാതിരിയിൽ ആവിർഭവിക്കേണ്ടിയിരിക്കുന്നു. എൻെറ ഭക്തിദീപിക ഈ ഉദ്ദേശത്തെ മുൻനിറുത്തി രചിച്ചിട്ടുള്ള ഒരു കാവ്യമാണ്. അതിൽ ശ്ലോകയിൽ ആറു "ഈരടികൾ" (പന്ത്രണ്ടുവരികൾ) ചേരുമ്പോൾ ഒരു ഖണ്ഡികയാകുന്നു. ഇംഗ്ലീഷിലുള്ള സൊണെററിനെ (Sonnet) അനുകരിച്ചു് എഴ് ഈരടികൾ തമ്മിൽ ഘടിപ്പിച്ചു മലയാളത്തിൽ ഈയിടയ്ക്കായി രചിച്ചുകാണുന്ന ഗീതകം എന്ന കാവ്യപ്രസ്ഥാനത്തിനു ശോഭനമായ ഒരു ഭാവിയുണ്ടെന്നുള്ളതിനു സംശയമില്ല. ഈ പ്രസ്ഥാനം ഇനിയും പല പരിഷ്കാരങ്ങൾക്കും വിധേയമാകുവാനുണ്ട്. നമുക്കു ഇക്കാലത്തും ദ്വിതീയാക്ഷരപ്രാസം നിശ്ശേഷം വർജ്ജിച്ചു ഓരോ ഈരടിയുടേയും അവസാനത്തിൽ സാർവ്വത്രികമായി വിരാമം വരുത്താതെയും വരികളുടെ മദ്ധ്യത്തിൽ സാക്ചുറാ (Cactura) എന്നു് ഇംഗ്ലീഷിൽ പറയുന്ന വൈവിധ്യത്തോടുകൂടിയുള്ള വിച്ഛിത്തിക്കു പഴുതു നല്കിയും ഒരു ബ്ലാങ്ക് വെഴ്സ് (Blankverse) അഥവാ നിഷ്പ്രാസ കാവ്യരീതിഭാഷയിൽ ഏർപ്പെടുത്തുവാൻ സാധിച്ചിട്ടില്ലല്ലൊ. ഈ വഴിക്കു ആരെങ്കിലും ഒന്നുറവ

പരിശ്രമിക്കേണ്ടതാണ്. പണ്ടത്തെക്കാലങ്ങളിൽ ഒരു പാട്ടിന്റെ അവസാനത്തിൽ മാത്രമേ സാധാരണമായി വിരാമമുണ്ടായിരുന്നുള്ളു. "യതിസ്സർവ്വത്രപാദാന്തേ ശ്ലോകാർദ്ധേതു വിശേഷതഃ ഇത്യാദിയത്യുപദേശങ്ങൾ" പിങ്ഗളാചാര്യന്റെ ഛന്ദശ്ശാസ്ത്രത്തിലും മററം കാണുന്നതു സംസ്കൃതത്തിന്റെ സമ്മർദ്ദം നിമിത്തം മലയാളഭാഷ കാലാന്തരത്തിൽ അംഗീകരിക്കേണ്ടതായി വന്നുകൂടി.

സംസ്കൃതം പദവിഷയത്തിലെന്നതുപോലെ വൃത്തവിഷയത്തിലും ദ്രാവിഡത്തിനു ധാരാളമായി കടപ്പെട്ടിട്ടുണ്ട്. ഈ തത്ത്വം ഞാൻ പല അവസരങ്ങളിൽ പ്രപഞ്ചനം ചെയ്തിട്ടുള്ളതാണ്. രാമായണം ഇരുപത്തിനാലുവൃത്തത്തിൽ കാണുന്ന ഓരോ വൃത്തവും ദ്രാവിഡവൃത്തമാകുന്നു. അവയിൽ ഇന്ദുവദന, കല്യാണി, മല്ലിക, മദനാർത്ത, പഞ്ചചാമരം മുതലായ വൃത്തങ്ങൾ പ്രസിദ്ധങ്ങളായ സംസ്കൃതകാവ്യങ്ങളിൽ വളരെ വിരളമാണെങ്കിലും പ്രവേശിച്ചിട്ടുണ്ട്: 'മാവിരതമാവിരതമൊഹരതബുദ്ധ്യാ' എന്ന ഇന്ദുവദനാപദ്യം മേൽപുത്തൂർ നാരായണഭട്ടതിരി നൃഗമോക്ഷം പ്രബന്ധത്തിൽ എഴുതിചേർത്തിരിക്കുന്നു. ഭട്ടതിരി നാരായണീയത്തിൽ രാസക്രീഡാഘട്ടത്തിലും മററം പൊടിപാററീട്ടുള്ള കുസുമമഞ്ജരിയെപ്പററി ഛന്ദശ്ശാസ്ത്രകാരനായ പിങ്ഗളമുനിയാകട്ടെ, വൃത്തരത്നാകരകാരനായ കേദാരഭട്ടനാകട്ടെ, മന്ദാരമരന്ദചമ്പൂകാരനായ ശ്രീകൃഷ്ണകവിയാകട്ടെ, വാണിഭൂഷണകാരനായ ദാമോദരമിശ്രനാകട്ടെ കേട്ടിട്ടുപോലുമില്ല. പിങ്ഗളൻ ഇരുപത്തൊന്നരക്ഷരമുള്ള പ്രകൃതി എന്ന ഛന്ദസ്സിൽ സ്രഗ്ദ്ധരയേയും, കേദാരഭട്ടനും ദാമോദരമിശ്രനും അതിനുപുറമെ മത്തവിലാസിനി എന്നും നരേന്ദ്രം എന്നും യഥാക്രമം ഓരോ വൃത്തത്തേയും മാത്രമേ അനുസ്മരിക്കുന്നുള്ളു. വൃത്തരത്നാവലിയിലാകട്ടെ കേരളീയനായ ഇലത്തൂർ രാമസ്വാമിശാസ്ത്രികൾ ആ ഛന്ദസ്സിൽ സ്രഗ്ദ്ധരാ അതിരുചിരാ, കുസുമമഞ്ജരി, തടിനീ, ശശിവദനാ, കുമുദിനീ, ഇങ്ങനെ ആറ വൃത്തങ്ങൾ പഠിക്കുന്നു. ഇന്ദുവദനയ്ക്കും കുസുമമഞ്ജരിക്കും മററം രാമചരിതത്തിൽ ധാരാളം പ്രവേശമുണ്ടെന്നുള്ളതു വായനക്കാർ ധരിച്ചിരിക്കുമല്ലൊ.

നമുക്കു ഭാഷയിൽനിന്നു സംസ്കൃതവൃത്തങ്ങളെ ആകമാനം ബഹിഷ്കരിക്കണമൊ എന്നാണ് അടുത്ത ചോദ്യം. മലയാളഭാഷാസാഹിത്യം പാട്ടെന്നും മണിപ്രവാളമെന്നും ആദ്യകാലത്തു രണ്ടു ശാഖയായിപിരിഞ്ഞു. ദ്രാവിഡാക്ഷരങ്ങൾ മാത്രം ചേർന്നിട്ടുള്ളതും, എതുക എന്ന ദ്വിതീയാക്ഷരപ്രാസത്തോടും മോന എന്ന പാദാനുപ്രാസത്തോടും കൂടിയതും, ദ്രാവിഡവൃത്തത്തിൽ രചിക്കപ്പെട്ടിട്ടുള്ളതുമായ ഭാഷാകാവ്യമാണു പാട്ട്. ഈ ലക്ഷണങ്ങളെല്ലാം ലീലാതിലകകാരൻ ഉദ്ധ

രിക്കുന്ന "തരതലന്താൻ" ഇത്യാദിപദ്യഖണ്ഡികകളും രാമചരിതം കാവ്യത്തിനുമുണ്ട്. പിന്നീടു ക്രമേണ സംസ്കൃതപദങ്ങൾ ഭാഷയിൽ പ്രവഹിച്ചുതുടങ്ങിയപ്പോൾ 'ദ്രാവിഡസംഘാതാക്ഷരനിബദ്ധ'മെന്ന ആദ്യത്തെലക്ഷണം പാട്ടിൽ കാണാതെയായി. മണിപ്രവാളം സംസ്കൃതവൃത്തങ്ങളിൽ രചിക്കണമെന്നും അതിൽ സംസ്കൃതപദങ്ങൾ സംസ്കൃപ്രത്യയങ്ങളോടുകൂടിയും അല്ലാതെയും പ്രയോഗിക്കാമെന്നും ഭാഷയ്ക്കും രസത്തിനും പ്രാധാന്യം വരുത്തി രചിക്കുന്ന മണിപ്രവാളകാവ്യം ഉത്തമകോടിയിൽ പെടുമെന്നുമായിരുന്നു പണ്ടത്തെ നിയമം. മണിപ്രവാളകവിതയ്ക്കു ദ്വിതീയാക്ഷരപ്രാസം കണ്ഠാഭരണമായിത്തീർന്നതു പിന്നീടുമാത്രമാണ് എന്നുള്ളതിനു ചന്ദ്രോത്സവം ഒരു വിശിഷ്ടോദാഹരണമാണ്. സംസ്കൃതവൃത്തങ്ങളെയെല്ലാംതന്നെ മണിപ്രവാളകവികൾ സ്വീകരിച്ചില്ല. ഭാഷയിൽ രസപോഷണത്തിനുതകുമെന്നു തോന്നിയ സ്രഗ്ദ്ധര, ശാൎദ്ദൂലവിക്രീഡിതം, മന്ദാക്രാന്ത, മാലിനി, വസന്തതിലകം, വംശസ്ഥ, പുഷ്പിതാഗ്ര, വസന്തമാലിക, വിയോഗിനി, രഥോദ്ധത, അനുഷ്ടുപ്പ്, മുതലായ വൃത്തങ്ങളിലേ അവർ കവിത രചിച്ചിട്ടുള്ളു.

അഥ തത്ര പാണ്ഡുതനയേന
സദസിവിഹിതം മധുദ്വിഷഃ
മാനമസഹത ന ചേദിപതിഃ,
പരവൃദ്ധിമത്സരി മനോഹി മാനിനാം,

എന്ന പദ്യം ഉൽഗതാവൃത്തത്തിലുള്ളതും മാഘൻ ശിശുപാലവധം പതിനഞ്ചാംസൎഗ്ഗവും അശ്വഘോഷൻ സൌന്ദരനാന്ദം മൂന്നാംസൎഗ്ഗവും ആ വൃത്തത്തിൽ രചിച്ചിട്ടുള്ളതുമാകുന്നു. എങ്കിലും അതേവൃത്തത്തിൽ ഒരു പദ്യംപോലും നിൎമ്മിക്കണമെന്നു ഒരു മണിപ്രവാളകവിക്കും തോന്നിയില്ല. പിംഗളാചാൎയ്യൻപോലും സ്മരിക്കത്തക്കവണ്ണം അത്രപ്രാചീനമായ ഒരു വൃത്തമാണു സ്വാഗത. കേദാരഭട്ടൻ, ശ്രീകൃഷ്ണൻ, ദാമോദരമിത്രൻ മുതലായ ഛന്ദശ്ശാസ്ത്രാചാൎയ്യന്മാരും അതിനെ സ്മരിക്കുന്നുണ്ട്. കിരാതാൎജ്ജുനീയം ഒൻപതാംസൎഗ്ഗവും, ശിശുപാലവധം പത്താംസൎഗ്ഗവും, നൈഷധീയചരിതം അഞ്ചും ഇരുപത്തൊന്നും സൎഗ്ഗങ്ങളും ആ വൃത്തത്തിൽതന്നെ രചിക്കപ്പെട്ടിരിക്കുന്നു. അങ്ങനെയെല്ലാമിരുന്നാലും മണിപ്രവാളത്തിനു ലക്ഷണശാസ്ത്രം നിൎമ്മിച്ച ലീലാതിലകകാരൻ ആ മഹനീയമായ ഗ്രന്ഥത്തിന്റെ നാലാംശില്പത്തിൽ ദുൎവൃത്തം എന്ന കാവ്യദോഷത്തിന് അനുചിതവൃത്തം എന്നു നിയമനം ചെയ്തു് സ്വാഗത മണിപ്രവാളത്തിൽ ശോഭിക്കുന്നില്ല, എന്നു പ്രസ്താവിച്ചു് അതിനെ ദുൎവൃത്തകോടിയിൽ തള്ളുന്നു. അതു് ആ വൃത്തം പാട്ടുപോലെ തോന്നു

കയാലായിരിക്കണം. 'കുംഭകൎണ്ണനെ വധിച്ചതുകണ്ടു' എന്നും സ്യമന്തകം തുള്ളലിൽ കുഞ്ചൻനമ്പിയാർ ഈ വൃത്തം പ്രയോഗിച്ചിരിക്കുന്നതു നോക്കുക. ഇതിൽനിന്നു പൂൎവ്വമഹാകവികൾ ഏതാനും സംസ്കൃതവൃത്തങ്ങളെ നല്ലപോലെ വിവേചനംചെയ്തു മണിപ്രവാളപദ്യസാഹിത്യത്തിൽ സംക്രമിപ്പിച്ചു എന്നും അവ ചിരകാലപ്രയോഗം നിമിത്തം ഭാഷയ്ക്കു സ്വായത്തങ്ങളായി ഭാഷാവൃത്തങ്ങളെപ്പോലെതന്നെ ജനസമ്മതിയെ ആവൎജ്ജിച്ചു എന്നും ഊഹിക്കാവുന്നതാണ്. ആ വൃത്തസംഘാതം നമുക്കു നമ്മുടെ പൂൎവ്വഗാമികളിൽനിന്നു കിട്ടീട്ടുള്ള ഒരു വലിയ രിക്ഥഭണ്ഡാരമാകുന്നു. അതിനെ നാം എന്തിന് ഇന്ന് അകാരണമായി തിരസ്കരിക്കണം? അനുഷ്ടുപ്പിനും, ഉപജാതികൾക്കും, ഗീതികൾക്കും, പുഷ്പിതാഗ്രയ്ക്കും, വസന്തതിലകത്തിനും, ശാൎദ്ദൂലവിക്രീഡിതത്തിനും, സ്രഗ്ദ്ധരയ്ക്കും മററും ഭാഷയിൽ എല്ലാക്കാലത്തും ആത്മവീൎയ്യവും ആവൎജ്ജനശക്തിയും ഉണ്ടായിരിക്കുന്നതാണ്. ചങ്ങനാശ്ശേരി രവിവൎമ്മകോയിത്തമ്പുരാൻെറ ആൎയ്യാശതകം ഗീതിയിലും, വള്ളത്തോളിൻെറ ബധിരവിലാപം പുഷ്പിതാഗ്രയിലും, അനിരുദ്ധൻ വസന്തതിലകത്തിലും, വിലാസലതിക ശാൎദ്ദൂലവിക്രീഡിതത്തിലും, നാലപ്പാട്ടു നാരായണമേനോൻെറ കണ്ണുനീർത്തുള്ളി ഉപജാതിയിലും, ചന്ദ്രോത്സവം ഒന്നാംസൎഗ്ഗം മാലിനിയിലും, ഉണ്ണുനീലിസന്ദേശം മന്ദാക്രാന്തയിലും, ആശാൻെറ നളിനി രഥോദ്ധതയിലും, ഈ ലേഖകൻെറ മംഗളമഞ്ജരി സ്രഗ്ദ്ധരയിലും രചിച്ചതുകൊണ്ടു് ആ കാവ്യങ്ങൾക്കു് അന്യഥാ പരിഹരിക്കാമായിരുന്ന യാതൊരു പ്രത്യേകമായ ന്യൂനതയും സഹൃദയന്മാരുടെ ദൃഷ്ടിക്കു വിഷയീഭവിക്കുന്നില്ല. ആശയങ്ങളുടെ പ്രവാഹം ഈരടികളിലെന്നപോലെ അനുഷ്ടുപ്പിലും, ഉപജാതിയിലും, വംശസ്ഥത്തിലും അവിച്ഛിന്നമാക്കണമെങ്കിൽ ആക്കാവുന്നതാണ്; ഈരടികളുടെ അവസാനത്തിലുള്ള വിരാമംപോലും ചിലപ്പോൾ ആ പ്രവാഹത്തെ പ്രതിരോധിക്കുന്നില്ലെന്നു് എങ്ങനെ പറയാം? അതുകൊണ്ടാണ് ബ്ളാങ്ക്വേഴ്സ് പ്രസ്ഥാനം ഭാഷയിൽ വേണമെന്നു പറയുന്നതു്; അല്ലെങ്കിൽ കീററ്സ് എൻഡിമിയോണിലും (Keats in Endymion) വില്യം മോറിസ് ലൈഫ് ആൻഡ് ഡെത്ത് ഓഫ് ജെഡൺ (William Morris in th Life and Death of Jadon) മുതലായ ആഖ്യാനകാവ്യങ്ങളിലും സ്വീകരിച്ചിരിക്കുന്ന, ഈരടികളുടെ അവസാനത്തിൽ വിച്ഛിത്തിവരാത്ത പ്രാസത്തോടുകൂടിയ ഒരു പ്രസ്ഥാനമെങ്കിലും ഏൎപ്പെടുത്തേണ്ടിവരും. സംസ്കൃതവൃത്തങ്ങളെക്കാൾ ധാരാവാഹിതയ്ക്കു് ഒന്നുകൂടി പ്രയോജകീഭവിക്കുന്നതു ദ്രാവിഡവൃത്തങ്ങളായിക്കൊള്ളട്ടെ; അങ്ങനെ വേണ്ട അവസരങ്ങളിൽ ദ്രാവിഡവൃത്തങ്ങളിൽതന്നെ കവനംചെയ്യാവുന്നതുമാണല്ലോ. മുക്തകങ്ങൾ

കളു സംസ്കൃതവൃത്തങ്ങൾ അത്യന്തം യോജിച്ചവയാണ് എന്ന് ആരും സമ്മതിച്ചേ മതിയാകൂ. അതുകൊണ്ടുതന്നെയാണ് ഇന്നും അവയെ മംഗളാശംസാവസരത്തിലും മററും കവികൾ സാൎവ്വത്രികമായി ശരണീകരിക്കുന്നതു്. സ്മരണത്തിനും അനുസന്ധാനത്തിനും താരതമ്യേന സൌകൎയ്യവും ശ്ലഥബന്ധങ്ങളല്ലാത്ത വൃത്തങ്ങൾക്കുതന്നെയാണെന്നുള്ളതു് ആൎക്കു് അപലപിക്കാം? അതാണ് അക്ഷരശ്ലോകപരീക്ഷയ്ക്കും മററും ഈ വൃത്തങ്ങളിൽ രചിച്ചിട്ടുള്ള ശ്ലോകങ്ങൾതന്നെ ചൊല്ലിപ്പോരുന്നതു്. വാസ്തവത്തിൽ വീരരൌദ്രരസങ്ങളുടെ സങ്കരത്തിൽ വസന്തതിലകവും 'സാധിക്ഷേപക്രോധധിക്കാര'ത്തിൽ മല്ലികയും മററും സവിശേഷം ശോഭിക്കുമെന്നു ക്ഷേമേന്ദ്രമഹാകവി സുവൃത്തതിലകത്തിൽ പ്രസ്താവിച്ചിട്ടുള്ളതു് എത്രയോ അൎത്ഥവത്താകുന്നു. അദ്ദേഹത്തിന്റെ വൃത്തസംബന്ധമായുള്ള മതങ്ങൾ സാകല്യേന ഭാഷയ്ക്കു യോജിച്ചവയാണെന്ന് എനിക്കഭിപ്രായമില്ലെന്നുകൂടി ഞാൻ ഉടൻതന്നെ പ്രസ്താവിച്ചുകൊള്ളട്ടെ. രഥോദ്ധതയ്ക്കു പാദാന്തങ്ങളിൽ വിസൎഗ്ഗം ഉണ്ടായിരുന്നാൽ മനോഹരത വൎദ്ധിക്കുമെന്നും മററുമുള്ള അദ്ദേഹത്തിന്റെ നിയമങ്ങൾ മണിപ്രയാളകവികൾപോലുമാദരിച്ചിട്ടില്ല; പിന്നെവേണ്ടേ ഭാഷാകവികൾക്കു് അവ ബാധകമാകുവാൻ? എങ്ങനെ നഖമുഖാദികൾ ശബ്ദവിഷയത്തിലോ അതേവിധത്തിൽ വസന്തതിലകാദികൾ വൃത്തവിഷയത്തിൽ വളരെക്കാലംമുൻപു് തന്നെ ഭാഷയിൽ സംക്രമിച്ചു ഭാഷയുമായി സാത്മ്യം പ്രാപിച്ചുകഴിഞ്ഞിരിക്കുന്നു. അവ ഇന്നു തികച്ചും കേകാദികളെപ്പോലെ ഭാഷാവൃത്തങ്ങൾ എന്നു ഗണിക്കുവാനേ തരമുള്ളൂ. അതുകൊണ്ടു നാം സംസ്കൃതവൃത്തങ്ങളിൽ കവനംചെയ്യുമ്പോൾ അന്യഭാഷയിൽപെട്ട വൃത്തങ്ങളിലാണ് കവനംചെയ്യുന്നതു് എന്നോൎത്തു മനസ്സങ്കോചത്തിനു വശംവദന്മാരാകേണ്ട ആവശ്യമില്ല. ഇംഗ്ലീഷിൽ ഒട്ടാവാ റീമാ (Ottavy Rima) മുതലായ എത്രയെത്ര വൃത്തങ്ങളാണ് ഇററാലിയൻ തുടങ്ങിയ ഭാഷകളിൽനിന്നു കടന്നുകൂടിയിരിക്കുന്നതു്! സ്വിൻബേൺ (Swinburne) ബ്രിഡ്ജസ് (Bridges) മുതലായ മഹാകവികൾ സമീപകാലത്തുപോലും എത്രയെത്ര വൃത്തങ്ങൾ ഫ്രഞ്ചിൽനിന്നു കടം വാങ്ങി? അതിന് ആരെങ്കിലും അവരെ അപലപിക്കുകയോ അന്യരുടെ സ്വത്തു തങ്ങൾക്കാവശ്യമില്ലെന്നു പറയുകയോ ചെയ്തുവോ? ഇല്ല.

ചുരുക്കത്തിൽ എനിക്കു പറവാനുള്ളതു കൈരളി തനിക്കു് അമ്മവഴിക്കും അച്ഛൻവഴിക്കും കിട്ടീട്ടുള്ള സ്വത്തുകൾ ഒന്നുംതന്നെ കളഞ്ഞിട്ടു കാൎയ്യമില്ലെന്നാകുന്നു; രണ്ടുവഴിക്കുള്ള സ്വത്തുകളും ആ ദേവി ഒപ്പം അനുഭവിച്ചുകൊള്ളട്ടെ. മാതാവിനെ പൂൎവ്വാധികമായി മാനിക്കട്ടെ; ദ്രാവിഡവൃത്തങ്ങളുടെ രൂപവും സംഖ്യയും വൎദ്ധിപ്പിച്ച് അവയിൽ യുവ

കവികഠം ധാരാളമായി കൈകാര്യംചെയ്യട്ടെ; എന്നാൽ അവർ സംസ്കൃതത്തെ വെറുക്കരുതു്; സംസ്കൃതവൃത്തങ്ങളേയും യഥായോഗ്യം അവർ ആദരിക്കണം. ഒരു കാവ്യത്തിനു് ഏതാണു് സന്ദർഭാനുഗുണമായ വൃത്തമെന്നു് അന്തരാത്മാവു കവിയെ ഉപദേശിക്കും; ആ ഉപദേശത്തെ അവർ അനുസരിക്കട്ടെ. സർവ്വോപരി ഏതെങ്കിലും ഒരു വൃത്തത്തിൽ കവനംചെയ്യുവാൻ അത്യാദർശമായ നൈപുണി സമ്പാദിക്കട്ടെ. അഭിനന്ദൻ (രാമചരിതകർത്താവു്) അനുഷ്ടുപ്പിലും, ഭാരവി വംശസ്ഥത്തിലും, രത്നാകരൻ (ഹരവിജയകർത്താവ്) വസന്തതിലകത്തിലും, ഭവഭൂതി ശിഖരിണിയിലും, കാളിദാസൻ മന്ദാക്രാന്തയിലും രാജശേഖരൻ ശാർദ്ദൂലവിക്രീഡിതത്തിലും പ്രത്യേകിച്ചു മെച്ചംനേടിയതായി ക്ഷേമേന്ദ്രൻ പ്രസ്താവിക്കുന്നു. കൃഷ്ണഗാഥാകാരന്റെ മഞ്ജരി, എഴുത്തച്ഛന്റെ അന്നനട, പൂന്താനത്തിന്റെ ദ്രുതകാകളി, രാമപുരത്തു വാരിയരുടെ നതോന്നത, കാത്തുള്ളിൽ അച്യുതമേനോന്റെ കളകാഞ്ചി ഇവയുടെ മാധുര്യം അനന്യസാമാന്യമാണെന്നുള്ളതു് അനുഭവവേദ്യമാണല്ലോ.

"നാനാവൃത്തവിശേഷാസ്തു
കവേശ്ശസ്തസ്യശാസനാൽ
യാന്തിപ്രഭോരിവാത്യന്ത-
മയോഗ്യാ അപിയോഗ്യതാം."

എന്നു ക്ഷേമേന്ദ്രൻ പ്രസ്താവിക്കുന്നതു നാം ധരിച്ചിരിക്കണം. ഒരു വൃത്തം എത്രതന്നെ യോജിപ്പില്ലാത്തതായാലും വിദഗ്ദ്ധനായ ഒരു കവിയുടെ കൈകാര്യത്തിൽ പെടുമ്പോഠം അതിനു പ്രശസ്യനായ ഒരു പ്രഭുവിന്റെ ശാസനത്തിനു അധീനനാകുന്ന സേവകനെന്നപോലെ യോഗ്യത തന്നിയെ വന്നുചേരുന്നു.

സംസ്കൃതവൃത്തങ്ങളെ നമുക്കു പാടേ പരിത്യജിക്കേണ്ട ആവശ്യമൊന്നും ഇപ്പോഠം നേരിട്ടിട്ടില്ല; അങ്ങനെ ചെയ്യുന്നതു നമുക്കൊരു ഭൂഷണവുമല്ല. കൈരളിയുടെ സമാനകക്ഷ്യയിൽ സമുല്ലസിക്കുന്ന കർണ്ണാടകവും തെലുങ്കും അത്തരത്തിൽ ഒരു നിരർത്ഥമായ സ്വാഭിമാനവിജൃംഭിതത്തിനു് ഇതുവരെ വിധേയകളായിട്ടില്ല. തമിഴിന്റെ സ്ഥിതിയൊന്നു വേറെയാണു്. അതു സംസ്കൃതത്തിലുള്ളവൃത്തങ്ങളെമാത്രമല്ല—പദങ്ങളെക്കൂടിയല്ല—അക്ഷരമാലയെപ്പോലും പരിത്യജിക്കുന്നു. ആ പരിത്യജനംകൊണ്ടുള്ള ഗുണവും ദോഷവും—അതേദോഷംതന്നെ—ആദിമകാലം മുതല്ക്കേ അനുഭവിക്കയും ചെയ്യുന്നു. തമിഴല്ല കൈരളിക്കു് ഈ വിഷയത്തിൽ മാർഗ്ഗജ്യോതിസ്സു്. ഞാൻ പറയുന്നു തമിഴിനുപുറമെ ബെംഗാളി, ഹിന്ദി, കർണ്ണാടകം, തെലുങ്കു് മുതലായ ഭാഷകളിൽനിന്നുകൂടി മലയാളഭാഷയ്ക്കിണങ്ങുന്ന

വൃത്തങ്ങൾ സ്വീകരിച്ചു നമ്മുടെ വൃത്തസാമ്രാജ്യത്തിന്റെ പരിധി നമുക്കു കഴിവുള്ളിടത്തോളം വർദ്ധിപ്പിക്കുവാനായിരിക്കണം നമ്മുടെ ശ്രമമെന്നു്; അതിനു നമ്മെക്കൊണ്ടു കഴിയട്ടെ, കഴിയാതെയിരിക്കട്ടെ, കൈവശത്തിലുള്ളതു കളഞ്ഞു കുളിക്കുന്നതു് ഏതായാലും അഭിലഷണീയമല്ല.*

ഈ സംഗതിയിൽ എന്റെ വിനീതമായ അഭിപ്രായം ഞാൻ ഇവിടെ രേഖപ്പെടുത്തുന്നു എന്നല്ലാതെ എനിക്കു് ഇതിൽ ഒരു നിർബ്ബന്ധവുമില്ല. ഒരു പഴഞ്ചനാണെന്നു് എന്നെ പഴിക്കാതെ വിഷയത്തെ വേണ്ടവിധത്തിൽ വിചിന്തനം ചെയ്തു് ഈ ഉപന്യാസത്തിൽ ഗ്രാഹ്യമായ അംശം വല്ലതുമുണ്ടെങ്കിൽ അതിനെ ഗ്രഹിക്കണമെന്നു മാത്രമേ എന്റെ പ്രിയസഹോദരന്മാരായ കവികളോടു ഞാൻ അപേക്ഷിക്കുന്നുള്ളൂ.

---

# പൂവിളി.

[ശിരോമണി കുട്ടിക്കൃഷ്ണമാരാർ.]

വിളഭൂമിയായ മലയാളക്കരയുടെ മദ്ധ്യപ്രദേശങ്ങളിൽ പൊന്നുചിങ്ങത്തിലെ തിരുവോണത്തിൻനാളിനു പത്തുനാൾമുമ്പുമുതൽ—അത്തത്തിൻ നാൾമുതൽ—പ്രബോധനകരമായ പ്രഭാതങ്ങളിലെല്ലാം, ഉന്മേഷംപൂണ്ട കിളികളുടെ കിലുകിലത്തോടൊപ്പം, ഓരോ വീട്ടിലേയും ഓമനപ്പൈതങ്ങൾ ചെറിയ ചെറിയ കൈതയോലപ്പൂവട്ടികൾ കഴുത്തിൽ തൂക്കി ആഹ്ലാദം തുളുമ്പുന്ന ഉച്ചസ്വരത്തിൽ ഈ ഉൽകൃഷ്ടമന്ത്രം ഉരുക്കഴിയ്ക്കുന്നു. "തൃക്കാക്കരപ്പനാരാ,രോ? പൂവേപോൽ, പൂവേ പോൽ, പൂവേ!"

കാലവൈപരീത്യത്താൽ അർത്ഥത്തിൽ ശ്രദ്ധവിട്ടു് അക്ഷരമാത്രപരായണന്മാരായിത്തീർന്ന നമ്മളിൽ പലർക്കും ഗരിഷ്ഠാർത്ഥമായ ഈ മന്ത്രത്തിൻേറയും പൊരുളറിഞ്ഞുകൂടാതായിരിയ്ക്കുന്നു; ഒരു ടിപ്പണികാരൻെറ മുഖത്തു നോക്കേണ്ടിയിരിയ്ക്കുന്നു! തൃക്കാക്കരപ്പൻ (ഈശ്വരന്നു് ഓണക്കാലമിട്ട ഓമനപ്പേരു്) എന്നുവെച്ചാലാരാണു്? പൂവുതന്നെയാണെന്നാണു് പ്രസിദ്ധി. അതേ പൂവുതന്നെ!

ശാശ്വതതത്വത്തെസ്സംബന്ധിച്ച അന്ധാളിപ്പുമൂലം ശിലാലോഹപ്രതിമകളാണു് ഈശ്വരൻ എന്നു വിചാരിച്ചു ശീലിച്ച നാം, മണ്ണുകുഴച്ചു തട്ടിപ്പടച്ചുവെയ്ക്കുന്ന ആ എന്തിൻെറയെന്നില്ലാത്ത പ്രതിമയാണു് തൃക്കാക്കരപ്പൻ എന്നു തെററിദ്ധരിച്ചുകളയുന്നു. എന്നാൽ, ആമ്പൽ അലരി തെച്ചി ചെമ്പരുത്തി മുതലായ പൂക്കളെ ഇടതൂർത്തിണക്കി, പൂമയമായ ഒരു മനോഹരാകൃതിയെ ചമപ്പാനുള്ള ഉപകരണം മാത്രമാണു് അതെന്നു നമ്മെ ഓർമ്മപ്പെടുത്തുവാനത്രേ, കുട്ടികൾ തൃക്കാക്കരപ്പനെ വെയ്ക്കുന്നസമയത്തു് ആവർത്തിച്ചാവർത്തിച്ചുൽഘോഷിയ്ക്കുന്നതു്: "തൃക്കാക്കരപ്പനാരാ,രോ?

പൂവേ പോൽ, പൂവേ പോൽ; പൂവേ!"

പൂവു് ആരാധനോപകരണമല്ല, ആരാധ്യമൂർത്തിയാണു്.

മഹാർഹമായ ഈ മന്ത്രത്തിന്നു രഹസ്യപ്രകാശകമായ ഒരു ഭാഷ്യമെഴുതുക എന്നതു, കേരളീയനായ ഒരു ലേഖകന്നു് അഭിമാനകരവും ആനന്ദപ്രദവുമാണു്. ജാതിഭേദവും അവസ്ഥാഭേദവുമില്ലാതെ ആർക്കും ജപിയ്ക്കാവുന്നതും ആർക്കും ചെവിക്കൊള്ളാവുന്നതുമായ ഈ അശ്രദ്ധമന്ത്രത്തിൻെറ, അനാവിലഹൃദയരായ അരുമക്കിടാങ്ങളാൽ ഉരുക്കഴിയ്ക്കപ്പെടുന്ന ഈ വിശുദ്ധമന്ത്രത്തിൻെറ പൊരുൾ ചിന്തിയ്ക്കുവാൻ ഇഷ്ടംതോന്നാത്ത ഒരു വായനക്കാരനുണ്ടാകുമോ?

'ഈശ്വരൻ ആരാണ്, ആരാണ്?' എന്ന ചോദ്യം, മനുഷ്യൻ മൃഗത്വത്തിൽനിന്ന് ഒരടി മുന്നോട്ടുവെച്ച നിമിഷം മുതൽ, അവന്റെ ഹൃദയത്തിൽ അങ്കുരിച്ചുതുടങ്ങിയിരിക്കുന്നു; അതിന് അന്നന്നായി നൂറുനൂറുത്തരങ്ങളും പുറപ്പെട്ടിട്ടുണ്ട്. സൂര്യനാണ് ഈശ്വരൻ—പർജ്ജന്യനാണ് ഈശ്വരൻ—അഗ്നിയാണ് ഈശ്വരൻ—രാത്രിയിലുണ്ടാവുന്ന ചില മിഥ്യാബോധങ്ങളാണ് ഈശ്വരൻ—ഒടുവിൽ, അമേയനും അവാച്യനും അവ്യക്തനും അഖിലവ്യാപിയുമാണ് ഈശ്വരൻ എന്നുള്ളേടത്തോളം ചെന്നതിനുശേഷം, തിരിച്ചടിച്ചു, മനുഷ്യന്റെ ചില ശിലാശില്പവിശേഷങ്ങളാണ് ഈശ്വരൻ എന്നായധഃപതിച്ചുപോയി. എന്നാൽ അദ്വൈതസിദ്ധാന്തജനയിത്രിയായ കേരളഭൂമിയുടെ കിടാങ്ങളിൽനിന്ന് ഇന്നും പുറപ്പെടുന്ന ഈ സുലളിതമായ മറുപടി എല്ലാവർക്കും എല്ലാവിധത്തിലും ആദരണീയമത്രേ: 'പൂവുതന്നെയാണ് ഈശ്വരൻ!'

ഹാ, എത്ര സുന്ദരവും സുരഭിലവും, ഹാ, എത്ര ആപാദമധുരവും ആലോചനാമൃതവുമായ മറുപടി! ഭഗവൽഗീതയുടെ ദിവ്യകല്പലതികയിൽ വിടർന്ന വാടാമലരായിരിക്കുമോ, ഇത്!

ഏതു പാറയിളമ്പിലും, ഏതു പാഴ്കുപ്പയിലും, ഏതു മുൾപ്പടപ്പിലും, ഏതു മൊട്ടപ്പറമ്പിലും, ഏതു പൂപ്പൽസ്ഥലത്തും, ഏതു പൊട്ടക്കുളത്തിലും ഈശ്വരസാന്നിദ്ധ്യമുണ്ടെന്ന തത്ത്വജ്ഞാനം നിങ്ങളിൽ വികസിക്കേണമോ? എങ്കിൽ, തന്തിരുവടിയുടെ തിരുമടിത്തട്ടിൽനിന്നു വിട്ടുപോന്നിട്ട് ഏറെക്കാലം ചെന്നിട്ടില്ലാത്ത ആ കൊച്ചാത്മാക്കളുടെ ഈ മധുരമന്ത്രത്തെ നിങ്ങൾ സിദ്ധിവരുത്തിക്കൊള്ളുവിൻ!

പൊന്നുചിങ്ങത്തിന്റെ സ്വകാര്യസമ്പത്തായ 'കാക്കപ്പൂ'ക്കൾ, പുല്ലുമൂടിക്കിടക്കുന്ന വെറും നിലങ്ങളിൽ പൊൻപണങ്ങളെ വിതറുന്ന മുക്കുറ്റിപ്പൂക്കൾ, ചില കൊച്ചുചെടികളെ തൂവെള്ളിക്കിരീടം ചൂടിക്കുന്ന തുമ്പപ്പൂക്കൾ, കൊയ്തുകഴിഞ്ഞ കേദാരങ്ങളിൽ നിശ്ശൂന്യങ്ങളായി നില്ക്കുന്ന വയ്ക്കോൽക്കുറ്റികളെ മരതകരത്നമാല ചാർത്തിക്കുന്ന നെല്ലിപ്പൂക്കൾ, തരിശായിക്കിടക്കുന്ന കുന്നിൻപുറങ്ങളിൽ വൈഡൂര്യം വിളയിക്കുന്ന കണ്ണാന്തളിപ്പൂക്കൾ, വെറും ചില വേലിത്തറിച്ചെടികളെ രത്നപ്പതക്കമാലയണിയിക്കുന്ന തേവിടിച്ചിപ്പൂക്കൾ—ഇവയെല്ലാം ഭൗതികദൃഷ്ട്യാ നിസ്സാരങ്ങളെങ്കിലും, ആദ്ധ്യാത്മികലോകത്തിൽ അനശ്വരനിധികളാണ്. എവിടെയൊക്കെയോ മുളച്ചുവളരുന്ന ഈ ആയിരമായിരം പാഴ്ച്ചെടികളോരോന്നിലും ഒളിഞ്ഞിരുന്ന് ഇത്ര മഹത്തായ കുസുമസമൃദ്ധിയെ സൃഷ്ടിച്ചു വികസിപ്പിക്കുന്ന ആ ആരോ ഒരാളെപ്പറ്റി—ആ ഏതോ ഒരു നിയമത്തെപ്പറ്റി—നിങ്ങൾ അല്പനേരം ആലോചിച്ചുനോ

ക്കുക. അതാ, നിങ്ങൾ ആധ്യാത്മികപ്രപഞ്ചത്തിൽ കോടീശ്വരനായിക്കഴിഞ്ഞു!

പൂവറുക്കുവാൻ ഉന്നുന്ന കുമാരന്മാരുടെ തളിരിടഞ്ഞ കൈവിരലുകൾ—ചൂണ്ടൻ വിരലും പെരുവിരലും ചേർത്തുള്ള ആ പിടുത്തം—നിങ്ങൾക്കുള്ള ജ്ഞാനമുദ്രയത്രേ.

അഖണ്ഡവും അനശ്വരവുമായ സൌന്ദര്യം (നിർവൃതി) മാത്രമാണ് ഈശ്വരന്റെ സ്വരൂപം എന്ന സത്യത്തെ, നശ്വരങ്ങളായ പ്രാപഞ്ചികവസ്തുക്കളിലൂടെ അല്പമെങ്കിലും നുകൎന്നുകൊള്ളുവാൻ നിങ്ങൾക്കു തൃഷ്ണയുണ്ടോ? അങ്ങേ അററത്തുള്ളതു തെളിയിച്ചുകാട്ടുവാൻ ഇങ്ങേ അററത്തുള്ളതിന്നേ കഴിയൂ: എത്രയും വേഗത്തിൽ—വിനാഴികകളുടെ ഏതാനും ചുംബനങ്ങളാലോ, കാററിന്റെ സനിശ്വാസങ്ങളായ ആലിംഗനങ്ങളാലോ—നശിച്ചുപോകുന്നവയും, സുകുമാരത സുന്ദരത എന്നിവയുടെ ഒരു സരസസമ്മേളനമല്ലാതെ മറെറാന്നുമല്ലാത്തവയുമായ പൂക്കൾ നിറച്ച ആ പൂവട്ടികളിൽ നിന്നേ, നിങ്ങൾക്ക് അതിന്റെ ഒരിറെറങ്കിലും കൈവരികയുള്ളൂ. ക്ഷണികജീവിതങ്ങളെങ്കിലും, കാലം തോറും തുരുതുരുന്നനെ ഉണ്ടായിവരുന്ന ആ പൂക്കൾ, ആ സൌഭാഗ്യക്കമിളകൾ, അവയുടെ നിത്യജനകമായ ഒരു സൌഭാഗ്യസമുദ്രമുണ്ടെന്നു നിങ്ങളുടെ ബുദ്ധിയ്ക്കു് ഉപദേശിച്ചുകൊടുക്കും.

ഈ സൃഷ്ടിസംവിധാനത്തിലെ അനാദ്യന്തവും അസ്ഖലിതവുമായ അത്ഭുതനിയമത്തെ നോക്കിപ്പഠിയ്ക്കുന്നതിൽ നിങ്ങൾ ശ്രദ്ധാലുക്കളാണോ? എങ്കിൽ, നിങ്ങളുടെ വീട്ടിൻമുററത്തു ഭംഗിയിൽ വിരിയ്ക്കപ്പെട്ടിരിയ്ക്കുന്ന ആ വിവിധവൎണ്ണങ്ങളും വിവിധാകാരങ്ങളുമായ കുസുമപംക്തിളെ നോക്കി വായിച്ചുകൊള്ളുവിൻ.

ഈശ്വരസാക്ഷാൽക്കാരത്തിന്നു് ഇങ്ങിനെ എല്ലാവൎക്കും നിഷ്പ്രയാസം സഞ്ചരിയ്ക്കാവുന്ന ഒരു മാൎഗ്ഗം കിടക്കുമ്പോൾ, നാം ദൂരയാത്രാക്ലേശം അനുഭവിച്ചു പ്രസിദ്ധക്ഷേത്രങ്ങളുടെ നടയ്ക്കൽ ചെന്നുനിന്നു വൃഥാ 'പ്രസാദ'ത്തിന്നിരക്കുന്നു. ഭക്തോത്തമനായ മേല്പത്തൂർ ഭട്ടതിരിയുടെ അസ്ഥാനപതിതമായ ഒരു സൂക്തിഖണ്ഡത്തിന്നു് ഇവിടമത്രേ ഉചിതമായ സ്ഥാനം:

'ഏവം ദുർല്ലഭ്യവസ്തുന്യപി സുലഭതയാ-
ഹസ്തലബ്ധേ, യദന്യ-
ത്തന്വാ വാചാ ധിയാ വാ ഭജതി ബത ജനഃ,
ക്ഷുദ്രതൈവ സ്ഫുടേയം'

ഹാ, ഓമനക്കുഞ്ഞുങ്ങളേ, നിങ്ങളാണ് വാസ്തവത്തിൽ ലോകാനുഗ്രഹതല്പരന്മാരായ തത്ത്വാചാര്യന്മാർ. നിങ്ങൾ മനുഷ്യരുടെ സുദീർഘവും ക്ലേശഭൂയിഷ്ഠവുമായ ആ പഴയ തത്ത്വാന്വേഷണമാർഗ്ഗത്തിൽ പൂവിരിച്ചുതരുന്നു. ആത്മനിർവൃതിയെ മാത്രമല്ലാതെ, മറ്റൊന്നിനേയും ആഗ്രഹിക്കാത്തതായ നിങ്ങളുടെ ഈ ലോകസേവനത്തിന് — പുഷ്പസമ്പാദനത്തിന് — മുതിർന്നവരായ ഞങ്ങൾ എന്തൊന്നു പകരം ചെയ്യട്ടെ? ഇഴത്തുർമ്മയില്ലാത്ത ഈ ചെറിയ വാങ്ങ്നിബന്ധമാകുന്ന 'ചിററാട'യെ, കൌതുകംതോന്നുന്നുണ്ടെങ്കിൽ, ഞങ്ങളുടെ ഓണപ്പുടവയായി സ്വീകരിക്കുമാറാകണം.

[കുറിപ്പ്: ഈ വ്യാഖ്യാനിക്കപ്പെട്ട 'പൂവിളി', മലബാറിൽ വെട്ടത്തുനാട്ടിലും അതിന്നടുത്ത പ്രദേശത്തും കേട്ടുവരുന്നതാണ്; മററു പ്രദേശങ്ങളിൽ ഇതിന്നു ചില രൂപഭേദങ്ങളുണ്ട്]

ലേഖകൻ.

# വധൂവിനോട്.

[ബാലാമണിയമ്മ]

ധന്യയായ് സ്സോദരി, ഭവ്യദഗാർഹസ്ഥ്യ-
ധർമ്മത്തെസ്സാദരം കയ്യേല്ക്കൊണ്ട നീ.
ഇന്നത്തെസ്സന്ധ്യ തുറന്നിട്ടോരുജ്ജ്വല-
പ്പൊന്നിൻ കവാടത്തിന്നപ്പുറത്തായ്,
പുത്തനുലകൊന്നു കാത്തുനില്പൂ നിന്നെ,
പ്പുഷ്കലപൂർണ്ണേന്ദുജ്യോതിർമ്മയം.

ഇങ്ങുനിൻ കാൽക്കീഴിൽ, കല്യാണപ്പന്തലിൽ
ഞങ്ങൾ പൂമ്പട്ടു വിരിച്ചിരിപ്പൂ,
ഹന്ത, നിൻകൈകൾ താൻപട്ടു വിരിക്കേണ്ടും
പന്ഥാവിലേക്കുള്ള കീഴ്പ്പടവിൽ!
നിശ്ചല,മുന്മുഖം, ചൂഴുന്നു ദീപങ്ങ-
ളസ്മദഭിചാരങ്ങൾ പോലെനിന്നെ;
എന്നും കെടാത്ത വിളക്കു കൊളുത്തുവാ,-
നെന്നും ത്വദാത്മാവിന്നാശിസ്സേകാൻ.

ഇസ്സന്മുഹൂർത്തത്തിൽ പൂമാസക്കാററാകു
മുച്ഛ്വാസം പൊങ്ങുന്ന ഭൂവിൻ നെഞ്ചിൽ,-
മല്ലികപ്പൂക്കളാലല്ലണിയിച്ചൊരു
മംഗല്യമാല്യം തിളങ്ങിടുമ്പോൾ,
ധീമതി, ഞങ്ങൾ നിൻനെററിമേൽച്ചാർത്തു മീ-
പ്രേമസാമ്രാജ്യ ജയതിലകം,
പിന്നെയും പിന്നെയും രഞ്ജിതമാകട്ടെ
പൊന്നുഷസ്സോരോന്നിൻ കൈകളാലും!
പ്രേയാൻറെ വക്ഷസ്സിൽ പ്രേമവായ്പോടിന്നു
നീയണിയിച്ച പൂമാല പോലെ,
സ്വച്ഛ, മൃദുല, സുരഭില മാവട്ടെ,
സച്ചരിത്രേ, ഭാവിജീവിതം തേ!

ഏതൊന്നു തേനൊലിബ്ഭോഗസുഖങ്ങളെ,
ബ്ഭൂതാത്മകാഞ്ചനപ്പൂക്കളാക്കി,

കല്യാണവേദിയെ സ്സ്വാത്മചിന്താഹുതി-
കല്യമാകും യജ്ഞശാലയാക്കി,
കാമ്യദാമ്പത്യത്തെയാത്മോൽഗ്ഗതിയ്ക്കുള്ള
നന്മണിസോപാന ഭേദമാക്കി,—
ഭാരതനാരിമാക്കുള്ളാത്തപഃശക്തി-
സാരമുണരട്ടെ നിന്നാത്മാവിൽ!

# പൂർവ്വത്തിലേക്ക്.

[കുന്നത്തു ജനാർദ്ദനമേനോൻ.]

വീണ്ടും നാം പൂർവ്വത്തിലേക്ക് തിരിയുകയായി. പൂർവ്വികമായ ഏകച്ഛത്രാധിപത്യം വീണ്ടുമുണ്ടിതാ, തലപൊക്കുന്നു. മനുഷ്യരക്തത്തെ ബലാൽ പ്രവഹിപ്പിച്ചുകൊണ്ട് നിശ്ശേഷം കൊട്ടത്തുകളകയുണ്ടായ ആ ഏകച്ഛത്രാധിപത്യം അതിന്റെ ശ്മശാനഭൂമിയിൽനിന്നുതന്നേ പുനർജ്ജനിയേല്ക്കുന്നു. അതേ: വീണ്ടും നാം പൂർവ്വത്തിലേക്ക്, തിരിയുകയായി: അസ്തമയത്തിൽനിന്ന് ഉദയത്തിലേക്ക്; സംഹാരത്തിൽനിന്ന് സൃഷ്ടിയിലേക്ക്.

*　　*　　*　　*

പണമല്ലാ, പണിയാണ് ഐശ്വര്യമെന്നുള്ള പൂർവ്വികസിദ്ധാന്തം—പണംകൊണ്ടുള്ള പകിട്ടുകളാൽ സുഖംനേടാമെന്നതു് വെറുംവ്യാമോഹമാണെന്ന പൂർവ്വാനുശാസനം—അനുവർത്തനയോഗ്യം തന്നെയെന്ന സമ്മതിക്ക് പാശ്ചാത്യലോകത്തിന്ന് ബുദ്ധിതെളിഞ്ഞുതുടങ്ങിയിരിക്കുന്നു. പണമല്ലാ, ധർമ്മമാണ്—കർത്തവ്യകർമ്മാനുഷ്ഠാനമാണ്—ലോകത്തിന്ന് അധിഷ്ഠാനമെന്നപൂർവ്വമതം സയൻസിന്നുമിപ്പോൾ ശരിവെക്കേണ്ട മട്ടിലേക്ക് തിരിയേണ്ടിവന്നിരിക്കുന്നു.

*　　*　　*　　*

ഭൗതികമായ ഐശ്വര്യങ്ങൾ ഇങ്ങിനെയങ്ങോട്ട് പെരുകുകയാണിനിയുമെങ്കിൽ ജനതയുടേ അടിത്തട്ടപ്പടി ഞെരുങ്ങിപ്പൊടിഞ്ഞ്, ഉതിർന്നു നശിച്ചേയ്ക്കുമെന്ന് സയൻസിന്നും പേടിയായിരിക്കുന്നു. സുഖത്തിന്റേ നില ആദ്ധ്യാത്മികമായിട്ടാണെന്ന് ആധുനികലോകത്തിന്ന് തോന്നിത്തുടങ്ങി. അപ്പോൾ ചിലർ പൂർവ്വസാഗരത്തിൽ ഇറങ്ങി അങ്ങുണ്ടോ സുഖമെന്ന് തപ്പിത്തടവിനോക്കുവാൻ പുറപ്പെടുന്നു. സേവനമാണ് ലോഭനമല്ലാ സുഖത്തിന്റേ ജനയിത്രിയെന്ന സത്യരത്നം അവർക്ക് ഈ പൂർവ്വനിധിയിൽ നിന്ന് ഒടുക്കം, കിട്ടുകതന്നേ ചെയ്യും. ഭോഗമല്ലാ, ത്യാഗമാണ് ജീവിതസുഖത്തിന്റെ ആകെക്കൂടിയ പൊരുളെന്ന് അവർക്ക് കണ്ടെത്തുവാൻ ഇനിയധികമുണ്ടാകയില്ലാ വിളംബം.

*　　*　　*　　*

ആത്മാവിനേ പ്രാപിക്കുകകൊണ്ടാണു സാംഖ്യത്തിന്നിയന്ന യോഗവായ്പ്. ആത്മാവിൽ എത്താതേ സയിൻസിന്നുണ്ടാകയില്ലാ പരിപൂർത്തി. സയൻസിലിപ്പോൾ ആത്മയോഗത്തിന്ന് കാണാവുന്നതു് വെറും ശൈശവക്രീഡയാണ്. സംഹാരമാണ് സയൻസിന്റേ സൃഷ്ടി

കളെല്ലാം ആന്തരമായി വഹിക്കുന്നതു്. ലോകത്തിപ്പോഴ് വേണ്ടതു് അതായിരിക്കാം. സൃഷ്ടിസ്ഥിതികൾക്കെന്നപോലെ സംഹാരത്തിനും വേണ്ടയോ പ്രവൃത്തി! ഇതുപോലെയുള്ള കാലം മുമ്പുമുണ്ടായിട്ടുള്ളതുതന്നെയാണു്. ദേവന്മാരേ—അഥവാ, ലോകത്തിലേ അതിസൂക്ഷ്മങ്ങളായ ദിവ്യപ്രഭാവങ്ങളേ—ഉഗ്രമായ കൎമ്മനിഷ്ഠയാൽ കീഴപ്പെടുത്തിനിൎത്തി, അത്ഭുതാവഹമായ ഭൌതികബലത്താൽ ഇന്ദ്രിയസുഖഭോഗങ്ങളിൽ സൎവ്വഥാ സമൃദ്ധമായി മദിച്ചുകൊണ്ടു് തപസ്വികളായ സാധുജനങ്ങളെയെല്ലാം കണ്ണീരിലാറാടിച്ചുപോന്ന ദാരുണവിക്രാന്തചരിതന്മാർ ഇപ്പോഴല്ലാ, ഇതിന്മുമ്പുമുണ്ടായിട്ടുണ്ടല്ലോ. പരമാത്മാവിനേ ദൎശിക്കുന്നതോടുകൂടി അവരേവരും അടങ്ങുകയായി. അക്കഥ ഇപ്പോഴുമിതാ, തുടരുകാണുന്നു. ഇക്കാലവും, ഒടുക്കം പരമാത്മാവിൽത്തന്നേ അടങ്ങും. സയൻസു് ചെന്നുചെന്നു് ഒടുവിൽ പൂകുന്നതു് ആത്മാവിൽത്തന്നേ. അപ്പോഴാണു് പൂൎവ്വോദയം. ലോകമാകമാനം പൂൎവ്വത്തിലേക്കു തിരിയുകയായി.

* * * *

കാണുന്നില്ലേ ആ ഉദയലക്ഷണമെല്ലാം പൂൎവ്വദിങ്മുഖത്തിലെന്നു് ഉൾക്കണ്ണെല്ലം ഉന്മീലിതരായവരുണ്ടെങ്കിൽ അവർ എഴുന്നേററു നോക്കട്ടെ. ദിനമെന്നപോലെ രാത്രിയുമുണ്ടായാലല്ലേ കാലമുള്ളു? വെളുപ്പെന്നപോലെ കറുപ്പുമില്ലാതിരുന്നാൽ, പിന്നെയെന്തു് ലോകം? ജംഗമങ്ങൾക്കെന്നപോലെ സ്ഥാവരങ്ങൾക്കും വേണ്ടതാണു് ഉറങ്ങുകയെന്നതു്. രാത്രിയായി; കറുപ്പായി; നാമൊക്കെ ഉറങ്ങുകയായി. അങ്ങിനെ നമ്മൾ ഉറങ്ങിപ്പോയ് ഒരുപാടു കാലം! ഇനിയിതാ ഉണരുകയായി. പറവാനുണ്ടോ നമ്മളിപ്പോൾ ഭാരതത്തിലല്ലാ എന്നു് ആരാനും? എന്താണു് ഈ വണ്ണക്കലപ്പു്? എന്താണു് ഈ കോട്ടുവായ്? എന്താണു് ഈ കണ്ണുതിരുമ്മൽ? എന്താണു് ഈ തപ്പിത്തടഞ്ഞുകൊണ്ടുള്ള കാൽവെപ്പു്? എന്താണു് ഈ ബാലജനാലാപം? മറെറാന്നുമല്ലാ: പ്രഭാതമായി. അധികമായുണ്ടായ ഉറക്കം കഴിഞ്ഞു പതുക്കെപ്പതുക്കേ ഉണരുകയാണു് നാം. നമുക്കിനിയാവാം പൂൎവ്വോദയം കാണുക.

* * * *

സയൻസിന്നു് തന്നെ ആരാധിക്കുന്നവൎക്കു് രക്ഷവേണമെങ്കിൽ ആത്മയോഗത്തിലേക്കു് തിരിയേണമെന്നായിരിക്കണം: സയൻസു് ഇപ്പോഴത്തെ രുദ്രഭാവത്തിൽനിന്നുയൎന്നു് ശിവാത്മകത്വം നേടുന്നതായാലേ ലോകത്തിന്നു് ശാന്തിയുണ്ടാകയുള്ളുവെന്നു് അല്പം ശങ്കിക്കയെങ്കിലും ചിലരീയിടെ ചെയ്യുന്നുണ്ടെന്നായില്ലേ? അതുപോലുമില്ലാതെയല്ലേ അതിന്നു ഇത്രത്തോളമുണ്ടായ തള്ളിക്കയറാമെല്ലാം. ഇപ്പോഴാവട്ടേ, ഭാവിയി

ലേയ്ക്കു നോക്കുമ്പോൾ കുറച്ചൊന്നു ശങ്കിക്കേണമെന്നായിരിക്കുന്നു. വേണ്ടാ, വേണ്ടാ; ആരുമേതും പേടിക്കേണ്ടാ. നല്ലതിലേയ്ക്കുതന്നെയാണ് നാം ചെല്ലുന്നതു്. സയൻസ്സ് ആത്മാമൃതത്തിന്നുവേണ്ടി ഗരുഡപ്രതിമനായി പാതാളത്തിൽനിന്നുയൎന്നു അതിവേഗം ഉത്തരാന്തത്തോളം ചെന്നു നേരെ തെക്കോട്ടേക്കു പറക്കുവാൻ തിരിഞ്ഞുനില്ക്കുന്നുണ്ടതാ!

* * * *

നാനാത്വത്തിൽ ഏകത്വം കണ്ടവർ നമ്മുടെ പൂൎവ്വന്മാരാണ്. ആ പൂൎവ്വാവസ്ഥയിലേയ്ക്കു നാം മടങ്ങുക. നാനാത്വമിതൊക്കെയും വേണ്ടിട്ടുതന്നെയാണ് ഉണ്ടായിരിക്കുന്നതു്. അതിൽ ഏകത്വം കാണുകമാത്രമേ നാം ചെയ്യേണ്ടതുള്ളു. സയൻസ്സ് അതിനെ അന്വേഷിച്ചുകൊണ്ടു് ഇങ്ങോട്ടു പുറപ്പെടുകയായി. സയൻസിന്നു് ശിവാത്മകത്വം നൽകുവാൻ പൂൎവ്വികപ്രഭാവത്താൽ നമ്മളാണ് അധികാരികൾ. അമൃതദീധിതിമൂലന്ന സാംഖ്യത്തേ—ത്രിപഥാത്മകമായ വേദത്തേ സയൻസിന്റെ മൂൎദ്ധാവിൽ നമ്മളാണ് ചൂടിക്കൊടുക്കേണ്ടുന്നവർ. അതിലേയ്ക്കു നാം തയ്യാറാകുക. ഏകത്വത്തിലേയ്ക്കു്—അകൃത്രിമമായ നിസൎഗ്ഗതയിലേയ്ക്കു് അപരദിക്ക് അതാ തിരിയുന്നതു് നോക്കു! ഏകത്വത്തേ പണ്ടു പണ്ടേ കണ്ടിട്ടുള്ള—നിസൎഗ്ഗപ്രകൃതിയിലാണ് സൌന്ദൎയ്യമെന്നു് അനുഭവിച്ചിട്ടുള്ള പൂൎവ്വദിക്ക് തന്റെ അടുക്കലേയ്ക്കു വരുന്ന ആ അഭയാൎത്ഥിയേ—യഥാവിധി അനുഗ്രഹിക്കുവാൻ തക്കവണ്ണം തന്നിലേയ്ക്കു താൻതന്നേ ഉൾപ്പൂകുകയെന്നതേ ചെയ്യുവാനൊന്നുള്ളു.

* * * *

നമ്മളേ നാം കാണണം; അതു മാത്രമേ വേണ്ടു നാം പ്രബുദ്ധരാകുവാൻ. അന്യരേനോക്കിയാണ് നമ്മുടെ നില. അതു വെറും ദാസ്യവൃത്തിയല്ലയോ? അന്യരെയെപ്പോഴും നോക്കിക്കൊണ്ടുനിന്നുനിന്ന്, ആ പരകീയവികാരമലങ്ങളെയെല്ലാം അകത്തും പുറത്തും ചെലുത്തി, ഒട്ടല്ലാതെ ചീത്തുവിത്തവരായല്ലോ നാമിപ്പോൾ! അന്യത്വത്തിലായി നമ്മുടെ നില. അന്യത്വത്തിൽകൂടിയാണ് നാം നമ്മളെ കാണുന്നതു്. നമുക്കുള്ളതൊക്കെയും അന്യമന്യമെന്നായി. അന്യമായിട്ടല്ലാതെ നമുക്കൊന്നുമല്ലെന്നായാൽ, അവിടെയുണ്ടോ, പിന്നെ, ആത്മചൈതന്യം, ഈ അന്യബാധയാൽ സമസ്ഥിതി പിഴച്ച് നാംതമ്മിലെപ്പോഴും കലഹിക്കുകയെന്നായി. ഇങ്ങിനെയുള്ള നമ്മോടു് ഏകത്വത്തിന്നു് വിദ്വേഷമുണ്ടായതിൽ അത്ഭുതമെന്തു്? നാം ഇതുവരെ ഉറങ്ങുകയായിരുന്നു. അത്രയും കാലം നമുക്ക് അവശരായിട്ടു കഴിയേണ്ടിവന്നു. നമുക്കുള്ളതെല്ലാം അന്യമായി. പരകീയഭാഷ, പരകീയവിചാരം, പരകീയാചാരം, പരകീയവിഭവം

എന്നിവയാൽ നാം ആകമാനം ബദ്ധരായി. നമുക്കു നമ്മളിലേയ്ക്കു നോക്കുവാൻ ശക്തിയില്ലെന്നുവന്നു. നമ്മുടെ നോട്ടം അന്യത്വത്തിൽ മാത്രമായി ഉറച്ചു. അങ്ങിനെ, നാംതന്നെ നമ്മളെ മറക്കുകയെന്നായി. ഇപ്പോഴിതാ നാം ഉണരുന്നു. ഇനി നമുക്കു് ആ അന്യതയിലേയ്ക്കു വേണ്ടാ നോട്ടം. നമ്മുടെ ഉൽകൎഷത്തിന്നു നാം നമ്മളെത്തന്നെ നോക്കണം. നമുക്കുള്ളതേതോ അതിൽനിന്നുവേണം നാം പൊങ്ങുവാൻ. അന്യമായുള്ളവകൊണ്ടു് നാം നമ്മളെ കെട്ടിപ്പൊതിഞ്ഞാൽ ആ വേഷത്തിൽ ആരാനുമല്പം അഴകുകണ്ടേക്കാമെങ്കിലും, അതു നമ്മുടെ സാക്ഷാൽ പ്രകൃതിയെ ദൂഷിപ്പിച്ചു് നമ്മെത്തന്നെ, ഒടുക്കം, നശിപ്പിക്കുന്നതായിട്ടാണു തീരുക. നമ്മളിലുള്ളതു് എത്ര തുച്ഛമായിരുന്നാലും, അതിൽ നാം സുവ്രതരായി ഇറങ്ങിനിന്നു്, അതിൽക്കൂടി ഉപൎയ്യുപരി നടന്നുചെന്നാൽ മാത്രമേ, അന്യത്വത്തിൽനിന്നു് മുക്തരായി ആത്മസ്വാതന്ത്ര്യത്തിൽ എത്തുന്നതിന്നു നമുക്കു കഴികയുള്ളു. നാം നമ്മളിലേയ്ക്കുതന്നെ നോക്കുമാറാവണം; അന്യമായുള്ളതു മുഴുവൻ നമ്മളിൽനിന്നു് നാം അകററുമാറാവണം; നമുക്കുള്ളതു് ഏതെന്നും എങ്ങെന്നും നാം കാണുമാറാവണം; നമുക്കുള്ളതിനെക്കൊണ്ടുതന്നെ നാം ഉയരുമാറാകയും ചെയ്യണം.

*    *    *    *

പരമസ്വാതന്ത്ര്യത്തെ തേടിത്തേടിക്കൊണ്ടു് അപരദിക്കു് യഥാകാലം പൂൎവ്വദിക്കിലേയ്ക്കു തിരിയുമ്പോഴെല്ലാം നമുക്കു പണ്ടുപണ്ടേയുള്ള ആത്മയോഗത്തിലേയ്ക്കു മടങ്ങിപ്പോവുക. നമ്മുടേതൊരു കുണ്ടൻകിണറാവാം. അവരുടേതു മഹാസാഗരവും. എങ്കിലും-അതിലുള്ളതു് ഉപ്പുനീർ. ഇതിലുള്ളതു് ഉപ്പുനീർ. ഇതിനെക്കൊണ്ടുവേണം അവരുടെ തൃഷ്ണയ്ക്കു ശമനമുണ്ടാകുവാൻ. ലോകത്തിന്നാകമാനം ആത്മരക്ഷയ്ക്കു് ഇപ്പോൾ വേണ്ടിയിരിക്കുന്നതു് നമ്മുടെ ഈ കുണ്ടൻകിണററിലെ നീരാണു്. ആ കിണറു് മുൾപ്പടപ്പുകൾകൊണ്ടു മൂടിമറഞ്ഞു്, എങ്ങിനെയെല്ലാമോ ജീൎണ്ണിച്ചുകിടക്കുകയാണിപ്പോൾ. എങ്കിലും, അതിലെ ഊററു് എന്നുമേതും കുറയാത്തതാണെന്നു്, അതിന്നരികേ യാദൃച്ഛികമായിട്ടെങ്കിലും നാം ചെല്ലുമ്പോഴെല്ലാം നമുക്കേല്ക്കാറുള്ള ആ കുളിൎമകൊണ്ടു ശരിക്കു് അനുമാനിക്കാവുന്നതാണു്. നാം നമ്മുടെ ആ ആത്മകൂപത്തെ ആവുംപോലെയെല്ലാം വെടിപ്പാക്കിവെക്കുക. അപ്പോൾ അറിയാം സ്വാതന്ത്ര്യമുരളീഗാനം അകലെയെങ്ങോനിന്നു് നമ്മളിലലകെട്ടുകുന്നതു്.

*    *    *    *

നമുക്കില്ലാ ആ മതബന്ധം; നമുക്കില്ലാ ആ ജാതിഭേദം. പൂൎവ്വത്തിലേയ്ക്കു കേറിക്കേറി നോക്കാമെങ്കിൽ അവിടെയൊരിടത്തും കാണുന്നതല്ലാ ഈ മതവും ജാതിയും. മതമില്ലാത്തവരാണു് പണ്ടുപണ്ടേ നാം.

യാതൊരു മതത്തോടും നമുക്കില്ലാ ബന്ധമേതും. അതിൽ നാം സൎവ്വതന്ത്ര സ്വതന്ത്രരാണ്. ആസ്തികനോ നാസ്തികനോ നമുക്കാകാം. സഗുണോപാസകനും നിൎഗ്ഗുണോപാസകനും നമുക്കുണ്ട്. ബ്രഹ്മധ്യാനപരന്മാർ മുതൽ ഇങ്ങേ അററം മൃഗങ്ങളിൽ മാത്രമല്ലാ, കല്ലിലും മരത്തിലുംപോലും ആരാധനചെലുത്തുന്നവർ നമ്മളിൽ ഉൾപ്പെട്ടും. ബുദ്ധനും, ക്രിസ്തുവും, ആ പ്രവാചകന്മാരുമെല്ലാം നമുക്ക് ഭജനീയരാണ്. ആരെയെന്നും ഏതിനെയെന്നും നിൎബ്ബന്ധമില്ലാതെ, അവരവരുടെ വിശ്വാസംപോലെ പൂൎണ്ണസ്വാതന്ത്ര്യത്തോടെ ഉപാസിക്കുവാൻ നമുക്ക് അധികാരമുണ്ട്. ഈ അവസ്ഥയിൽ ഇവിടെ മതത്തിനെങ്ങിനെ നിലകിട്ടും? എന്നാൽ, അന്യബാധയാൽ നമുക്കു മതമുണ്ടെന്നു നാം ഇപ്പോൾ വ്യാമോഹിതരായിത്തീൎന്നിരിക്കുന്നു. മതബന്ധം തെല്ലുമില്ലാത്തതായ ഒരവസ്ഥയെക്കുറിച്ചു വിചാരിക്കുവാൻപോലും വിരിവില്ലാത്തവരാണ് അന്യർ. അവരിലാരോ മതമില്ലാത്ത നമ്മുടെ അവസ്ഥയെപ്പോലും മതമാണെന്നാക്കിത്തീൎത്തു. പുണ്യപ്രസാദമായി മൂഢതയാ അതിനെ ശിരസാവഹിച്ചിട്ട് ഒരായിരത്തോളം വത്സരമേ ആയിട്ടുള്ളു. ആ മതമലം ഈ നിദ്രാധീനരിൽ വദ്ധിച്ചു വദ്ധിച്ച് ഇപ്പോൾ കട്ടപിടിച്ചു മുരകിച്ചേൎന്നിരിക്കയാണ്. അന്യത്വത്തിൽനിന്നുണ്ടായതാണു നമുക്ക് ഈ മതവ്യാമോഹം. നാം ആത്മവശഗരായാൽ നമുക്കില്ലാ പിന്നെയീ മതബാധ. യാതൊരു മതത്തിലും അകപ്പെട്ടുനില്ക്കാതെ, നല്ലതൊന്ന് ഏതിടത്തുകണ്ടാലും അതിനെയൊക്കെ ഒരുപോലെ ആദരിച്ചുപോരുകയെന്ന ധൎമ്മമാണു നമുക്കുള്ളത്. നാം പൂൎവ്വത്തിലേയ്ക്കു തിരിയുക; മതബന്ധമില്ലാത്ത ആ സ്വതന്ത്രാവസ്ഥയിൽ നാം എത്തട്ടേ. ലോകത്തിന്നിപ്പോൾ കണ്ടുകിട്ടേണ്ടതു് ആ അവസ്ഥതന്നെയാണ്. അതു നമ്മളിൽ പൂൎവ്വികസ്വമായുണ്ട്. അന്യമായ ഈ മതക്കറയേ നമ്മളിൽനിന്ന് നിശ്ശേഷം തേച്ചു കഴുകിക്കളയുകയേ വേണ്ടു. ഉണരുവിൻ ഉണരുവിൻ! ഈ മതവ്യാമോഹത്തിൽനിന്ന് ഉണരുവിൻ! നമുക്കു പണ്ടില്ലാത്തതാണിതു്. ജനപദങ്ങളിൽച്ചെന്നുനോക്കിയാൽ, അവിടെ ഇതു് എത്തി വരുന്നതേയുള്ളുവെന്നു കാണാം. അന്യമായ പുതിയൊരു വരവാണു നമുക്ക് ഈ മതം. ഇതിൽ നാം പലകാലം മുഴുകിക്കിടന്നുപോയ്! അത്രയ്ക്കു നമുക്ക് ആപൽബാധയുമുണ്ടായി. ഇനി നാം ഇതിൽനിന്നു പൊങ്ങുമാറാവട്ടെ. മതമെന്നതു വെറും ദ്വേഷാത്മകമാണെന്നതു നാമേവരും അറിഞ്ഞുകഴിഞ്ഞു. പ്രേമാത്മകമായ നിൎമ്മലതത്വത്തിലേയ്ക്കു് ഇനി നാം തിരിയുക. എല്ലാ മതവും നമ്മുടേതുതന്നെ. ഒരു മതവും നമുക്കില്ലാ. ഏതാണു വാസ്തവം, അതു നാം സുദൃഢം ഗ്രഹിക്കണം.

* * * *

പിന്നെ ഈ ജാതിയോ? കഷ്ടമേ, കഷ്ടം! അതിലുമെത്രയാണു നാം വ്യാമോഹിതരായിരിക്കുന്നതു്? നമുക്കുണ്ടായിരുന്നുവോ മുമ്പെപ്പോഴെങ്കിലും ജാതി? രാമായണത്തിലോ ഭാരതത്തിലോ ജാതിയെക്കുറിച്ചുണ്ടോ പ്രസ്താവം വല്ലതും? നല്ലതൊക്കെ നല്ലതുതന്നെയെന്നല്ലാതെ, മറെറാരുജാതിനിബന്ധന നമുക്കുണ്ടായിരുന്നില്ലാ പൂർവ്വത്തിൽ. നമ്മളിൽ ഇപ്പോൾ കാണുന്ന ഈ ജാതിഭേദങ്ങളെല്ലാം തീരെ അന്യങ്ങളാണു. നാമേവരും ലോകസേവനാർത്ഥം തൊഴിലാളികളായിട്ടാണു് പൂർവ്വകാലത്തു് വർത്തിച്ചുപോന്നിരിക്കുന്നതു്. തൊഴിലില്ലാത്തവർ—നിലയില്ലാത്തവർ- ആരുമില്ലാ അന്നു്. എല്ലാവക്കും അവരവരുടേ തൊഴിലിൽ നിർബ്ബാധം പ്രയത്നിക്കാം. ആ തൊഴിലാവട്ടേ, കർത്തവ്യകർമ്മത്തിൽ ഉൾപ്പെട്ടിരുന്നതിനാൽ ആക്കുമേതും ഭാരമായതുമില്ല. ഓരോ ആളും അവരവനുള്ള ദിനകൃത്യങ്ങൾ ശരിക്കു് ആചരിക്കുകമാത്രം ചെയ്താൽ മതി. അതിൻെറ ആകത്തുകയിൽ പ്രശോഭിക്കുന്നതു് സാക്ഷാൽ ലോകകാര്യം. ഇങ്ങിനെയായിരുന്ന നമ്മളിൽനിന്നു് നമ്മുടെ നിദ്രാകാലത്തു് ആ തൊഴിലൊക്കെയും അന്യത്വത്താൽ നശിച്ചുപോയി! അവരവരുടേ തൊഴിലിനുവേണ്ടി അനുഗുണമായ ഓരോസ്ഥാനം അവരവക്കുണ്ടായിരുന്നതിൽ, നമ്മുടെ വൈവശ്യംകൊണ്ടു് നമുക്കു് വീണുകിടക്കേണ്ടതായുംവന്നു. ആ സ്ഥാനം പൂർവ്വത്തിൽ കർമ്മഗുണംകൊണ്ടു് ജീവനായിരുന്നു. അതിൽനിന്നു് കർമ്മമശേഷം അന്യബാധയാൽ നീങ്ങുകയാൽ ഇപ്പോൾ അതു് നിർജ്ജീവമാണു്. ആ നിർജ്ജീവസ്തുവിന്മേൽ പരകീയമായ ജാതിച്ഛായം ധാരാളം ചെലുത്തി ഒരു വക കാഴ്ചപ്പുതുമ വരുത്തീട്ടുണ്ടു്. അതിനെക്കൊണ്ടും 'ഞാൻ ഞാൻ' എന്നു് ഇപ്പോൾ നമ്മൾ ഇടയുമാറായി. നമുക്കു ജാതിയില്ലാ; തൊഴിലാണു് നമുക്കുണ്ടായിരുന്നതു്. ആ തൊഴിൽ നമുക്കിപ്പോൾ നഷ്ടമായിരിക്കയാണു്. തൊഴിലേന്തുന്നതിലേക്കു് അടയാളമായുണ്ടായിരുന്ന ആ നാമമുദ്രമാത്രം നമ്മളിൽ അവശേഷിച്ചിരിക്കുന്നു. അതിന്നു് ജാതിയെന്നു് പേർകൊടുത്തു നമ്മളിൽതന്നെ അതിനെ ഉറപ്പിക്കുകയും ചെയ്തിരിക്കുന്നു. പാരവശ്യംകൊണ്ടു് ഇതൊന്നും നാം അറിയുന്നില്ലാ. നമുക്കു ജാതിയുണ്ടെന്നു് നാം വൃഥാ വ്യാമോഹിതരായല്ലോ. മുമ്പൊരിക്കലും നമുക്കതു് ഉണ്ടായിരുന്നില്ലാ; ഇപ്പോഴുമില്ലാ അതു്. അന്യമായ വെറും ഛായപ്പകിട്ടിൽ നാം ഭ്രമിച്ചിരിക്കയാണു്. അതിൽനിന്നുണർന്നു് നാം നമ്മുടെ പൂർവ്വത്തിലേക്കു് നോക്കുക. നല്ലതൊക്കെയും നല്ലതുതന്നെയെന്നല്ലാതെ—തൊഴിലൊക്കെയും ഒരേ നിലക്കു് സഫലങ്ങൾതന്നെയെന്നല്ലാതെ വേറെയൊരുജാതി നമുക്കില്ലാ. ജാതിയില്ലാത്ത ആ സുഭഗാവസ്ഥയിലേക്കു നമുക്കുയരാം. നമ്മളിൽക്കാണുന്ന ഈ ജാതിക്കറ അന്യ

ബാധയാൽ ഉണ്ടായതാണെന്നറിഞ്ഞുകൊണ്ട് അതിൽ നിന്നു വിട്ടുനില്ക്കുവാൻ നാം മുതിരുകമാത്രമേ വേണ്ടതുള്ളു: അങ്ങിനെയായാൽ ലോകത്തിന്നാകമാനം പ്രകാശം കാണിക്കുവാൻ നാം ആളാകും. നമുക്കു ജാതിയില്ലാ; നമുക്കു മതവുമില്ലാ; എല്ലാം ഏകം — ഇതാണു നമ്മുടെ പൂർവ്വമന്ത്രം. ഇതാണു നമ്മുടേ ആത്മവശത്വത്തിന്നായി നാം നിത്യം ധ്യാനിക്കേണ്ടുന്ന ഏകമന്ത്രം.

ചാതുർവ്വർണ്ണ്യമെന്നുകേൾക്കുമ്പോഴേക്കും ചിലരുണ്ടിതാ വിറളുന്നു. ബ്രാഹ്മണാദിനാലുവർണ്ണങ്ങൾക്കു. അവർ കാണുന്ന മൂർത്തികൾ ആ ഏടാകൂടക്കോമരം പൊറോത്തൻ നമ്പൂരിയും, പട്ടിണികിടക്കുന്ന കേരളവർമ്മൻ തിരുപ്പാട്ടും അടകറെപ്പിട്ടുകിറ വേലായുധൻ ചെട്ടിയും, എച്ചിൽപെറുക്കി രാരപ്പൻനായരുമാണ്. ഈ ഉഭയഭ്രഷ്ടന്മാരേ സംരക്ഷിക്കുവാനാണ് ചാതുർവ്വർണ്ണ്യത്തേ പൊക്കുന്നതെന്ന് അല്പജ്ഞന്മാർ പേടിക്കുന്നു. ബ്രാഹ്മണനുംക്ഷത്രിയനും വൈശ്യനുമൊക്കെയും ഭ്രഷ്ടന്മാരായി അധഃപതിക്കയെന്നതു് അന്നേ കഴിഞ്ഞു. ഒരൊററ ബ്രാഹ്മണൻപോലും, ഒരൊററ ക്ഷത്രിയൻപോലും പൂർവ്വികദൃഷ്ട്യാ ഇന്ന് ഈ ഇന്ത്യാരാജ്യത്തു് ഇല്ലെന്നു ഞാൻ മുറിച്ചുറച്ചു പറഞ്ഞുകൊള്ളുന്നു. ചാതുർവ്വർണ്ണ്യം നിശ്ശേഷം അസ്തമിച്ചിട്ടു കാലം വളരെയായി ബുദ്ധന്റെ ആഗമനത്തിന്ന് എത്രയോമുമ്പുതന്നേ ചാതുർവ്വർണ്ണ്യം ഇന്ത്യയിൽ ഉറക്കം തുടങ്ങിയിരിക്കുന്നു. ഇന്ന് ഇവിടെയെങ്ങും ഇല്ലാത്തതാണ് ചാതുർവ്വർണ്ണ്യം. പൂർണ്ണജ്ഞാനം, പൂർണ്ണവിക്രമം, പൂർണ്ണകുശലം, പൂർണ്ണസേവനം — ഇതു നാലുമാണു ചതുർവ്വർണ്ണ്യത്തിന്റെ ഉള്ളടക്കം. സമസ്തലോകത്തിന്നു മാത്രമല്ലാ, ഓരോരാജ്യത്തിന്നു മാത്രമല്ലാ, ഓരോ വർഗ്ഗത്തിന്നുമാത്രമല്ല, ഓരോ ആൾക്കും ജീവിതശ്രേയസ്സിന്നു ചാതുർവ്വർണ്ണ്യനിഷ്ഠ വേണം. വിചാരിക്കുന്നതു് ഏതോ എന്നായി, ചെയ്യുന്നതു് എങ്ങിനെയെന്നില്ലാതേ, ചെല്ലുന്നതു് എന്തിനെന്നു കാണാതേ, നടക്കുന്നതു് എങ്ങോട്ടെന്നു നോക്കാതെയായി, ഒരാൾ വർത്തിക്കയാണെങ്കിൽ അവന്റേതു പുരോഗതിയാണെന്ന് ആരാനുമുണ്ടാകുമോ പറയുവാൻ! എന്നാൽ, ഇന്നു ലോകത്തിന്നുള്ളതു്, വിശേഷിച്ചു ഭാരതത്തിന്നുള്ളതു്, തീർച്ചയായും ശ്രേയോവിലാസമല്ലാ. ജ്ഞാനം, വിക്രമം, വ്യാപാരം, സേവനം ഇവനാലും കൊണ്ടല്ലാതേ ജീവിതസൌഭാഗ്യം സംഭാവ്യമല്ലല്ലോ. അവയുടെ പ്രവർത്തനം അനുക്രമമായിട്ടല്ലാതേ, പര്യാകുലമായിട്ടാവരുതു്. ഈ വഴിക്കു് അല്പമൊന്നു ചിന്തിച്ചുചെല്ലാമെങ്കിൽ, മാനവവംശത്തിന്റെ സുഖപരിപൂർത്തി സാക്ഷാൽ ചാതുർവ്വർണ്ണ്യത്തിലാണ് നിലകൊള്ളുന്നതെന്ന് അഭിജ്ഞന്മാർക്കു കാണുവാൻ കഴിയും. പക്ഷേ, ഇതു വെറും ആദർശവാദമാണെന്ന് എനിക്കു സമ്മതിക്കേണ്ടതുണ്ട്. എങ്കിലും, ഈ ആദ

ശ്ത്തോട്ടു മുമ്പൊരുകാലത്തു് ഇവിടെ യോഗമുണ്ടായിരുന്നുവെന്നതു നമു ക്കിഃപ്പോൾ സ്മരിക്കരുതാത്തതല്ലല്ലോ. ശോകസന്തപ്തമായ ലോകം സുഖ ത്തിന്നായി ഉഴറിക്കൊണ്ടു പൂൎവ്വത്തിലേക്കു തിരിഞ്ഞുനോക്കുമ്പോൾ, ആക മാനം സംപ്രീതി വൎദ്ധിക്കുമാറു് ഈ ചതുർമ്മുഖസൎഗ്ഗം ഭാരതത്തിൽ നിന്നു സമുജ്ജ്വലിച്ചുകാണുമാറാവട്ടേയെന്നു് ഏകസ്വരത്തിൽ സൌമന സ്യത്തോടെ പ്രാൎത്ഥിക്കുവാനെങ്കിലും നാം ആളായിവന്നാൽ നമുക്ക ങ്ങോട്ടു വിജയംതന്നെ.

# അപൂൎണ്ണചിത്രം

[ഉള്ളാട്ടിൽ ശങ്കരമേനോൻ ബി. എ]

## I

'ഹിന്ദുസ്ഥാനത്തിലെ മയിൽപ്പേട' എന്നാണ് അവൾ അറിയപ്പെട്ടിരുന്നതു്. മെഹറുന്നീസയുടെ സൌന്ദൎയ്യം അവളുടെ ദിഗ്‌വിജയിയായ പിതാവിന്റെ പടവാളിനെക്കാൾ നാട്ടുകളെ വശീകരിച്ചു. ആക്ബർ പാദുഷായുടെ സാമ്രാജ്യം കാണ്ടഹാർതൊട്ടു ഗോൽക്കണ്ടവരയേ ഉണ്ടായിരുന്നുള്ളു; എന്നാൽ പുത്രിയുടെ സൌന്ദര്യം—കേട്ടുകേൾവി ശരിയാണെങ്കിൽ—നൎമ്മദതൊട്ടു ടൈഗ്രീസു നദീതീരം വരെയുള്ള വിസ്തൃതരാജ്യങ്ങളിൽനിന്നും കപ്പം വാങ്ങിയിരുന്നു. ജനനംകൊണ്ടു ചക്രവൎത്തിയുടെ പുത്രി, സൌന്ദൎയ്യംകൊണ്ടു സ്ത്രീകളിൽ ചക്രവൎത്തിനി—മെഹറുന്നീസയുടെ അസഹ്യമായ ഗൎവ്വിൽ ആരും അത്ഭുതപ്പെട്ടില്ല. വിസ്തൃതമായ ലോകത്തിൽ ഒരു പുരുഷനെ മാത്രമെ അവൾ ബഹുമാനിച്ചിരുന്നുള്ളു. ഹിന്ദുസ്ഥാനചക്രവൎത്തിയായ സ്വപിതാവിനെ മാത്രം. മററു പുരുഷന്മാരുടെ പേരുകേട്ടാൽ അവളുടെ ആ മണിച്ചുണ്ടുകൾ അവജ്ഞയോടുകൂടി ഒന്നു 'കോട്ടുക'യാണ് പതിവു് എന്നാണ് കേൾക്കാറ്. ആരാണ് അവളെ കണ്ടിട്ടുള്ളതു്, കൊട്ടാരത്തിലെ കൊഞ്ചുന്ന തത്തകളും, കളനൂപുരങ്ങൾ കിലുക്കി നടക്കുന്ന അവളുടെ കളിത്തോഴികളുമല്ലാതെ? അനവധി പ്രഭുക്കന്മാർ, രാജകുമാരന്മാർ, അവളുടെ പാണിഗ്രഹണത്തിന്നായി ചക്രവൎത്തിയുടെ അനുമതി വാങ്ങിച്ചു. അവക്കു കൊടുക്കുവാനായി മേഹറിനു ഹൃദയംഗമമായ പുച്ഛമെ ഉണ്ടായിരുന്നുള്ളു. മകൾക്കു ഇഷ്ടമില്ലാത്ത ഇക്കാൎയ്യം തന്റെ ഇഷ്ടം മാത്രം പ്രമാണിച്ചു നടത്തുവാൻ ആക്ബർ ഒരുങ്ങിയില്ല. ഏററവും പ്രതാപിയായ ഏകച്ഛത്രാധിപതിയും ദുൎബ്ബലനായ ഒരു പിതാവാണല്ലൊ!

## II

ലോകത്തിന്റെ കിഴക്കെ ഭാഗത്തു മുഴുവൻ അന്നു എരമ്പിയ ഒരു ഉത്സവമായിരുന്നു. 'ഷാ അബ്ബാസ്' എന്നു പിന്നീടു ലോകപ്രസിദ്ധനായ പേർഷ്യൻ യുവരാജാവിന്റെ 'സുന്നത്തു്' കല്യാണമായിരുന്നു അന്നു്. ആക്ബർ ചക്രവൎത്തിയുടെ വക സമ്മാനം ഒരുനൂറു ഒട്ടകപ്പുറം നിറച്ചു കനകക്കട്ടകളായിരുന്നു. പതിവുപോലെ, പുരുഷത്വത്തിലേയ്ക്കു കാലെടുത്തു കുത്തുന്ന ആ ആദ്യത്തെ ദിവസം, തനിക്കു ഇഷ്ടമുള്ള രണ്ടു വരങ്ങൾ ചോദിക്കുവാൻ മകനെ പേർഷ്യൻ ഷാ അനുവദിച്ചു.

നിറഞ്ഞ ദർബാറിൽവെച്ച് അദ്ദേഹം മകനോട് പറഞ്ഞു. "നിനക്കു ഏററവും ഇഷ്ടമുള്ള രണ്ടു വസ്തുക്കൾ ചോദിക്കുക."

"അറേബ്യയിലെ അത്തർ" എന്നു പറഞ്ഞു കുമാരൻ നിൎത്തി.

"ഒന്നുകൂടി ചോദിക്കു."

കീഴ്പോട്ടു നോക്കി, ഒരു ലജ്ജാവിവശമായ സ്വരത്തിൽ രാജകുമാരൻ പറഞ്ഞു. "ദില്ലിയിലെ മേഹർ"

ഉടൻതന്നെ രാജകുമാരനെ പരിവാരസമേതം ദില്ലിയിലേക്ക് അയച്ചു. ഇത്രയും യോഗ്യനായ ഒരു ജാമാതാവിനെ ലഭിക്കുന്നതിൽ ആക്ബർ പാദുഷാ അസാമാന്യമായി സന്തോഷിച്ചു. ചക്രവൎത്തിയോഗ്യമായ ഒരു സൽക്കാരമാണു രാജകുമാരനു ദില്ലിയിലുണ്ടായതു്. എന്നാൽ ഉദ്ധതമായ സ്ത്രീഹൃദയത്തിൻെറ മുമ്പിൽ ചക്രവൎത്തികളുടെ ആഗ്രഹങ്ങൾ അന്നും മുട്ടുകുത്തുകതന്നെ ചെയ്തു. "എനിക്കു കല്യാണം കഴിക്കേണ്ട അച്ഛാ—" രാജകുമാരി ശാഠ്യം പിടിച്ചു. ചക്രവൎത്തി നിരാശനായി; എങ്കിലും ഇക്കാൎയ്യത്തിൽ മകളെ നിർബ്ബന്ധിച്ചില്ല. "എന്നാണു മേഹർ നിന്നെ ഞാൻ ഒരു സ്ത്രീയായി കാണുക!"—അദ്ദേഹം ഇത്രയും പറഞ്ഞു പോവുകയാണു ചെയ്തതു്. പേർഷ്യൻ രാജകുമാരനെ വിവരം അറിയിച്ചു. അബ്ബാസ്, ആതിഥേയൻ തന്നെ അപമാനിച്ചതായി വിചാരിച്ചു ചരിത്രം ആവൎത്തിക്കുമെന്ന ഘട്ടമായി. രണ്ടു വമ്പിച്ച സാമ്രാജ്യങ്ങൾ സുന്ദരിയായ ഒരു സ്ത്രീക്കുവേണ്ടി ഒരിക്കൽകൂടി യുദ്ധം ചെയ്യാൻ മുതിൎന്നു. ഒടുവിൽ രാജകുമാരൻ മേഹറിൻെറ ഒരു ചിത്രം കൊണ്ടു തൃപ്തിപ്പെട്ടുകൊള്ളാമെന്നു സമ്മതിച്ചു. തൻെറ ഒരു ചിത്രത്തിനു് അനവധി ജനങ്ങളുടെ ജീവഹാനികൂടാതെ കഴിക്കുവാൻ കഴിവുണ്ടായി എന്നു ഭാവിജനപരമ്പരകളും മനസ്സിലാക്കുമെന്നു് ഓൎത്തപ്പോൾ, ഗൎവ്വോടുകൂടിയ ഒരു ആത്മാഭിമാനത്തോടുകൂടി, ആ ചക്രവൎത്തികുമാരി അതിനു വഴിപ്പെട്ടു. വേഗത്തിൽ അവളുടെ ഒരു എണ്ണച്ഛായച്ചിത്രം പേർഷ്യയിൽ എത്തിക്കാമെന്ന ഖരാറിന്മേൽ, അബ്ബാസിനെ മടക്കിയയച്ചു.

III

ജയദേവസിംഹൻ അന്നു ദില്ലിദർബാറിലുണ്ടായിരുന്ന ചിത്രകാരന്മാരിൽവെച്ചു ഏററവും ചെറുപ്പക്കാരനായിരുന്നു. യൌവനത്തെ പ്രോത്സാഹിപ്പിക്കുന്നതിൽ ആക്ബർ പാദുഷ അത്യന്തം കുതുകിയായിരുന്നുവല്ലോ. രാജകുമാരിയുടെ പടം വരയ്ക്കുവാൻ പാദുഷ ജയദേവനെയാണു ഏല്പിച്ചതു്. പക്ഷെ ഒരു ബുദ്ധിമുട്ടു നേരിട്ടു. മുഗ്ദ്ധകളായ മുഗളാംഗനമാരെ മൂടുപടം ഇട്ടല്ലാതെ ഒരു പുരുഷനും കാണ്മാൻ പാടില്ലായിരുന്നു. ഛായവരയ്ക്കുവാൻ അവളെ കാണുകയും വേണം.

പണ്ടു അലാവുദ്ദീൻ ചിതോർ പിത്മിനിയുടെ രൂപം കണ്ടകഥ ആക്ബർ ഓർമ്മിച്ചു. മൂടുപടം മാററിയ മേഹറുന്നീസയുടെ മുഖം ഒരു വലുതായ നിലക്കണ്ണാടിയിൽ പ്രതിബിംബിച്ചു കാണുന്നതു നോക്കി ജയദേവൻ വരയ്ക്കുവാൻ അദ്ദേഹം ഏർപ്പാടു ചെയ്തു.

IV

അതു ഷഹബാൻ മാസമായിരുന്നു. ആഗ്രായിലെ പൂത്തു തളിർത്ത പൂന്തോട്ടങ്ങളെ ഗംഗയുടെ നിലപ്പട്ടിൽ പ്രകൃതിയുടെ വിശേഷാത്തരമായ കയ്യ് പകർത്തുകയായി. അന്നാണു ജയദേവൻ രാജകുമാരിയുടെ രൂപം വരയ്ക്കുവാൻ ആരംഭിച്ചതു്. വിലാസിനിയായ ഒരു തോഴിയെക്കൊണ്ടു വീശിപ്പിച്ചു്, മൃണാളനാളമൃദുലമായ അംഗുലികളെക്കൊണ്ടു് ഒരു പനനീർപൂവ് തിരുപ്പിടിച്ചുകൊണ്ടു് ഒരു സ്വർണ്ണ നീരാളമെത്തമേലേയ്ക്കു പടന്നു കയറിയിരുന്ന ആ സുന്ദരിയെ അയാൾ കുറച്ചു നേരം—വേണ്ടതിലും കുറച്ചധികം നേരമായെന്നു രാജകുമാരിക്കും തോഴിക്കും തോന്നി—നോക്കിനിന്നു. അന്നു ചിത്രം വര കഴിഞ്ഞു് എഴുന്നേററയുടനെ മേഹർ തോഴിയോടു പറഞ്ഞു:—"എന്തൊരു രസമില്ലാത്ത ഒരു മുഖമാണു ആ ചെറപ്പക്കാരന്റെ".

V

ആഴ്ചകളായി, ജയദേവൻ മേഹറിന്റെ പടം വരയ്ക്കുവാൻ തുടങ്ങിയിട്ടു്. സൃഷ്ടികർത്താവിന്റെ കൈവിരുതിനെക്കൂടി അതിശയിക്കത്തക്ക അത്ര തന്മയത്വത്തോടും ചാതുരിയോടുംകൂടി അയാൾ അവളുടെ മധുരദർശനമായ ഓരോ അംഗത്തേയും പകർത്തിത്തുടങ്ങി. നേർത്തുവളഞ്ഞു രാജസമായ ആ പുരികക്കൊടികൾ, നീണ്ടുവിടർന്നു ശോഭിക്കുന്ന ആ നിലക്കണ്ണുകൾ, തുടുത്തു മിനുത്തു പുഞ്ചിരി തുളുമ്പുന്ന ആ അധര പുടങ്ങൾ, കോമനകളായ ആ നുണക്കുഴികൾ—അങ്ങിനെ ഹാഫീസിന്റേയും സാദിയുടേയും മധുനിഷ്യന്ദികളായ കവിതകളുടെ ഒരു സമ്മോഹന സങ്കലനം പോലെ പ്രൌഢസുന്ദരമായ അവളുടെ രൂപത്തെ അയാൾ അനുരൂപതയോടെ, ഇതളുകൾ ഇതളുകളായി, ചിത്രീകരിച്ചു. അയാളുടെ ആ വരയ്ക്കലിൽ, ആ നോട്ടത്തിൽ, ദേഹത്തിന്റെ ആ ചലനത്തിൽ—ഒക്കെ—എന്തെന്നില്ലാത്ത ഒരു ആവേശം, ഒരു കലികൊള്ളൽ, ഉണ്ടായിരുന്നു. അയാളുടെ ആ ചിത്രം വരകാണുന്നതിൽ ഒരു കൌതുകം രാജകുമാരിക്കും തോന്നിത്തുടങ്ങി.

അന്നൊരുദിവസം മേഹർ അവളുടെ തോഴിയോടു പറഞ്ഞു. "നോക്കൂ ഗോഹർ, നീ കൂടി ഈ മുറിയിൽ ഇരുന്നു് ഇങ്ങിനെ ബുദ്ധിമുട്ടേണ്ട. എന്തൊരു ഉഷ്ണമാണിവിടെ!" ഗോഹർ പോയി. അവളും സ്ത്രീയായിരുന്നുവല്ലോ!

VI

ഈയിടെയായി ജയദേവൻ മേഹറിനെ—അസ്സലിനെ—അത്ര നോക്കാറേയില്ല. അവളുടെ ഛായ അയാളുടെ ഹൃദയത്തിൽ പതിഞ്ഞതിനെ അയാൾ പകൎത്തുകയാണെന്നാണു വിചാരിക്കേണ്ടതു്. ഇടയ്ക്കു് അയാൾ ഒരു ഉന്മത്തനെപ്പോലെയായി—വരയ്ക്കുന്നതിൽ അത്ര ഉത്സാഹം, പരിസരങ്ങളെക്കുറിച്ചു് അത്ര അശ്രദ്ധ. അയാളുടെ കയ്യുകൾ കഴയ്ക്കാറില്ല, വിയൎത്തൊലിക്കുന്നതു അയാൾ അറിയാറില്ല. ചിലപ്പോൾ—അവളുടെ കവിളുകൾ തുടുപ്പിക്കുമ്പോഴാവാം, അധരങ്ങൾ മിനുക്കുമ്പോഴാവാം,—അയാളുടെ കൈകൾക്കു ഒരു വിറയലും, കണ്ണുകളിൽ വിവരിക്കാൻ വയ്യാത്ത ഒരു തിളക്കവും ഉണ്ടാവും. അവളുടെ മുഖത്തിന്റെ വര കഴിഞ്ഞു തൂലിക കീഴ്പോട്ടിറങ്ങി. ആ യുവാവു് അവളുടെ ഉരുണ്ടുയൎന്ന മാൎത്തടങ്ങൾ വരച്ചു മേഹറിന്നു ഒരു ലജ്ജ തോന്നി, ഒരു ഇക്കിളിയാവലു്. ജയദേവൻ തല ഉയൎത്തിയില്ല. അവളുടെ ചുരുണ്ടിരുണ്ട കുന്തളരുചി, സ്ഫടികമിനുസമായ ആ അംസതലങ്ങളിൽക്കൂടി ഒഴുകിവന്നു, വിരിമണൽത്തിട്ടപോലുള്ള ആ വക്ഷസ്ഥലത്തുകൂടി ഒരു ശൃംഗാരച്ചിരിയോടുകൂടി അങ്ങിനെ പോകുന്നതാണു് അയാൾ വരച്ചുതുടങ്ങിയതു്. അയാളുടെ വിറയാണ്ട തൂലിക, അവളുടെ കുതിയൊലിക്കുന്ന തലമുടിയോടൊപ്പം അവളുടെ മാൎത്തട്ടുവരെ ഒഴുകിവന്നു. അയാൾ പൊട്ടുന്നനെ നിൎത്തി, അവളുടെ നേൎക്കു് ഒരു നോട്ടം നോക്കി. ആശ്ചൎയ്യമേ! അക്ബർ പാദുഷായുടെ പുത്രി, ബീഗം മെഹർ ഉന്നീസ, അവളുടെ ശിരസ്സു് ഒരു പുരുഷന്റെ കണ്ണുകൾക്കുമുമ്പിൽ അറിയാതെതന്നെ ഒന്നു 'കുനിഞ്ഞു. അല്പം കഴിഞ്ഞു, സങ്കോചത്തോടെ അവൾ ഒന്നു തല ഉയൎത്തി. അയാൾ അപ്പോഴും ആ നിലയിൽ നില്ക്കുകയായിരുന്നു. നിൎജ്ജീവമായ തൂലിക അയച്ചുപിടിച്ച കൈ, നിറയെ വിയൎപ്പുകണങ്ങൾ പൊടിഞ്ഞ നെററിത്തടം, കിതയ്ക്കുന്ന മാറിടം, തിളങ്ങുന്ന കണ്ണുകൾ—മേഹർ വീണ്ടും തല ചാച്ചു.

ജയദേവൻ തെല്ലും സുന്ദരനെന്നു പറഞ്ഞുകൂട. എന്നാൽ അയാളുടെ കണ്ണുകളിൽ എന്തോ ഒന്നു്, നിങ്ങളെ ആകൎഷിക്കുന്നതായ—ഒരുപക്ഷെ അനുകമ്പ തോന്നിക്കുന്നതായിരിക്കാം, ഒരുപക്ഷെ അടിമപ്പെടുത്തുന്നതായിരിക്കാം, വിവരിക്കുവാൻ വയ്യാത്ത—എന്തോ ഒന്നു് ഉണ്ടായിരുന്നു. അയാൾ ആ നിലയിൽത്തന്നെ നില്ക്കുകയായിരുന്നു. നഖങ്ങൾ ഉള്ളിലേയ്ക്കു വലിച്ചു് ഒരു മണിക്കൂർ ആ വഴിക്കു കടന്നുപോയി. അയാളുടെ ആ നോട്ടം, അവളുടെ ശരീരത്തിനും അപ്പുറത്തു എന്തിനോ തട്ടിയിരിക്കാം. അവളുടെ മൂടുപടം ഊൎന്നുവീണു; രാജകന്യക അതു് അ

റിയുന്നില്ല. അവൾ ഒരു കീഴടങ്ങിയ ഭാവത്തിൽ അവിടെനിന്നു. താമരയിലയുടെ വക്കത്തു കിടക്കുന്ന ഒരു ജലകണംപോലെ അവൾ അടിമുടി വിറച്ചിരുന്നു.

അപ്പോഴേയ്ക്കും ഗോഹർ വന്നു. ഷാഹജാദി എന്താണിതു്? നിങ്ങൾ വല്ലാതെ വിറയ്ക്കുന്നുവല്ലൊ.

അപ്പോഴെ ജയദേവൻ ഉണരുന്നുള്ളു.

അയാൾ അവിടെനിന്നു പൊടുന്നനവെ പോവുകയും ചെയ്തു.

അന്നുരാത്രി മൂന്നാം യാമത്തിൽ മേഹർ അടുത്തു കിടക്കുന്നതോഴിയെ വിളിച്ചുണൎത്തി.

"അപ്പോൾ ഗോഹർ, ആയുവാവു് ഒരു സുന്ദരനാണോ?"

## VII

രാജകുമാരിയുടെ ചിത്രത്തിന്റെ കീൎത്തി നാടൊക്കെ പരന്നിരുന്നു. സ്വൎഗ്ഗീയമെന്നു വിഖ്യാതമായ അവളുടെ സൌന്ദൎയ്യത്തിന്റെ ഒരു പ്രതിച്ഛായയെങ്കിലും കാണ്മാൻ വേണ്ടി തിടുക്കം കൂട്ടിയിരുന്നവർ ഒട്ടൊന്നുമല്ലായിരുന്നു. പേഷ്യയിൽ നിന്നും രാജദൂതന്മാർ ഒന്നു രണ്ടുകുറി വന്നുപോയി.

ഒരു ദിവസം സന്ധ്യയ്ക്കു 'നിസ്കാര'ത്തിനുശേഷം ആക്ബർ ചക്രവൎത്തിയുടെ കൈപിടിച്ചു നടന്നിരുന്ന മേഹർ പെട്ടെന്നു ചോദിച്ചു.

"എന്താണച്ഛാ, ഷാഹജാദിമാർ സാധാരണന്മാരെ വിവാഹം ചെയ്തുകൂടെന്നു്?"

ഒരു തത്വചിന്തകന്റെ ഗൌരവത്തോടു് ഒരു അച്ഛന്റെ വാത്സല്യവും കൂട്ടിക്കലൎത്തിയ സ്വരത്തിൽ അദ്ദേഹം മറുപടി പറഞ്ഞു.

"കുഞ്ഞേ, എന്നാൽ പിന്നെ ഈ ലോകത്തിൽ സ്ഥാനവലിപ്പവും കുലമൎയ്യാദയും ആദരണീയമല്ലെന്നു വരും. അപ്പോൾ, മിന്നുന്ന നക്ഷത്രങ്ങളും ഈ ക്ഷുദ്രങ്ങളായ പുഷ്പങ്ങളും തമ്മിൽ ഒരു വ്യത്യാസവുമില്ലെന്നുള്ള സ്ഥിതിയായി."

മേഹറിനു ഒരു സംശയം "ഷാഹജാദിമാർ സാധാരണന്മാരെ ഇതിനുമുമ്പു വിവാഹം ചെയ്തിട്ടില്ലേ?"

"ചില നക്ഷത്രങ്ങൾ കെട്ടുവീണിട്ടുണ്ടു്," പാദുഷ സമാധാനം പറഞ്ഞു. "അവ എവിടെച്ചെന്നു പതിച്ചുവോ, അവിടമെല്ലാം ചാമ്പലായിട്ടുമുണ്ടു് മകളേ"—

അതു് ഒരു പേടിപ്പെടുത്തലായിരുന്നുവൊ?

## VIII

അങ്ങിനെ ദുൽഹജ്മാസമായി. പൂക്കൾ കൊഴിഞ്ഞു കിടക്കുന്ന ആ ബകുളപ്പൂങ്കാവനത്തിൽ കൂടി അവൾ ഏകയായി, മൂകയായി, തല കുനിച്ചുവരുന്ന ആ വരവു ജയദേവൻ ചിത്രശാലയുടെ ജനലിൽകൂടി നോക്കിക്കണ്ടു. അവളുടെ മുഖത്തു നിരാശയുടേതും ദൃഢനിശ്ചയത്തിന്റേതുമായ ഒരു കട്ടിത്തമുണ്ടായിരുന്നു. ദാഹിച്ചുഴറിയ ആ യുവാവു്, പൊട്ടക്കുളത്തിന്റെ വക്കത്താണു താൻ നില്ക്കുന്നതെന്നു നല്ലവണ്ണം ബോദ്ധ്യമായതുകൊണ്ടായിരിക്കാം, ഒരു നെടുവീൎപ്പോടുകൂടി പിന്തിരിഞ്ഞു. അന്നും കുറച്ചുനേരം അയാൾ ചടങ്ങു് — ചിത്രംവര — നിവൃത്തിച്ചു. പൊടുന്നനെ അയാൾ തൂലിക താഴത്തിട്ടു രാജകന്യകയുടെ കൈകടന്നു പിടിച്ചു. അത്ഭുതമേ! ആകാശം ഇടിഞ്ഞുവീണില്ല ഇനിയും! അവൾ അതിൽ ആശ്ചൎയ്യപ്പെട്ടുമില്ല. അവൾ പതുക്കെ ഒന്നു എഴുന്നേററുനിന്നു, അവളുടെ മേലൊക്കെ കോരിത്തരിച്ചു.

“രാജകുമാരി! ഞാൻ പോവുകതന്നെ ചെയ്യേണമോ?” അയാൾ ചോദിച്ചു.

ഒടുവിൽ, ആ മുഹൂൎത്തം വന്നു, അവൾ സ്ത്രീയായി. അവൾ അയാളുടെ മാറത്തു തലചാച്ചു, പററിക്കിടന്നു, കണ്ണീരൊഴുക്കി. അയാളുടെ ഹൃദയത്തിൽ നൂറുകുറി മാച്ചു വരച്ചിട്ടുള്ള ആ ചിത്രം അങ്ങിനെ രൂപമെടുത്തു!

കുറെക്കഴിഞ്ഞു അയാൾ ഒരിക്കൽക്കൂടി ചോദിച്ചു. “മേഹർ, ഞാൻ പോണമോ?”

ദ്വാരങ്ങളിൽ അഴുക്കു നിറഞ്ഞ ഓടക്കുഴലിൽനിന്നു വരുന്നപോലെ ഒരു ശബ്ദം—ഒരു തേങ്ങലു് എന്നെ പറഞ്ഞുകൂട—ഉണ്ടായി: “വേണം.”

അയാൾ അവളെ തന്റെ മാറത്തു നിന്നും അടത്തി, പതുക്കെ ഒരു സോഫയിൽ കിടത്തി. ഉഷസ്സു് മാഞ്ഞുപോയ പൂൎവ്വദിക്കിന്റെ ശൂന്യതയോടുകൂടി, ഇതളുകൾ കൊഴിഞ്ഞുപോയ ഞെട്ടിയുടെ നഗ്നതയോടുകൂടി, അയാൾ തിരിഞ്ഞു പോകുവാൻ ഭാവിച്ചു. പോകുന്ന പോക്കിൽ അയാൾ ഒന്നുകൂടി തിരിഞ്ഞുനോക്കി. ഇഴയുന്ന തലമുടിയോടും, വിറക്കുന്ന അധരങ്ങളോടും, അല്പം ഉയൎത്തിയ മുഖത്തോടുംകൂടി അവൾ ഒരടി മുമ്പാക്കം വെച്ചു. ആ കാമുകനു മനസ്സിലായി. അയാൾ അവളുടെ അധരങ്ങളിൽ—ഒരു വിപ്ലവകാരിയുടെ സൎവ്വവീറോടു കൂടി—ഒന്നു ചുംബിച്ചു.

അവളുടെ മിന്നുന്ന കവിളത്തുനിന്നും കണ്ണീർക്കണം തുടച്ചുകൊണ്ടു അയാൾ പറഞ്ഞു:

"മേഹർ, ഇനി ഞാൻ ബുദ്ധിമുട്ടിക്കുന്നില്ല."

അവൾ ചോദിച്ചു. "എൻെറ കാണ്മയ്ക്കു് അങ്ങു് ഒന്നും സ്വീകരിക്കയില്ലേ?"

അയാൾ കുറച്ചുനേരം അവളെ ആർത്തിയോടെ നോക്കിനിന്നു.

"അതു് എനിക്കു തരുമോ ഷാഹാജി?"

"ഉവ്വു്"—അവൾ മനോർമ്മന്നൻെറ മകളുടെ സ്വരത്തിൽ പറഞ്ഞു.

അയാൾ ചൂണ്ടിക്കാട്ടി—"അപൂർണ്ണമായ ഈ ചിത്രം."

"ശരി"—അവൾ അതു് എടുക്കുവാൻ അനുവദിച്ചു. അനവധി നാളുകളായി, പേർഷ്യാചക്രവർത്തിതൊട്ടു അനവധി ആളുകൾ ഉൽക്കണ്ഠയോടെ പ്രതീക്ഷിച്ചിരുന്ന ആ വസ്തു, ആ പാവപ്പെട്ട ചിത്രകാരനു കൊടുക്കുമ്പോൾ അവളുടെ കൈ വിറച്ചില്ല.

"അങ്ങയുടെ ആ തൂലിക എനിക്കു തരുമോ?" അവൾ ചോദിച്ചു. അയാൾ അതു കൊടുത്തു. അവൾ അതിനെ ആർത്തിയോടുകൂടി വാങ്ങിച്ചു്, സാരിയുടെ ഉള്ളിൽ, ഹൃദയത്തിൻെറ ചാരത്തുതന്നെ നിക്ഷേപിച്ചു. നോക്കണെ! ഭാരതചക്രവർത്തിയുടെ മകൾക്കു് ഒരു വെറും തൂലിക ഒരു അമൂല്യവസ്തുവായി!

അവൾ നിറഞ്ഞ കണ്ണോടുകൂടി നില്ക്കുമ്പോൾ, അയാൾ നിറഞ്ഞ കണ്ണോടുകൂടി യാത്രപറഞ്ഞു.

"ചക്രവർത്തികളുടെ കുഡുംബങ്ങളെ ഈശ്വരൻ കളങ്കമില്ലാതെ രക്ഷിക്കട്ടെ."

പ്രാർത്ഥനയോ, നിരാശയോ?

ix

കൊട്ടാരത്തിലെ ചിത്രശാലയിൽനിന്നും ആ ചിത്രം 'കളവുപോയ'തിൻെറ പിന്നാലെ രണ്ടുകൊല്ലങ്ങൾ പോയിക്കഴിഞ്ഞു. ചക്രവർത്തിയുടെ ഉഗ്രമായ കല്പനപ്രകാരം ആ ചിത്രകാരനേയും ചിത്രത്തേയും പററി വളരെ വാശിയായി നടത്തിയ അന്വേഷണം നിഷ്ഫലമേ ആയുള്ളു.

അന്നു ചക്രവർത്തിയുടെ തിരുനാൾമഹോത്സവമായിരുന്നു. തുലാഭാരംകഴിച്ച സ്വർണ്ണമോഹറകൾ ആഗ്രായിലെ തെരുവീഥികൾതോറും ചിതറിക്കൊണ്ടിരുന്നു. എന്നാൽ ഒരു പിച്ചക്കാരൻ മാത്രം—കുട്ടികൾ ഭ്രാന്തനെന്നുപറഞ്ഞു അയാളുടെപിന്നാലെ കൂകിക്കൂടി—അതൊന്നും വകവെയ്ക്കാതെ കൊട്ടാരത്തിൻെറ വാതിക്കൽ വന്നു. അയാൾ പാറാവുകാരോടു് ഒരു ഉച്ചസ്വരത്തിൽ പറഞ്ഞു. "എനിക്കു നിങ്ങളുടെ ആ ചക്രവർത്തിയെ ഒന്നു കാണണം." പാറാവുകാർ ബുദ്ധിമുട്ടിലായി. ഈ

ഭ്രാന്തനെ എങ്ങിനെയാണ് അകത്തുകടത്തുക? എന്നാൽ തിരുവാറാം ദിവസം ആരുടെ അപേക്ഷയും, ഒരു നിവൃത്തിയുണ്ടെങ്കിൽ, നിവൃത്തിച്ചു കൊടുക്കണമെന്നാണു രാജകല്പന. ഒടുവിൽ അയാളുടെ ബുദ്ധിമുട്ടു സഹിക്കവെയ്യാതെ, ചക്രവൎത്തിയുടെ പ്രത്യേകമായ സമ്മതത്തോടുകൂടി, അവർ അയാളെ തിരുമുമ്പിൽക്കൊണ്ടുചെന്നു. ഒട്ടി ഉണങ്ങിയ കവിളുകളും, കുണ്ടിൽപ്പോയ കണ്ണുകളും, വളഞ്ഞുമെലിഞ്ഞ ശരീരം, ജട പിടിച്ച തലമുടി, കീറിപ്പൊളിഞ്ഞ വസ്ത്രം—അയാളുടെ രൂപം ദയനീയമായിരുന്നു!

അയാൾ ആസ്ഥാനമണ്ഡപത്തിൽ നിന്നു്, തല ഉയൎത്തിപ്പിടിച്ചു്, പാദുഷയോടു ചോദിച്ചു:

"നിങ്ങളാണോ ഇവിടുത്തെ ചക്രവൎത്തി"

"അതെ."

"എന്നാൽ ഇവൾ നിങ്ങളുടേയും ചക്രവൎത്തിനിയാണു്. നിങ്ങൾ ഇവളെ നമസ്കരിക്കണം"

അയാൾ കയ്യിലുള്ള ഒരു കീറപ്പൊതിയിൽനിന്നും ചിത്രമെന്നു തോന്നിക്കുന്ന ഒരു വസ്തുവെടുത്തു, കണ്ണിലും മാറിലും അണച്ചു്, ചക്രവൎത്തിയുടെ കയ്യിൽ കൊടുത്തു. ചക്രവൎത്തി ആ പടം വാങ്ങിച്ചു നോക്കി. ജീൎണ്ണിച്ചു് ചളിപുരണ്ട ആ മുഖം ഒരു സ്ത്രീയുടേതാണെന്നും, താൻ അതു് എവിടെയോ കണ്ടിട്ടുള്ളതാണെന്നും അദ്ദേഹത്തിനുതോന്നി. സംശയനിവൃത്തിക്കായി അദ്ദേഹം അതു് അന്തഃപുരത്തിലേക്കയച്ചു. അയാൾ നിരാശയോടുകൂടി ചക്രവൎത്തിയെ നോക്കിനിന്നു. പെട്ടെന്നു എല്ലാവരും 'ഭ്രാന്തനെ' നോക്കിനില്ക്കുമ്പോൾ ഊൎന്നുവീണ മൂടുപടത്തോടും, അഴിഞ്ഞുലഞ്ഞ സാരിയോടും, പാറിപ്പറക്കുന്ന തലമുടിയോടുംകൂടിയ ഒരു മെലിഞ്ഞ രൂപം—ഒരു മിന്നൽക്കൊടിപോലെ—പാഞ്ഞുവന്നു് ആ ഭ്രാന്തനെ കെട്ടിപ്പുണൎന്നു. വയലിന്റെ കട്ടപിടിച്ച മാറത്തു ഒരു നക്ഷത്രം വന്നു വീണു! ആ സഭ സ്തബ്ധമായിപ്പോയി.

അല്പംകഴിഞ്ഞു്, പാദുഷതന്നെ മേഹറിനെ അയാളുടെ, മുറുക്കിയതെങ്കിലും, ബലഹീനമായ പിടുത്തത്തിൽനിന്നും ഊരിയെടുത്തു. അവൾ ഗതബോധയായിരുന്നു. ആ ഭ്രാന്തൻ—ജയദേവൻ—മരിച്ചുകഴിഞ്ഞു. അയാളുടെ എല്ലുകൾ പൊന്തിയ ശരീരത്തിൽ അപ്പൊഴും പുളകം മറഞ്ഞിരുന്നില്ല!

X

.................ആ വിളക്കു മങ്ങിക്കത്തുമ്പോൾ, ആ കൊട്ടാരം മുഴുവൻ ശ്വാസമടക്കിയിരിക്കുമ്പോൾ, അവളുടെ അച്ഛന്റെ കണ്ണിൽനിന്നു കൂടി അങ്ങിനെ വെള്ളം ഇററിററുവീഴുമ്പോൾ, രാത്രിയുടെ ആ

അന്ത്യയാമത്തിൽ, എല്ലുകൾ പൊന്തിയ ആ മാറത്തു ആ തളൎന്ന കയ്യ് വെച്ച്, 'വീണുകഴിഞ്ഞ കൺപോളകളെ ഒന്നു പണിപ്പെട്ടുയൎത്തി, അവൾ പതുക്കെയൊന്നു വിക്കി: "അച്ഛാ......എന്നേയും......അദ്ദേഹത്തിൻെറ......അടുത്തുതന്നെ......മാപ്പ്!"—ആ ഓടക്കുഴൽ തകൎന്നുപോയി.

* * * *

ആഗ്രാനഗരപ്രാന്തത്തിൽ, ഗംഗാനദിയിൽ ഒരു കൊച്ചരുവി വന്നു ലയിക്കുന്ന ആ സ്ഥലത്തിൻെറ വക്കത്തു്, രണ്ടു ചെറിയ, ജീൎണ്ണിച്ച ശവകുടീരങ്ങൾ കാണാം. ഒന്നിൽ ഏററവും സുന്ദരിയും, ഏററവും പ്രതാപശാലിയായ ഒരു ചക്രവൎത്തിയുടെ മകളുമായ ഒരു രാജകുമാരി. അടുത്തതിൽ ഒരു പാവപ്പെട്ട, അപ്രസിദ്ധനായ ചിത്രകാരനുമാണത്രെ, സ്നേഹത്തിൻേറതായ ഒരു പൊൻനൂൽ അവയിൽ നിക്ഷേപിക്കപ്പെട്ടിട്ടുള്ള ആത്മാക്കളെ കൂട്ടി ഇണക്കുന്നുപോലും. അവയുടെ മീതെക്കൂടി വേനൽക്കാലത്തുകൂടി വാടാത്ത ഒരു മുല്ലവള്ളി ഇന്നും പടൎന്നുപോവുന്നുണ്ട്.

# രാഗിണി.

(ചങ്ങമ്പുഴ കൃഷ്ണപിള്ള, ഇടപ്പള്ളി)

I

അന്ധകാരത്തിന്റെ പിന്നിലൊളിച്ചുനി-
ന്നന്തരാത്മാവിനെപ്പുൽകും വെളിച്ചമേ,
എങ്ങുനീയെങ്ങുനീ? — നിൻമൗനമംഗള-
സംഗീതമെപ്പോഴും കേൾക്കുന്നതുണ്ടുഞാൻ.
വാട്ടുവാനുള്ളോരിജ്ജീവിതപ്പൂവിലും
പാടലച്ഛായ നീ വീശുന്നതെന്തിനോ!
താവകാലിംഗനമേകുന്നു നിത്യമെൻ
ജീവനാളത്തിനും രോമാഞ്ചകഞ്ചുകം.
അല്പ പ്രഭയിൽ നിന്നെന്നെ, ക്ഷണത്തിലൊ-
രത്ഭുതചൈതന്യമാക്കി ച്ചമച്ചുനീ.

II

ഈ ലോകഗോള മിട്ടമ്മാനമാടുന്ന
'കാല' ത്തിനോടിന്നു സൂയാലു വല്ലുഞാൻ.
നിൻമുഖദർശനധ്യാനലഹരിയാൽ
നിർമ്മലരാഗപരവശയാകവെ,
മൽപ്രാണനായക, മാമകചിത്തത്തിൽ
മററുവികാരമുദിക്കുന്നതെങ്ങനെ?
മുഗ്ദ്ധഞാൻ സങ്കല്പ പത്രത്തിലിന്നു നിൻ
ചിത്രം രചിച്ചു രസിക്കയാണെപ്പോഴും.
വിണ്ണിൻ വെളിച്ചമേ, വ്യർത്ഥമായുള്ളൊരി-
ക്കണ്ണീരിനു നീ മാപ്പുനൽകേണമേ!

III

ആരാലണഞ്ഞു നീ, നിന്നിട്ടും നേരമൊ-
രാനന്ദ മൂർച്ഛയിൽ ഞാനടിഞ്ഞെങ്കിലോ!
നിന്നെക്കുറിച്ചുള്ള ഗാനങ്ങളല്ലാതെ
മന്നിൽ മററൊന്നു മറിഞ്ഞുകൂടെങ്കിലും,
ആദരാൽ, നിൻമുഖം കാണുമ്പൊളെള്ളാററവാ-
ക്കോതുവാൻ പോലു മശക്ത യാണോമന.

* * * * *

തഞ്ചും മധുരസംപൂർണ്ണവസാന, മി-
ത്തങ്കച്ചഷകം തകർന്നു പോമെങ്കിലും,
സത്യപ്രകാശമേ, നിൻ മടിത്തട്ടിലെൻ
നിത്യ സുഷുപ്തി ലയിക്കാതിരിക്കുമോ?—

# മനസ്സ്

(ഒരു വേദാന്തിയുടെ ചിന്ത)

വിദ്വാൻ, വി. കൊച്ചുകൃഷ്ണൻനായർ.

മനുഷ്യർ തങ്ങളുടെ ജീവിതനൌകയെ സംസാരസാഗരത്തിൽക്കൂടെ എങ്ങോട്ടെന്നില്ലാതെ നയിച്ചുകൊണ്ടിരിക്കുന്നു. നൌകയാകട്ടെ കാററിനും പിശറിനും അടിപെട്ടു പാറകളിൽ തട്ടിമുട്ടി ഭ്രമണം ചെയ്യുകയാണ്. ലാക്കും ലക്ഷ്യമില്ലാതെയുള്ള ഈ സഞ്ചാരണത്താൽ എന്തൊരു നിർവൃതിയാണു ലഭിക്കുക.

സുഖദുഃഖങ്ങളുടെ അടിമയാണു മനുഷ്യൻ. അവൻ എന്നു സുഖത്തെ ഇച്ഛിക്കുന്നു. ദുഃഖം കൈവരുന്നു. സംസാരവൃത്തികളെ കൊണ്ടു് എന്തൊരു ഫലമാണ് സിദ്ധിക്കുന്നതു്. ഒടുവിൽ ദുഃഖംതന്നെയാണ് അതിന്റെ ഫലം. ഈ ദുഃഖത്തിനു ഹേതുവെന്താണ്? ഇതരജനങ്ങളോ, ദേവതകളോ, നവഗ്രഹങ്ങളോ, കാലമോ, ആരാണു ദുഃഖം വരുത്തുന്നതു്? ഇവരാരുമല്ല.

മനസ്സുതന്നെയാണു സുഖദുഃഖങ്ങൾക്കു് ആധാരമായിരിക്കുന്നതു്. മനസ്സിനാൽതന്നെയാണ് ഈ ഘോരമായ സംസാരചക്രം ചുഴലുന്നതു്.

മനസ്സ് ഒരു ഘോരവിപിനമാകുന്നു. അതു സങ്കല്പവൃക്ഷങ്ങളാൽ സംകുലമാണ്. തൃഷ്ണയാകുന്ന വല്ലികളെകൊണ്ടു നിബിഡമാണു മനോവനം.

മനസ്സു ബഹിർമ്മുഖമായി പഞ്ചേന്ദ്രിയങ്ങൾക്കു് വശഗരാക്കി മനുഷ്യരെ വലപ്പിക്കുന്നു. ലുബ്ധകന്റെ ഗാനം ശ്രവിച്ചു് എണങ്ങൾ അകപ്പെട്ടുംപോലെ അവരെ ശബ്ദവിധേയരാക്കുന്നതു് മനസ്സാണ്. സ്പർശസുഖേച്ഛയാൽ മനസ്സുതന്നെ ത്വഗിന്ദ്രിയത്തെ അടിമപ്പെടുത്തുന്നു. ദുരാഹാരേച്ഛയാൽരസനേന്ദ്രിയത്തെ പ്രവർത്തിപ്പിക്കുന്നതും മറെറാന്നുമല്ല. അങ്ങിനെ ചൂണ്ടലിൽകോർത്ത ഇരയാൽ മത്സ്യമെന്നപോലെ നശിക്കുന്നതിനു ഹേതുവും മാനസംതന്നെ. മനസ്സുതന്നെ സൌന്ദര്യരൂപത്തിലാശിച്ചു് കാട്ടുന്ന നേത്രവൃത്തിയെ പ്രാപിച്ചു വഹ്നിയെക്കൊതിക്കുന്ന പാററപോലെ നശിക്കുന്നു. ഗന്ധത്തിലുള്ള അത്യാശഹേതുവായി വണ്ടുകൾ താമരയിലകപ്പെടുന്നപോലെ മനസ്സ് ശരീരത്തിൽ ബന്ധനം പ്രാപിച്ചിരിക്കുന്നു.

"ചിന്തിക്കുമ്പോളുലകിതു ജഗൽസാക്ഷിതൽ വീക്ഷണത്താൽ
സ്വന്തം മായാവിരചിതമതാണീശ്വരന്നീശ്വരത്വം
കാന്തക്കല്ലിന്നരികിൽ വരികിൽ കേവലം കാരിരുമ്പും
സ്വാന്തഃക്ഷോഭം കലരുമുടനേ കേടകന്നോട്ടമല്ലോ."

അങ്ങിനെയുള്ളമായയാണ് മനസ്സിനെക്കൊണ്ടു് പ്രപഞ്ചവ്യാപാരം നിർവ്വഹിക്കുന്നതു്. മനസ്സുതന്നെയാണ് ആത്മചേഷ്ടയെ ഈശചേഷ്ടയെന്നു തോന്നിക്കുന്നതു്. മാനസമാത്ര പരികല്പിതമാണു ദേഹം. ആ ദേഹമാണ് ഞാനെന്നും, പുത്രമിത്രാദികളെൻേറതാണെന്നും, ഉള്ള ഭ്രമം മൂലം മനുഷ്യർ അന്ധബുദ്ധികളായിത്തീൎന്നു് സംസാരത്തിൽ ഭ്രമിക്കുന്നു. മനസ്സിൻെറ സന്താനമത്രേ അഹങ്കാരം. ആത്മാവിനെ മനസ്സു കൈവശമാക്കി അഹങ്കാരത്തോട്ടു് സംഘടിപ്പിച്ചപ്പോൾ ആത്മാവകട്ടെ, "മൽ പിതാജനനി മദീയഭാൎയ്യ മമ നന്ദനൻ" എന്നു കിനാവുകണ്ടു കുഴയാൻ തുടങ്ങി.

ആത്മാവിന് സ്വാഭാവികമായി സംസാരബന്ധമില്ല. മാനസാദ്ധ്യാസം നിമിത്തമാണ് സംസാരബന്ധം സംഭവിച്ചതു്. സംസാരത്തെ സംബന്ധിച്ച മനോഗുണങ്ങളുമായുള്ള സംഗംകൊണ്ടു് ആത്മാവു് കാമങ്ങളെ സ്നേഹിച്ച് ബദ്ധനായിഭവിച്ചു.

ഈ പ്രപഞ്ചം നശ്വരമാകുന്നു, ചലമാകുന്നു, വെറുംഭ്രമമാകുന്നു; മനസ്സിൻെറ വിലാസമാകുന്നു.

"മനസ്സ് സങ്കല്പം തന്നെയാകുന്നു, രാമാ!" എന്നു വസിഷ്ഠൻ പറയുന്നു. അതിൽ നിന്നു് പ്രപഞ്ചവും സങ്കല്പജാതം തന്നെയെന്നു് സിദ്ധമാണ്.

പ്രകൃത്യാ വിവിധവികൃത ചേഷ്ടനായ കുരങ്ങനെ സുരാപാനം ചെയ്യിച്ചു് തേളിനെക്കൊണ്ടു് ദംശിപ്പിച്ചാലുള്ള ഭാവത്തോടു മനോഗതിയെ ഒരു കവി ഉപമിച്ചിട്ടുണ്ടു്. അത്രമാത്രം ഭ്രാന്തമാണു മനസ്സ്! അതിനെസംയമനം ചെയ്യാൻ തന്നെയാണ് യോഗികൾ പോലും പരിശ്രമിച്ചുകൊണ്ടിരിക്കുന്നതു്. മഹായോഗികൾക്കുപോലും മനസ്സ് ഭയങ്കരമായിരിക്കുന്നു. സകലേന്ദ്രിയങ്ങളും മനസ്സിൻെറ വശത്തായിരിക്കെ മനസ്സ് ഒന്നിനും വശപ്പെടാതെയാണ് ഇരിക്കുന്നതു്. ശാന്തമായ ചിത്തമാണു മനുഷ്യൻെറ മഹാസമ്പാദ്യം. മനസ്സാന്നിദ്ധ്യമില്ലാത്ത ഒരു കൎമ്മത്തിന്നാലും ഫലം ലഭ്യമല്ല. 'മനഃകൃതം കൃതം രാമ, നശരീര കൃതം കൃതം' എന്നു് വസിഷ്ഠൻ പറയുന്നു. എങ്ങിനെയാണ് മനസ്സാന്നിദ്ധ്യം സമ്പാദിക്കേണ്ടതു്. അഥവാ മനസ്സിനെ നിയമിക്കേണ്ടതു്?

മനഃക്ഷോഭം ശമിപ്പിക്കാനുള്ള പ്രധാനമാൎഗ്ഗം ഏകാന്തജീവിതം തന്നെയാണ്. നമ്മുടെ ശ്രോത്രങ്ങൾക്കോ നയനങ്ങൾക്കോ ഗോചരമാവാത്ത ഒരു വസ്തുവിലും മനസ്സു രമിക്കയില്ല. അതിന്നിടയാക്കാതെ സൂക്ഷിക്കുന്നതു മനോനിയമനത്തിനുള്ള പ്രധാനമാൎഗ്ഗമാകുന്നു. മനസ്സിനെ ഇങ്ങിനെ സ്ഥിരീകരിക്കാഞ്ഞാൽ മനുഷ്യകൎമ്മങ്ങൾ വിഫലങ്ങൾതന്നെ.

ഭോഗേച്ഛയിൽനിന്നു് മനസ്സിനെ നിവൎത്തിക്കണം. ശമരസായനത്തെത്തന്നെ സേവിക്കണം. മനസ്സിനു് നിർവ്വതി വേണമെങ്കിൽ ഉപശമനാമൃതം കൂടാതെ കഴികയില്ല. ശാന്തിയെ ആശ്രയിക്കാതെ വിഷയഭ്രമത്തിൽനിന്നു് വിരമിക്കാൻ സാധിക്കുകയില്ലാ, നിശ്ചയം.

വാസനാജാലങ്ങളാണു് മനസ്സിനെ നിതരാം ബന്ധിക്കുന്നതു്. കൎമ്മസിദ്ധങ്ങളായ വാസനകളെ നശിപ്പിക്കാൻ കഴിയുന്നവനു് മനോജയം അസാദ്ധ്യമല്ല.

നേത്രശ്രോത്രാദിജ്ഞാനേന്ദ്രിയങ്ങളെ ബാഹ്യപദാൎത്ഥങ്ങളിൽനിന്നു് പ്രയാസപ്പെട്ടു് പിൻതിരിപ്പിച്ചാലും മതിയായില്ല. എന്തെന്നാൽ മുമ്പുണ്ടായിട്ടുള്ള സ്മൃതി മനസ്സിൽ ഇടക്കിടയ്ക്കു് ഉണരാൻ തുടങ്ങും. ഈ സ്മൃതിയാണു് പിന്നെ ആത്മശത്രുവായിരിക്കുന്നതു്. ഇതിനെക്കൂടി നശിപ്പിച്ചാലേ മനസ്സിന്റെ ചലനത്വം നശിച്ചു എന്നു് വിചാരിക്കാവൂ.

"യോഗഃ ചിത്തവൃത്തിനിരോധഃ" ചിത്തവൃത്തികളെ നിരോധിച്ചു് മനസ്സു സ്വസ്ഥമാകുമ്പോഴാണു യോഗം. ചിത്തവൃത്തികൾ വിവിധങ്ങളും അന്തമില്ലാത്തവയുമാകുന്നു. സമുദ്രത്തിലെ തിരമാലകളെപ്പോലെ തുടൎന്നുതുടൎന്നു മനസ്സിൽ ബാഹ്യവസ്തുക്കളുടെ സ്മൃതി സംഭവിച്ചുകൊണ്ടിരിക്കുന്നു. മനസ്സിന്റെ സഞ്ചാചല്യത്തിനു് ഇതു തന്നെ ഹേതു. ഏകാഗ്രത സമ്പാദിക്കാനുള്ള വിഷമവും ഇവിടെ സ്പഷ്ടമായി. സിനിമയിലെ ചിത്രചലനത്തേക്കാൾ എത്രയോ വേഗത്തിൽ സംഭവിക്കുന്ന ഈ സ്മൃതിയെ കുറച്ചുനേരം പിടിച്ചു നിൎത്തുന്നതു് എത്രയോ പ്രയാസമേറിയ സംഗതിയാണു്. മനോവേഗത്തെ മറെറാരു വേഗവും ജയിക്കുന്നില്ല. മനസ്സിനെ നിശ്ചലമാക്കാൻ കഴിയുന്ന യോഗിക്കു് അതിനപ്പുറം സ്ഥിതിചെയ്യുന്ന ആത്മാവു പ്രത്യക്ഷപ്പെടാതിരിക്കയില്ല. അന്തമില്ലാത്ത ആത്മതത്വവിചാരംകൊണ്ടാണു് ഈ സൂക്ഷ്മചേതസ്സിൽ ആത്മാവു പ്രത്യക്ഷമാകുന്നതു്.

"മാനസത്തിനെത്തന്റെ വശത്തു നിൎത്തിടുകി-
ലാമഹാനത്രേ ദേവ ദേവനെന്നതു നൂനം"

# 'ഫേസിസം'

[ടി. ആർ. വാരിയർ ബി. ഏ.]

ഭരണപരിവൎത്തനങ്ങളുടെ കാലമാണ് ഇതു്. ലോകമഹായുദ്ധത്തോടുകൂടി പ്രക്ഷുബ്ധമായ രാഷ്ട്രീയനഭോമണ്ഡലം ഇനിയും പ്രശാന്തമായിട്ടില്ല. ക്ലേശം, അസംതൃപ്തി, അസമാധാനം, അവിശ്വാസം, ഇവ പരക്കെ വ്യാപിച്ചുകാണുന്നുണ്ടു്. ഏതൽഫലമായി ദൈനംദിനം നവംനവങ്ങളായ ഭരണകൂടങ്ങളും മുളച്ചുപൊന്തുന്നു. ആദൎശപരമായ ഭിന്നിപ്പ് സുലഭമാണ്. അതിനാൽ യൂറോപ്പിന്റെ, വിശിഷ്യ മദ്ധ്യയൂറോപ്പിന്റെ, സ്ഥിതി ഇന്നു് ഏററവും ഉല്ക്കണ്ഠാജനകംതന്നെ!

ആദൎശപരമായി യൂറോപ്പിലെ രാഷ്ട്രീയവാദങ്ങളെ രണ്ടായി വിഭജിക്കാമെന്നു് തോന്നുന്നു. തൊഴിലാളികളിൽ രാജശക്തിയെ സമൎപ്പിക്കുന്ന സോഷ്യലിസം, കമ്യൂണിസം, ബോൾഷേവിസം; മദ്ധ്യകക്ഷി (middle class) യുടെ പ്രാമാണ്യത്തെ സമൎത്ഥിക്കുന്ന ഫേസിസം, നാസിസം, പാർല്യമെണ്ടുഭരണം. ഇന്നത്തെ രാഷ്ട്രീയപ്രശ്നങ്ങളെ ശരിയായി മനസ്സിലാക്കണമെങ്കിൽ ഈ വിഭിന്നകക്ഷികളെക്കുറിച്ചു സാമാന്യമായ ഒരറിവു് അത്യന്താപേക്ഷിതമാണ്. എന്റെ ലേഖനവിഷയം ഫേസിസമാകുന്നു. അതിനെക്കുറിച്ചു് ഒരു പൂൎണ്ണപഠനത്തിനു് ഒരുങ്ങുന്നില്ല. അതിന്റെ നാനാമുഖങ്ങളായ വിശ്വാസങ്ങളെക്കുറിച്ചു് ഒരു സാമാന്യവിവരണം മാത്രമേ ഉദ്ദേശിക്കുന്നുള്ളു.

ഇററലിയാണു ഫേസിസത്തിന്റെ വിളനിലം; ബെനിറെറാ മുസോളിനി അതിന്റെ അദ്വിതീയനേതാവും. ഇപ്പോൾ പതിനൊന്നു വൎഷം മാത്രം പ്രായംചെന്ന ഈ പ്രസ്ഥാനം പലതരത്തിലും നവീനമാണ്. മതവിഷയങ്ങളിലും, രാജ്യഭരണത്തിലും, സാമ്പത്തികനയത്തിലും ഒരു പ്രത്യേകസരണിയാണ് ഫേസിസം സ്വീകരിച്ചിട്ടുള്ളതു്. ഓരോന്നായി പരിശോധിക്കാം. അടുത്തകാലംവരെ രാഷ്ട്രീയലോകത്തിൽ പ്രജായത്തഭരണത്തിന്നാണു പ്രാധാന്യം കല്പിച്ചിരുന്നതു്. ഒരു പരിഷ്കൃതഗവൎമ്മേണ്ടിന്റെ മാനദണ്ഡവും അതുതന്നെയായിരുന്നു. ഒരു രാജ്യത്തിന്റെ ഉല്പാദകന്മാർ അവിടുത്തെ പ്രജാവലിയായതിനാൽ അതിന്റെ ഫലത്തിന്നവകാശികൾ അവർതന്നെയാണെന്നും ഓരോരുത്തനും തൻകാൎയ്യം നോക്കുവാൻ ഏററവും ഉത്തമനാകയാൽ പ്രജകളുടെ നന്മയ്ക്കു് അവർതന്നെ രാജ്യകാൎയ്യങ്ങൾ നിയന്ത്രിക്കേണമെന്നും സ്ഥാപിച്ചു. ജനങ്ങൾ നേരിട്ടുഭരിക്കുന്നതു ദുസ്സാധമാകയാൽ അവരാൽ തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ ഭരണഭാരം കയ്യേററു. ഇതാണ്

പ്രതിനിധിസംഘ (Parliament) ത്തിന്റെ പ്രാരംഭം. പിന്നീട്ട ഭരണ പരിഷ്കാരം സമ്മതിദായകന്മാരുടെ സംഖ്യ വൎദ്ധിപ്പിക്കുന്നതായി.

എന്നാൽ ഫേസിസം പ്രജായത്തഭരണത്തിലോ, വിശിഷ്യ പ്രതിനിധിസംഘഭരണത്തിലോ വിശ്വസിക്കുന്നില്ല. എന്തെന്നാൽ, പാർലിമെണ്ടിന്റെ അഭിപ്രായം പൊതുജനാഭിപ്രായത്തിന്റെ പ്രതിച്ഛായയായിരിക്കുമെന്നു കരുതിയിരുന്നതു് ഒരു മിഥ്യാബോധമായി പരിണമിച്ചു കഴിഞ്ഞു. പ്രതിനിധികൾ അപൂൎവ്വമായേ പൊതുജനാഭിപ്രായത്തെ പ്രതിനിധീകരിക്കുന്നുള്ളു. അവർ മിക്കവാറും വൎത്തകരാജാക്കന്മാരുടെയും പ്രഭുക്കന്മാരുടെയും പ്രതിനിധികൾമാത്രമാണു്. തിരഞ്ഞെടുപ്പുകൾ വിവിധസ്ഥാപനങ്ങളുടെയും കക്ഷികളുടെയും മത്സരരംഗങ്ങളായി മാറി. അതിനാൽ പ്രജായത്തഭരണം, ഭൂരിപക്ഷഭരണത്തിനുള്ള പ്രതിവിധിയായിത്തീരുന്നില്ല. മാത്രമല്ലാ, ഏതെങ്കിലും തിരഞ്ഞെടുപ്പുവിഷയത്തെക്കുറിച്ചു സ്വകാൎയ്യമായ ഒരഭിപ്രായം പറയണമെങ്കിൽ സമ്മതിദായകന്മാർ അഭ്യസ്തവിദ്യരായിരിക്കണം; ആ വിഷയത്തെക്കുറിച്ചു പരിപൂൎണ്ണജ്ഞാനമുള്ളവരായിരിക്കണം. ഇന്നത്തെ സമുദായത്തിൽ ഭൂരിപക്ഷവും അജ്ഞരാണു്. പുറമേ എല്ലാവരും ഗുണദോഷവിവേചനത്തിനു പ്രാപ്തരാകുന്നതുമില്ല. ഈ കാരണങ്ങളാൽ ഫേസിസം പ്രജായത്തഭരണത്തെ നിരസിക്കുകതന്നെ ചെയ്യുന്നുണ്ടു്. പൊതുജനങ്ങളിൽ രാജശക്തിയെ സമൎപ്പിപ്പാൻ ഫേസിസം ഇഷ്ടപ്പെടുന്നില്ല.

ഇങ്ങിനെ പൊതുജനപ്രാധാന്യത്തെ (Popular Soverignty) നിരസിക്കുന്നതുകൊണ്ടു ഫേസിസം പൊതുജനാഭിപ്രായത്തെ അവഗണിക്കുന്നതായി പറഞ്ഞുകൂട. ഫേസിസം പറയുന്നു, ഭരണയന്ത്രത്തെ നയിക്കുന്ന ചില പ്രത്യേകനോട്ടങ്ങൾ ആവശ്യമാണെന്നു്. ഓരോരുത്തന്റെ സദാചാരബോധം, സമുദായത്തോടുള്ള ബന്ധം. ഇവയെ നിയന്ത്രിപ്പാൻ വിദ്യാഭ്യാസപ്രചരണം വഴിയായും ദൃഷ്ടാന്തമാൎഗ്ഗമായും ഫേസിസ്റ്റ് ഗവൎമ്മേണ്ടു കഴിയുന്നത്ര ശ്രമിക്കുന്നുമുണ്ടു്.

എല്ലാകാലത്തും മററുള്ളവരെ അപേക്ഷിച്ചു ചിലർ അധികം ഭരണപാടവമുള്ളവരായിരിക്കും. ഭരണം ഒരു കലയാണു്. അതിനു പ്രത്യേകപരിശീലനം ആവശ്യമാകുന്നു. അതിനാൽ ചുമതലയേറിയ അധികാരസ്ഥാനങ്ങൾ അവൎക്കു നീക്കിവയ്ക്കേണ്ടതുമാണു്. ഫേസിസത്തിന്റെ ആദൎശമായ ഭരണകൂടം ഒന്നിനു മീതെ ഒന്നായി പ്രാപ്തിക്കനുസരിച്ചതും അവസാനം ഒരു സൎവ്വാധിപതിയിൽച്ചെന്നവസാനിക്കുന്നതുമായ അധികാരപരമ്പരയായിരിക്കും. ഈ അധികാരസ്ഥാനങ്ങളിലേയ്ക്കു ഫേസിസം ഇഷ്ടപ്പെടുന്നതു വിലയും നിലയുമുള്ള കുടുംബങ്ങളിലെ പരിഷ്കൃതാശയന്മാരെയാണു്.

ഫേസിസത്തിനു കീഴിൽ വ്യക്തിസ്വാതന്ത്ര്യത്തിനും ചില പരിധികളുണ്ട്. സ്വാതന്ത്ര്യം, തടസ്ഥങ്ങളുടെ അഭാവമോ, മററുള്ളവരുടെ സമാവകാശങ്ങൾക്ക് ഹാനികരമല്ലാത്തവിധം സ്വതന്ത്രജീവിതം നയിപ്പാനുള്ള അധികാരമോ അല്ല. അതു് ആത്മാവിനെ ജയിക്കുന്നതിൻെറ അനന്തരഫലം മാത്രമാണ്; പാവവിമോചനമാണ്. എന്നാൽ രാഷ്ട്രീയജീവിതത്തിൽ സ്വാതന്ത്ര്യം ജനാവലിയുടെ സദാചാരബോധത്തിൻെറ തോതനുസരിച്ചോ, പരിസരങ്ങൾക്കനുസൃതമായോ ഭേദപ്പെട്ടിരിക്കും. മുസോളിനി പറയുന്നു: സ്വാതന്ത്ര്യം, സമതാസമയത്തിലേയ്ക്കൊന്നും സമാധാനകാലത്തേയ്ക്കു് മറെറാന്നും, പരിവത്തനകാലത്തേയ്ക്കൊന്നും, സാധാരണസമയത്തേയ്ക്കു് വേറെയൊന്നും, സുലഭകാലത്തേയ്ക്കൊന്നും ക്ഷാമകാലത്തേയ്ക്കു് തീരെ വ്യത്യസ്തമായ മറെറാന്നുമായിരിക്കും. ഈ ആദശത്തെ അടിസ്ഥാനമാക്കിയാണ് ഫേസിസത്തിനു കീഴിൽ അഭിപ്രായസ്വാതന്ത്ര്യത്തേയും മററും നിയന്ത്രിച്ചിരിക്കുന്നതു്. ഫേസിസത്തിൻെറ ദൃഷ്ടിയിൽ സമുദായദ്വേഷകരവും സദാചാരവിരുദ്ധവുമായ സകല അഭിപ്രായങ്ങളേയും പ്രചരണവേലയേയും സവ്വശക്തിയും ഉപയോഗിച്ചു നശിപ്പിക്കുന്നതായിരിക്കും. സമാധാനം, ഭരണാനുസരണം, ശാസനാബലം (authority) ഇവയാണു ഫേസിസത്തിൻെറ മൌലികസിദ്ധാന്തങ്ങൾ.

ഫേസിസ്റ്റ് ഭരണകൂടത്തിൻെറ രൂപവൽകരണം ഏതാണ്ട് ഇപ്രകാരമാണ്. ഒന്നാമതായി ഫേസിസ്റ്റ് ഭരണകൂടത്തിന്നധിപനായി ഒരു രാജാവുണ്ട്. പ്രധാനമന്ത്രിയെ തിരഞ്ഞെടുക്കുക, പൊതുവായി രാജ്യത്തിൻെറ നന്മയെ പരിപാലിക്കുക തുടങ്ങിയ ചില അവകാശങ്ങളും അദ്ദേഹത്തിന്നുണ്ട്. രാജ്യാധിപനെങ്കിലും, അദ്ദേഹം ഭരിക്കുന്നില്ല. രണ്ടാമതു പല തിരഞ്ഞെടുപ്പുകളുടെ ഫലമായി, നിരവധി സ്ഥാപനങ്ങളുടെ പ്രതിനിധികളായ മുപ്പതംഗങ്ങളടങ്ങിയ ഒരു സമിതിയുണ്ട്. രാജാവു പ്രധാനമന്ത്രിയെ തിരഞ്ഞെടുക്കുന്നതു് ഈ സമിതിയിൽനിന്നാണ്. അദ്ദേഹത്താൽ തിരഞ്ഞെടുക്കപ്പെട്ട ഒരു മന്ത്രിസഭക്കധിപനാണ് പ്രധാനമന്ത്രി. ഇതിലെ അംഗങ്ങൾ ഓരോ ഭരണവകുപ്പിൻേറയും മന്ത്രികളായിരിക്കും. നിയമനിമ്മാണത്തിനും പ്രതിനിധിസഭകളുണ്ട്. പ്രതിനിധിസഭയെ രണ്ടായി വിഭജിച്ചിട്ടുണ്ട്. ഒന്നു് സെനററ്, മററതു ചേമ്പർ ഓഫ് ഡെപ്യൂട്ടീസ് (chamber of deputies) സെനററ് അംഗങ്ങളെ പ്രധാനമന്ത്രിയുടെ നിദ്ദേശപ്രകാരം രാജാവു നിയമിക്കുന്നു. രണ്ടാമത്തേതിലെ അംഗങ്ങൾ നിരവധി സ്ഥാപനങ്ങളുടെയും സമിതികളുടെയും പ്രതിനിധികളായിരിക്കും. കാലേക്കൂട്ടി തെയ്യാറാക്കിയ പ്രതിനിധിസംഘാംഗങ്ങളുടെ ഒരു പട്ടിക സമ്മതിദായകന്മാക്കയയ്ക്കുന്നു.

അവർ ഈ പട്ടികയെ ഒന്നായി സമ്മതിക്കുകയോ നിരസിക്കുകയോ ചെയ്യണം. കൂടാതെ തിരഞ്ഞെടുപ്പുസമ്പ്രദായം ഫേസിസം ഇഷ്ടപ്പെടുന്നില്ല. ഇത്തരത്തിലുള്ള ഒരു പട്ടിക ഇപ്പോൾ സമ്മതിദായകന്മാൎക്കയച്ചിട്ടുണ്ടു്. മുസോളിനിയുടെ പേരാണത്രേ അതിൽ ഒന്നാമത്തേതു്.

മതപരമായും ഫേസിസം ഒരു പ്രത്യേകനില കൈക്കൊള്ളുന്നുണ്ടു്. മതത്തിന്നു പ്രധാനമായ ഒരു സ്ഥാനം നൽകിയിട്ടുണ്ടെങ്കിലും ഫേസിസം ഒരു പ്രത്യേകമതം സ്വീകരിച്ചിട്ടില്ല. എല്ലാ മതസ്ഥരേയും ഒരുപോലെ പ്രോത്സാഹിപ്പിക്കുകയും പരിപാലിക്കുകയും ചെയ്യുന്നുണ്ടു്. പക്ഷെ സദാചാരനിയമങ്ങളെ പരിപാലിക്കുന്നതിൽ ഫേസിസ്റ്റ്രാഷ്ട്രം പരിപൂൎണ്ണാധികാരത്തെ അവകാശപ്പെടുന്നു. കത്തോലിക്കമതം ആത്മീയവിഷയങ്ങളിൽ രാഷ്ട്രത്തിന്നുമേൽ അധികാരത്തെ ആവശ്യപ്പെടുന്നുണ്ടു്. പക്ഷെ യാതൊരു സ്ഥാപനത്തിന്നും രാഷ്ട്രത്തിന്നുമേൽ അധികാരം ഫേസിസം വകവെച്ചു കൊടുക്കുന്നതല്ല. സ്പൎദ്ധാജനകങ്ങളായ പ്രചരണവേലക്കു യാതൊരു മതസ്ഥനും സ്വാതന്ത്ര്യം നൽകുന്നതല്ല.

ഫേസിസത്തിന്റെ സാമ്പത്തികനയവും പരിശോധിക്കാം. ആരാണു് സ്വത്തിന്നവകാശി-രാഷ്ട്രമോ? വ്യക്തിയോ? വളരെ നൂററാണ്ടുകളായി രാഷ്ട്രീയലോകത്തേയും സാമ്പത്തികലോകത്തേയും ശല്യപ്പെടുത്തിക്കൊണ്ടിരിക്കുന്ന ഒരു ചോദ്യമാണു് ഇതു്. ഓരോ വ്യക്തിയും കഴിയുന്നത്ര ധനമാൎജ്ജിക്കുന്നതുകൊണ്ടു രാജ്യത്തിന്നൊട്ടാകെ സമ്പൽസമൃദ്ധിയുണ്ടാകുമെന്നൊരു കൂട്ടർ വാദിക്കുമ്പോൾ മററുചിലർ, ഓരോരുത്തനും ധനസമ്പാദനത്തിന്നു് അനിയന്ത്രിതമായ സ്വാതന്ത്ര്യം നൽകുന്നതുകൊണ്ടു രാജ്യത്തിലുള്ള ധനമെല്ലാം കൈമിടുക്കുള്ള അല്പം ചിലൎക്കധീനമാകുമെന്നും പ്രായേണ അവർ തൊഴിലാളികളുടെ പ്രവൃത്തിഫലം അനുഭവിപ്പാനുള്ള ഒരുകൂട്ടം സമുദായഭാരങ്ങളായി പരിണമിക്കുമെന്നും ദൃഷ്ടാന്തപുരസ്സരം സിദ്ധാന്തിക്കുന്നു. അതിനാൽ രാഷ്ട്രംതന്നെ ഉൽപാദനോപകരണങ്ങൾക്കു് ഉടമസ്ഥത വഹിക്കണമെന്നു് അവർ ശഠിക്കുന്നു. ഫേസിസം ഈ രണ്ടു സിദ്ധാന്തങ്ങളേയും സ്വീകരിക്കുന്നില്ല; രണ്ടിലേയും ന്യൂനതകളെ പരിഹരിക്കുന്നുണ്ടെന്നു വിശ്വസിക്കുന്ന ഒരു നൂതനമാൎഗ്ഗത്തെയാണു് ഫേസിസം സ്വീകരിച്ചിട്ടുള്ളതു്. ഒന്നാമതായി, ഇന്നത്തെ ദുഷിച്ച സാമ്പത്തികഘടനയെ ഉന്മൂലനം ചെയ്വാൻ സമുദായാംഗങ്ങളുടെ ഇന്നത്തെ മനഃസ്ഥിതിതന്നെ മാറേറണ്ടതുണ്ടെന്നാണു് ഫേസിസ്റ്റ് സിദ്ധാന്തം ശഠിക്കുന്നതു്. അതുകൂടാതെ സുഖവും സ്വൈരവും ദുഷ്പ്രാപങ്ങളത്രെ. ഈ മാനസപരിവൎത്തനം സാധിക്കുവാൻവേണ്ടി വിദ്യാഭ്യാസവിതരണമാണു് ഫേസിസ്റ്റ്സാമ്പത്തികനയത്തിലെ പ്രഥമവിഷയം. ഫേസിസം സ്വകാൎയ്യസ്വത്തിനെ വെറുക്കുന്നില്ല, പ്രത്യുത

അതിനെ സൎവ്വാത്മനാ പ്രോത്സാഹിപ്പിക്കുകയാണ് ചെയ്യുന്നതു്. ജന്മികളിലും, വലിയ വ്യവസായശാലാഉടമസ്ഥന്മാരിലും അധികം സ്വതന്ത്രരായ ചെറുകൃഷിവലന്മാർ, വൎത്തകന്മാർ, തൊഴിൽശാലാഉടമസ്ഥന്മാർ തുടങ്ങിയവരെയാണ് ഫേസിസം ഇഷ്ടപ്പെടുന്നതു്. എന്തെന്നാൽ ഒരു രാഷ്ട്രത്തിന്റെ സമ്പൽസമൃദ്ധിയുടെ മാനദണ്ഡം അതിന്റെ ആകെയുള്ള സ്വത്തിന്റെ ഏററക്കുറവല്ല, ഉള്ള ധനം അധികം ജനങ്ങളിൽ വിതരണം ചെയ്യിരിക്കുന്നതിന്റെ ക്രമമാണ്. ഭൂമിയുടമസ്ഥന്മാരേയും തൊഴിൽശാലാഉടമസ്ഥന്മാരേയും അനിയന്ത്രിതമായി വലുതാവാൻ ഫേസിസ്റ്റ് ഗവമ്മേണ്ട് അനുവദിക്കുന്നതല്ല. കഴിയുന്നതും തൊഴിലാളിവൎഗ്ഗത്തെ കുറയ്ക്കുവാനാണ് അവർ ഉത്സാഹിക്കുന്നതു്. പക്ഷെ കുറെ പേർ എന്നും അത്യന്താപേക്ഷിതമാകയാൽ നിയമമാൎഗ്ഗേണ അവൎക്കുവേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കുന്നതാണ്. അന്യായമായ പ്രവൃത്തിസമയം, കൂലി, തൊഴിലില്ലായ്മ ഇവയിൽനിന്നു രക്ഷ തൊഴിലാളികൾക്കും, തൊഴിൽമുടക്കം, അനാവശ്യമായ കൂലി ഇവയിൽനിന്നു രക്ഷ മുതലാളികൾക്കും നൽകുന്നുണ്ട്. സമുദായദ്രോഹകരമായ വ്യാപാരമത്സരം ഒരിക്കലും അനുവദിക്കുന്നതല്ല. വിശിഷ്യ, രാജ്യമൊട്ടുക്കും, ഓരോതരത്തിലുള്ള വ്യവസായങ്ങളുടെ ശാഖകൾ സുഘടിതങ്ങളും പ്രത്യേകം ഓരോ സമിതികളാൽ ഭരിക്കപ്പെടുന്നവയുമാണ്. ഓരോസമിതിയിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളെല്ലാം ചേൎന്നു ഒരു കോപ്പ്റേഷനായി (corporation) പരിണമിക്കുന്നു. കോപ്പ്റേഷൻ അദ്ധ്യക്ഷൻ എപ്പോഴും ഒരു ഗവമ്മേണ്ടു ഉദ്യോഗസ്ഥനായിരിക്കും. ഇപ്രകാരം എല്ലാവ്യവസായങ്ങളും ഗവമ്മേണ്ടു മേൽനോട്ടമുള്ളവയും ഓരോന്നും നിയമസഭയിൽ പ്രതിനിധികരിക്കപ്പെടുന്നവയുമാണ്.

ഇററലിയിലെ കൎഷകന്മാരുടെ നിലയും ഫേസിസത്തിന്നു കീഴിൽ ഏററവും ആശാസ്യകരമായിട്ടുണ്ട്. പകൎച്ചവ്യാധികളുടെയും മലമ്പനിയുടെയും വിളനിലങ്ങളായിരുന്ന വിസ്തൃതങ്ങളായ ചതുപ്പുനിലങ്ങൾ ഇന്നു് ഫലസമൃദ്ധങ്ങളായി മാറിയിട്ടുണ്ട്. അജ്ഞാതങ്ങളായി ഭൂമിക്കടിയിൽ കിടന്നിരുന്ന നിരവധി വ്യവസായോപകരണങ്ങൾ ഇന്നു് അനേകായിരം ജനങ്ങളുടെ ഉപജീവനമാൎഗ്ഗങ്ങളായിത്തീൎന്നിരിക്കുന്നു. സാമ്പത്തികലോകത്തിൽ ഒരു സ്വതന്ത്രനില ഇററലിക്കു കൊടുക്കുന്നതാണ് മുസോളിനിയുടെ ആദശം.

'ഫേസിസം ജീവിക്കും, കഴിഞ്ഞ പത്തുവൎഷങ്ങൾ അതിന്നു സാക്ഷ്യംവഹിക്കുന്നുണ്ട്'! എന്നു മുസോളിനി ലോകത്തെ സമാധാനിപ്പിക്കുന്നുണ്ടെങ്കിലും അതിന്റെ ഭാവിയെക്കുറിച്ചുള്ള ഒരു പ്രശ്നത്തിന്നു കാലമായിട്ടില്ല. ഒരുകാൎയ്യം തീൎച്ചതന്നെ. ഫേസിസത്തിന്റെ കാൎയ്യപരിപാടി പ്ര

ബലനായ ഒരു നേതാവിനെ ആവശ്യപ്പെടുന്നുണ്ട്. മുസോളിനിയെ തുടൎന്നു മറെറാരു മുസോളിനിയുണ്ടാകുമൊ? ലെനിനെ തുടൎന്നു ഒരു സ്റ്റാലിൻ ഉണ്ടായതു് ഈ ചോദ്യത്തിന്നു് ഒരുവേള സമാധാനമായേക്കാം. പക്ഷെ ചരിത്രം ആവൎത്തിക്കേണമെന്നില്ല. പ്രതികൂലശക്തികളെ ജയിക്കുന്നതിലാണു് പരിപൂൎണ്ണവിജയം. അതിനായി ജനങ്ങളിൽ ഒരു ഫേസിസ്റ്റ് മനഃസ്ഥിതിയുണ്ടാക്കുവാനാണു് ഫേസിസം ആഗ്രഹിക്കുന്നതു്. അതും എത്രത്തോളം വിജയപ്രദമായിട്ടുണ്ടെന്നറിയുന്നതും ക്ഷിപ്രസാദ്ധ്യമല്ല. എതായാലും ഫേസിസം ഇററലിയിൽതന്നെയല്ല മററു രാജ്യങ്ങളിലേക്കും അല്പാല്പമായി പ്രവേശിച്ചുതുടങ്ങിയിട്ടുണ്ടെന്നുള്ളതിന്നു് ധാരാളം ലക്ഷ്യങ്ങളുണ്ടു്.

UNIVERSITY LIBRARY
21. JUL. 1934
MADRAS

---

# മടിയുടെ മാധുൎയ്യം.

[ഞാറവീട്ടിൽ അപ്പുക്കുട്ടമേനോൻ, ബി. ഏ.]

മടി ഒരു അനുഗ്രഹമാണ്. മടിയുടെ മാധുൎയ്യത്തിൽ ഒരു ആനന്ദം ലയിച്ചുകിടപ്പുണ്ട്. ലോകത്തിലെ മഹാന്മാരിൽ വലിയൊരുഭാഗം മടിയന്മാരായിരുന്നു. അവർ അലസതയുടെ അളവററ ആനന്ദം ആസ്വാദിച്ചിട്ടുള്ള അനുഗൃഹീതരാണ്. 'ജെറോം' (Jerome) എന്ന ആംഗല സാഹിത്യകാരൻ പറയുന്നു. "ചുംബനത്തേപ്പോലെ അലസത അപഹരിക്കപ്പെടണം; എന്നാലേ അതിൻെറ മാധുൎയ്യം അനുഭവഗോചരമാകയുള്ളു. ആ രീതിയിൽ അപഹൃതമായ അലസതയുടെ ആനന്ദം ആസ്വാദിക്കുകയാണ് എനിക്കു ലോകത്തിൽ ഏററവും പ്രിയമേറിയതു്." മറെറാരു ഗ്രന്ഥകാരൻ മടിയന്മാരുടെ ഒരു ലോകത്തെ സ്വപ്നംകണ്ടുകൊണ്ടു് താൻ അവിടത്തെ രാജാവാണെന്നു സങ്കല്പിക്കുന്നു. അതാണത്രേ ലോകത്തിൽ അദ്ദേഹത്തിന്നു് ആശിക്കാവുന്നതിൽ ഏററവും മഹനീയമായ പദവി. ആ ലേഖകൻെറ അഭിപ്രായപ്രകാരം "മടിയുടെ അഭാവത്തിൽ ലോകത്തിന്നു് ഇന്നുള്ള മാധുൎയ്യം ഉണ്ടാകുമായിരുന്നില്ല!" അങ്ങിനെ ലോകത്തിൻെറ സാൎവ്വത്രികമായ സൌന്ദൎയ്യോല്ക്കൎഷങ്ങൾക്കു മാനുഷസഹജമായ മടി അത്യന്താപേക്ഷിതമാണെന്നു് പല ചിന്തകന്മാരും പ്രഖ്യാപനം ചെയ്തിട്ടുണ്ടു്.

---

മടിയുടെ മാധുൎയ്യത്തെക്കുറിച്ചുള്ള അപദാനങ്ങളൊക്കെ നമുക്കു സ്വീകരിക്കാം. പക്ഷേ അലസന്മാരായ ബാലികാബാലകന്മാർ ലോകത്തിൽ ഒരു വലിയ ഭാരമായിത്തീൎന്നിട്ടുണ്ടെന്ന കഥ നാം വിസ്മരിക്കരുതു്. "അയാൾ ഒരു കുഴമടിയനാണ്. ശ്വാസിക്കുവാൻ കൂടി അവൻ മടി കാണിക്കുന്നു" എന്നു് അമേരിക്കയിലെ കൃഷിക്കാർ ഉദാസീനനെ ഉപഹസിക്കാറുണ്ടു്.

റൊസ്സീനി (Gioachina Rossini) എന്ന ഇററാലിയൻ കവി ബാല്യകാലത്തിൽ ഒരു വലിയ മടിയനായിരുന്നു. തന്മൂലം പിതാവു്, അദ്ദേഹത്തെ ഒരു കൊല്ലൻെറ 'ആല'യിൽ 'ഉല' ഊതുവാൻ നിയോഗിച്ചുവത്രെ. സാഹിത്യത്തിലെ ഉപന്യാസശാഖയുടെ പിതാവായ മൊണ്ടേൻ (Montaigne) അദ്ദേഹത്തിൻെറ 17-ാമത്തെ വയസ്സിൽ മടിക്കും ബുദ്ധിമാന്ദ്യത്തിന്നും ഉത്തമോദാഹരണമായിരുന്നു. ഹരിയററ് മാർട്ടിനോ (Herriet Martineau) എന്ന ആംഗല ആഖ്യായികാകൎത്രിയുടെ ജീവിതം മടിക്കു് മറെറാരു ഉദാഹരണമാണ്. താക്കരേ (Thaekeray) യുടെ അദ്ധ്യാപകന്മാർ "ഒരു മടിയനായ ബാലൻ" എന്നും സഹപാഠി

കരം "കുഴമടിയൻ" എന്നുമാണ് അദ്ദേഹത്തെ വിളിച്ചിരുന്നത്. സുപ്രസിദ്ധ ജർമ്മൻശാസ്ത്രജ്ഞൻ ജസ്റ്റസ് ലിബിംഗ് (Justus Leibing) ഒരു വലിയ മടിയനായിരുന്നു. ഇപ്പറഞ്ഞവരൊക്കെ മടിയന്മാർക്കുദാഹരണമാണ്. പക്ഷേ ലിബിംഗിനേപ്പോലെയുള്ള ബുദ്ധിശാലികരം മടിയന്മാരായാലും തരക്കേടില്ലല്ലൊ.

ആധുനികകാലത്തു ജീവിക്കുന്ന സാധാരണബാലന്മാരിലും മടി സാമാന്യമായി കുടികൊള്ളുന്നതായിട്ടാണറിവ്. മോസ്കോവിൽ 1929ൽ അദ്ധ്യയനം ചെയ്തിരുന്ന ബാലന്മാരിൽ എട്ടിലൊന്ന് മടിയന്മാരായിരുന്നുവത്രെ. മടിയന്മാരായ ബാലന്മാരിൽ ഭൂരിപക്ഷവും തങ്ങരം മടിയന്മാരാണെന്ന പരമാർത്ഥം സമ്മതിക്കാൻ മടി കാണിച്ചു. അവരുടെ കൂട്ടത്തിൽ എണ്പതു ശതമാനം പേരും അവക്ക് എതിരായി ധാരാളം തെളിവുണ്ടായിരുന്നിട്ടും തങ്ങരം മടിയന്മാരല്ലെന്നുതന്നെ വാദിക്കുകയുണ്ടായി!

'പിതാവിനേപ്പോലെ പുത്രനും' എന്നു പറഞ്ഞതുപോലെയാണ് മടിയുടെയും കഥ. ഭിക്ഷാടനം ചെയ്തു ജീവിക്കുന്ന വയസ്സൻ സ്വാഭിപ്രായത്തിൽ മടിയനല്ല. ലോകം തങ്ങളെക്കുറിച്ച് അയഥാർത്ഥമായ ഒരു വിധി പ്രസ്താവിച്ചു എന്ന് മടിയന്മാരിൽ എണ്പതു ശതമാനം പേരും വിശ്വസിക്കുന്നു. ഭിക്ഷുകന്മാരുടെ ഇടയിൽ സാമാന്യമായി ഒരന്വേഷണം നടത്തുകയാണെങ്കിൽ വളരെ വ്യത്യസ്തമല്ലാത്ത ഒരു ഫലം സിദ്ധിക്കുന്നതാണ്. മറെറാരുവിധത്തിൽ പറകയാണെങ്കിൽ നമ്മളിൽ പലരും മടിയന്മാരായിരിക്കും; പക്ഷേ ആ വാസ്തവം നാം അറിയുന്നില്ലെന്നു മാത്രം. ഫലിതം പറഞ്ഞു ശ്രോതാക്കളെ രസിപ്പിക്കുകയാണെന്ന ഭാവത്തിൽ ചിലർ സന്ദർഭം കിട്ടുമ്പോളൊക്കെ തട്ടിവിടുന്ന 'പാതാണി' നമുക്കു പലപ്പോഴും അസഹനീയമായിത്തോന്നുക പതിവാണല്ലൊ. അക്കൂട്ടർ അതു് അറിയുന്നില്ല; അതാണു കഷ്ടം!

1928ൽ ബ്ലോൻസ്കി (Blonsky) എന്നൊരു മാന്യൻ മോസ്കോവിലെ വിദ്യാർത്ഥിലോകത്തിൻറ മാനസികപര്യവേക്ഷണം നടത്തുകയുണ്ടായി. അതിൻെറ ഫലമായി ബാലികമാരുടെ കൂട്ടത്തിൽ വെറും നാലുശതമാനംമാത്രമേ മടിയുടെ പിടിയിൽ പെട്ടു കണ്ടുള്ളു. ഇരുപതു ശതമാനം ബാലന്മാരോളം അലസന്മാരായിരുന്നുവത്രെ! ഒന്നു ചിന്തിച്ചുനോക്കു! ബാലികമാരേക്കാരം അഞ്ചിരട്ടിബാലന്മാർ അലസതയ്ക്കു് വിധേയരായിട്ടുണ്ടത്രെ! ഇതു വിശ്വസനീയമാണോ?

നമ്മുടെ വിദ്യാർത്ഥിലോകത്തെ ഒന്നു പരിശോധിച്ചുനോക്കിയാൽ ഈ ആശങ്കയ്ക്കു മാർഗ്ഗമില്ലെന്നു ബോദ്ധ്യപ്പെടും. നമ്മുടെ വിദ്യാർത്ഥിനികരം

വളരെ അധികം പ്രയത്നശീലമുള്ളവരാണ്. പരീക്ഷാഫലം വിദ്യാർത്ഥികൾക്ക് അനുകൂലമല്ലെങ്കിൽ അതു് അവരുടെ പരിശ്രമശീലത്തിൻെറ കുററമല്ലേ?

അപ്പോൾ, പുരുഷൻ അബലയാണെന്നു പഴിച്ചിരുന്ന സ്ത്രീ അത്രയ്ക്കു് അശക്തയല്ലതന്നെ.

ബാലികമാരായാലും യൗവനയുക്തകളായാലും സ്ത്രീകൾ പുരുഷന്മാരെപ്പോലെ അലസതയുള്ളവരല്ല. അലസഗമനം! അതു് അവർക്കൊരു സൗന്ദര്യമായേക്കാം. സ്ത്രീക്കു് ആലസ്യമുണ്ടായേക്കാം. എങ്കിലും താരതമ്യേന സ്ത്രീകൾ അലസകളല്ല. പ്രയത്നം ചെയ്യാനുള്ള ശരീരാരോഗ്യവും ശേഷിയും പുരുഷനേക്കാൾ സ്ത്രീക്കു കുറവാണ്. ശാസ്ത്രദൃഷ്ട്യാ നോക്കുകയാണെങ്കിൽ സ്ത്രീക്കു പുരുഷനേക്കാൾ പതിനഞ്ചു ശതമാനം ശേഷിക്കുറവുണ്ടെന്നു കാണാം. ആരോഗ്യശാസ്ത്രപ്രകാരം വനിതയ്ക്കുള്ള കുറവും ഈ അശക്തതയുംകൂടി പരിഗണിച്ചുനോക്കുമ്പോൾ പുരുഷൻെറ അലസതയുടെ ആധിക്യം പ്രത്യക്ഷമാകുന്നതാണ്. ഈ പര്യന്വേഷണത്തിൽ ആരോഗ്യശാസ്ത്രപ്രകാരം സ്ത്രീ കൂടുതൽ അലസയായിരിക്കാൻ ധാരാളം ന്യായമുണ്ടെന്നു കാണാൻ കഴിയും. പക്ഷേ അനുഭവം മറിച്ചാണെന്നു മാത്രം.

ദൈനംദിനമുള്ള നമ്മുടെ അനുഭവം ശാസ്ത്രീയപ്രമാണത്തെ ഉപോൽബലപ്പെടുത്തുന്നു. നടക്കുവാൻ ഉള്ള അലസതയുടെ ആധിക്യം മോട്ടോറിനെ പ്രചാരത്തിലാക്കി. നിസ്സാരങ്ങളായ ചില ദിനചര്യകളെ ചൂണ്ടിക്കാണിച്ചുകൊണ്ടു് ഡൊനാൾഡ് ലെയർഡ് (Donauld A. Leard) എന്ന അമേരിക്കൻ, പുരുഷൻെറ മടിയുടെ വളച്ചയെ സോദാഹരണം സ്ഥാപിച്ചിട്ടുണ്ട്.

അലസതയും ക്ഷീണവും തമ്മിൽ വലിയ വ്യത്യാസമില്ലെന്നു ചിലർ വിശ്വസിച്ചുകാണുന്നു. പക്ഷേ അവ രണ്ടും വ്യത്യസ്തങ്ങളായ ഗുണങ്ങളാണെന്നു നാം ഗ്രഹിക്കണം. ആരോഗ്യവിഷയത്തിൽ അബലയായ സ്ത്രീ സാമാന്യമായി പുരുഷനേക്കാൾ വേഗത്തിൽ ക്ഷീണിച്ചു എന്നു വന്നേക്കാം. പക്ഷേ ഒരിക്കലും അവൾ പുരുഷനോളം മടിയുടെ മാധുര്യം പ്രദർശിപ്പിച്ചിട്ടില്ല.

ശരീരശാസ്ത്രജ്ഞന്മാരുടെ നിരന്തരപരിശ്രമത്തിൻെറ ഫലമായി അലസത ആരോഗ്യപരമായ ഒരു ദീനമല്ലെന്ന് സ്ഥാപിതമായിട്ടുണ്ട്. അതേ, നമ്മുടെ പ്രതിപാദ്യവിഷയത്തെപ്പോലുള്ള അലസത മാനസികമാണ്; കായികമല്ല. വിചാരങ്ങളുടേയും വികാരങ്ങളുടേയും ഫലമാണ് അതു്. ദാരിദ്ര്യത്തിനും അനാരോഗ്യത്തിനും അതിൽ സ്ഥാനമൊന്നുമില്ല. അബലമാരിൽ കാണുന്ന അലസതയുടെ അഭാവം, അതിൽ

അന്തർഭവിച്ചിരിക്കുന്ന മാനസികതത്വത്തെ വ്യക്തമാക്കുന്നുണ്ട്. ഭിക്ഷക്കാർ സാധാരണമായി തടിയന്മാരായിരിക്കും. പക്ഷേ മാനസികമൌഢ്യം മൂലം അവക്കു ജോലിചെയ്യാൻ കഴിയുന്നില്ല. പിന്നെ, കായികമായ ക്ഷീണത്തേയും അനാരോഗ്യത്തേയും അവഗണിച്ചു നിരന്തരമായി പ്രയത്നിക്കുന്ന പരിശ്രമശീലരായ മഹാന്മാരെക്കുറിച്ചു ചിന്തിച്ചുനോക്കുക.

ചാറത്സ്ഡാർവിൻ! (Charles Darwin) അനാരോഗ്യത്തിൻേറയും ക്ഷീണാധിക്യത്തിൻേറയും കരവതാരമായിരുന്നു. അദ്ദേഹം സുപ്രസിദ്ധനായ ആ ആംഗലപ്രകൃതിശാസ്ത്രജ്ഞൻ സാധിച്ച ശാസ്ത്രീയഗവേഷണം ആരോഗ്യം നശിച്ച അദ്ദേഹത്തിൻെറ ശരീരത്തോടുള്ള പോരാട്ടത്തിൻെറ ഫലമായിരുന്നു. ഇമാനുവൽ ക്യാൻറ് (Immanuel Kant) എന്ന ജർമ്മൻതത്വജ്ഞാനി ഈദൃശമായ ക്ഷീണാധിക്യത്തോടു പൊരുതിയിട്ടുള്ള ദേഹമാണ്. ഷില്ലർ (Frederick von Schiller) എന്ന ജർമ്മൻ മഹാകവി അദ്ദേഹത്തിൻെറ മുപ്പതാമത്തെ വയസ്സിൽ അനാരോഗ്യത്തിൻെറ ഫലമായി വെറും ഒരു അസ്ഥികൂടം മാത്രമായിരുന്നു. പക്ഷേ തീവ്രപ്രയത്നശാലിയായ അദ്ദേഹം അന്നും ദിനംപ്രതി പതിന്നാലുമണിക്കൂർവീതം ജോലിചെയ്തുപോന്നു. വിശ്രമിക്കേണ്ട സന്ദർഭത്തിൽ അദ്ദേഹം പരിശ്രമിക്കും. ഈ അലസതയില്ലായ്മയാണ് വിശ്വവിഖ്യാതങ്ങളായ കവനങ്ങൾ നിർമ്മിച്ച അദ്ദേഹത്തിൻെറ ആരോഗ്യക്ഷയത്തിന്നു നിദാനം. യൌവനത്തിൽതന്നെ, ഈ അലസതയുടെ അഭാവം ആ മഹാനെ ദിവംഗതനാക്കിത്തീർത്തു.

അലസതയുടെ ആവിർഭാവത്തിൽ ഇന്ദ്രിയങ്ങൾക്ക് എത്ര പ്രാധാന്യമുണ്ടെന്നു സ്ഥാപിക്കുന്ന മനഃശ്ശാസ്ത്രപരമായ ഒരു പരീക്ഷണം പല ശാസ്ത്രജ്ഞന്മാരും ഉദ്ധരിച്ചുകണ്ടിട്ടുണ്ട്. ഘനമേറിയ ഒരു ഭാരം ഒരാളുടെ ഒരു വിരൽകൊണ്ടു്, അതു ക്ഷീണിക്കുന്നതുവരെ ഉയർത്തുക. വിരൽ ക്ഷീണിച്ച് ആ ഭാരം ഉയർത്താൻ കഴിയാതെ വരുമ്പോൾ അയാൾ പറയും, "എൻെറ വിരൽ ക്ഷീണിച്ചു. ഈ പ്രയത്നം മൂലം എൻെറ മാംസപേശി തളർന്നു". പക്ഷേ ആ ഭാരം ഉയർത്തിയതുകൊണ്ടല്ല അയാളുടെ മാംസപേശി തളർന്നതു് എന്ന് അടുത്ത പരീക്ഷണത്തിൽനിന്നും ഗ്രഹിക്കാം. ഒരു ലഘുവായ വൈദ്യുതശക്തി ഞരമ്പിൻെറ സ്ഥാനത്തു് ആ വിരലിന്മേൽ പ്രയോഗിക്കുക. അപ്പോൾ ഘനം ചുരുങ്ങുന്നതായിക്കാണാം. വിരലല്ല, ആ ഞരമ്പാണ് ക്ഷീണിച്ചതെന്നു് നമുക്ക് ഇതിൽനിന്നും അനുമാനിക്കാമല്ലോ. മാംസപേശിക്കു ക്ഷീണം പററിയിട്ടില്ല. മാനസികശക്തിയും അതോടനുബന്ധിച്ചു പ്രവർത്തിക്കുന്ന ഞരമ്പുകളുമാണ് ആ ഭാരം ഉയർത്തുന്നതിൽ അലസത കാണിച്ചതു്. ഇതുപോലെ ഇതരസന്ദ

ങ്ങളിലും അവ ഉദാസീനത കാണിയ്ക്കാറുണ്ട്. സ്ത്രീകളുടെ മാംസപേശികളാണ് പെട്ടെന്നു ക്ഷീണിക്കുന്നത്. പക്ഷേ അവരുടെ മാനസിക ശക്തി ഉപേക്ഷ കാണിക്കയില്ലെന്നും തന്മൂലം അവരിൽ അലസതയുടെ പ്രകാശനം കുറവാണെന്നും മുൻപ്രസ്താവിച്ച ഉദാഹരണത്തിൽനിന്നും തെളിഞ്ഞുവല്ലോ.

മനുഷ്യരെ മടിയന്മാരാക്കുന്ന മാനസികഹേതുക്കൾ എന്തെല്ലാമാണെന്നു പാശ്ചാത്യരാജ്യങ്ങളിലെ മാനസികശാസ്ത്രഗവേഷകന്മാർ പര്യവേക്ഷണം ചെയ്തു പഠിച്ചിട്ടുണ്ട്.

ആ ഗവേഷണഫലമായി ദിവാസ്വപ്നം കാണുക അലസതയുടെ ആവിർഭാവത്തിനു പ്രധാനമായ ഒരു കാരണമാണെന്നു കണ്ടുപിടിച്ചു. മാനസത്തിനു നിശ്ചിതമായ എന്തെങ്കിലും സംഗതിയെ കുറിച്ച് ഏകാഗ്രമായി ചിന്തിക്കുന്നതിലും വളരെ എളുപ്പമാണ് അലസതയിലും ആലസ്യത്തിലും ആണ്ട് സ്വപ്നം കാണുക. യഥാർത്ഥത്തിൽ പന്ത്രണ്ടു വയസ്സുമുതൽ ഇരുപതുവയസ്സുവരെയുള്ള പ്രായത്തിൽ എല്ലാവർക്കും ഈ ദിവാസ്വപ്നദശ അനുഭവിക്കേണ്ടിവരും. ചിലർ ഈ മന്ദത പിടിച്ച കാലത്തിൽനിന്നും പിന്നെ ഉയരാതേയും ഇരിക്കുന്നു. വേഷഭ്രമങ്ങളിൽ കേവലം അശ്രദ്ധരായി സായംകാലങ്ങളിലും മററും നമ്മുടെ നഗരങ്ങളിൽ ചിന്താമഗ്നരായി കാണുന്ന യുവാക്കന്മാരുടെ ഹൃദയം സാങ്കല്പികമായ സ്വർഗ്ഗലോകത്തു സദാ സഞ്ചരിച്ചുകൊണ്ടിരിക്കും. അയാൾ ഉറങ്ങുകയല്ലാ എങ്കിലും അയാളുടെ മനസ്സ് വായുവിൽ നിഷ്ഫലമായ കോട്ടകൾ കെട്ടിപ്പടുക്കുന്നു. മററുരീതിയിലുള്ള മടിയന്മാരെപ്പോലെ ഇയ്യാളും ഒരുതരം മടിയൻതന്നെയാണ്. കാരണം അയാളിൽ ഇനിയും തനിക്ക് അടക്കാൻ വയ്യാത്തതും അപ്രായോഗികവുമായ യുവാവിൻെറ സങ്കല്പങ്ങളുള്ളതുകൊണ്ടുതന്നെ.

സാങ്കല്പികമായ ആനന്ദം ജീവിതത്തിൻെറ കാഠിന്യത്തേയും കഷ്ടപ്പാടിനേയും അകററുവാൻ പര്യാപ്തമാണെന്നുള്ള വിശ്വാസം കൊണ്ടു ജനങ്ങൾ ദിവാസ്വപ്നത്തിൽ ലയിക്കുന്നു. യഥാർത്ഥത്തിൽ അതു് ഒരു കഷ്ടപ്പാടിനും പരിഹാരമുണ്ടാക്കുന്നില്ല. പക്ഷേ, അതു് നമുക്കു് ക്ഷണികമായ ആനന്ദത്തെ പ്രദാനം ചെയ്യുന്നതു കൊണ്ട് നാം സങ്കല്പലോകത്തിൽ ലയിച്ച് മറെറല്ലാം വിസ്മരിച്ചുപോകുന്നു; ആ കഷ്ടാരിഷ്ടങ്ങളെ മാച്ചുകളവാൻ ശ്രമിക്കുന്നു. പക്ഷേ നമുക്കുണ്ടാകുന്ന അനുഭവം മറിച്ചാണ്. ആ പരിശ്രമത്തിൻെറ ഫലമായി നിരാശയുടെ നിശ്വാസമാണ് പലരിലും പ്രത്യക്ഷമാകുന്നത്. മാത്രമല്ലാ ആ നിരാശ തുടങ്ങിയ മാനസികാനുഭവങ്ങൾ ആ ദിവാസ്വപ്നം കാണുന്നവരെ മടിയന്മാരുമാക്കുന്നു. തന്മൂലം നാം മടിയന്മാരോട് ദയ കാണിക്ക

ണമെന്നു് ഇതു തെളിയിക്കുന്നുണ്ടു്. പക്ഷേ മനുഷ്യന്റെ പരമമായ അലസതയുടെ നിദാനത്തെ ഇതു് വ്യാഖ്യാനിക്കുന്നില്ല. ശാസ്ത്രജ്ഞന്മാർ പറയുന്നു, സ്ത്രീജനങ്ങൾക്കു പുരുഷന്മാരേക്കാൾ കൂടുതൽ ഇത്തരം മാനസികമായ നിരാശയുണ്ടാവാൻ ന്യായമുണ്ടെന്നു്.

വൈയവസായികമായും മററുമുള്ള തൊഴിലുകളുടെ രീതിയിലുള്ള മാററമില്ലായ്മയും ദൈർഘ്യവും തൊഴിലാളിയുടെ ഹൃദയത്തിൽ ഒരു വെറുപ്പുണ്ടാക്കുന്നു. കാലക്രമത്തിൽ ഈ വെറുപ്പു് മടിയായി കലാശിക്കുന്നു എന്നു് ആംഗലചിന്തകന്മാർ വാദിക്കുന്നു. ഈ മടി ചിലപ്പോൾ ചില പ്രത്യേകത്തൊഴിലിനെ സംബന്ധിച്ചുമാത്രമായും കാണാം. തൊഴിൽശാലയിൽ മടിയനായ വേലക്കാരൻ സ്വഗൃഹത്തിലെ ഉദ്യാനത്തിൽ 'കാളയെപ്പോലെ' വേല ചെയ്യാൻ കടുന്നതായിക്കാണാം. അയാൾ പുതുമ അന്വേഷിച്ചോടുകയാണു്. തൊഴിലിനോടുള്ള വാത്സല്യം കുറയുമ്പോൾ അലസത വർദ്ധിക്കുന്നു. ജീവസന്ധാരണത്തിനുവേണ്ട ആഹാരം സമ്പാദിക്കുന്നതിനായി കിട്ടുന്ന പ്രതിഫലത്തിനു പലക്കും ജോലിചെയ്യേണ്ടിവരുന്നു. തന്മൂലം ഇതു മടിയുടെ ഉത്ഭവത്തിനു് ഒരു മതിയായ കാരണം തന്നെയാണു്. അമേരിക്കയിൽ വിദ്യാഭ്യാസം പൂർത്തിയായ യുവാക്കന്മാർക്കു് അവരവരുടെ അഭിരുചിയ്ക്കൊത്ത തൊഴിൽ നല്കാനുള്ള പരിശ്രമം ഇത്തരം അലസതയുടെ ആവിർഭാവത്തിനു് ഒരു നല്ല പരിഹാരമാർഗ്ഗമാണു്.

മൂകന്മാരായ മനുഷ്യർ സാധാരണമായി അനഭിലഷണീയവും തങ്ങളുടെ സ്വഭാവത്തിനു വിരുദ്ധവുമായ തൊഴിലിലും അക്ഷീണരായിട്ടാണു് കണ്ടുവരുന്നതു്. എന്നാൽ മൂകന്മാരല്ലാത്ത സ്ത്രീപുരുഷന്മാർക്കു് ഇതേതൊഴിൽതന്നെ ചെയ്യേണ്ടിവരുമല്ലോ. അപ്പോഴാണു യഥാർത്ഥത്തിൽ ബുദ്ധിമാന്മാരായവർ മടിയന്മാരായിത്തീരാനുള്ള ആ അശുഭസൂചകമായ സന്ദർഭം ആസന്നമാകുന്നതു്. തൊഴിലാളികളിൽ ഭൂരിപക്ഷവും ബുദ്ധിമാന്മാരായതുമൂലം സാഹചര്യങ്ങൾ ഈ നശിച്ച ഭാഗത്തേയ്ക്കു വലിച്ചിഴച്ചു് അവരെ മടിപിടിപ്പിക്കുന്നു.

അമേരിക്കയിലെ ചിന്തകന്മാരും മടിയുടെ മൌലികമായ കാരണത്തെക്കുറിച്ചു ചർച്ച ചെയ്തിട്ടുണ്ടു്. ഫ്രെഡറിക്കു കെപ്പർ (Frederich Kepper) എന്ന മഹാന്റെ ചിന്തയുടെ ഫലമായി കലാശാലാവിദ്യാർത്ഥികളിൽ ഭൂരിപക്ഷംപേർക്കും അവരവരുടെ തൊഴിലിനെ സംബന്ധിച്ച ഹിതാഹിതങ്ങളുണ്ടെന്നു കണ്ടുപിടിച്ചു. എങ്കിലും തങ്ങളുടെ ഹിതാനുസാരം തൊഴിലിൽ ഏർപ്പെട്ടിട്ടു വിജയപ്രദമായ ഫലം സിദ്ധിക്കാൻ പ്രയത്നിച്ചിട്ടുള്ളവർ ചുരുക്കമാണു്.

അക്കാലത്തിൽ, തന്റെ പത്താമത്തെ വയസ്സിൽ പ്രകൃതിശാസ്ത്രജ്ഞനാവണമെന്ന ആഗ്രഹത്താൽ പ്രേരിതനായി അലസതയുടെ അടിയേല്ക്കാതെ സ്വാഭിലാഷപൂർത്തി വരുത്തിയ ചാപ്പ്മാൻ ആൻഡ്രൂ (C.apman-Andreus) കലാശാലയിൽ കാലെടുത്തു വയ്ക്കുന്നതിനുമുമ്പുതന്നെ ഒരു നല്ല സാഹിത്യകാരനാകണമെന്ന് ആഗ്രഹിച്ചിരുന്ന സുപ്രസിദ്ധഗ്രന്ഥകാരൻ ജേയിംസ് കോസ്സൻസ് (James Coasans) ഇവരുടെ നാമങ്ങൾ സ്മരണീയങ്ങളാണ്. കോസ്സൻസ് സമയം ഒട്ടും തന്നെ കളയാതെ തന്റെ അഭിലാഷപൂർത്തിക്കു വേണ്ടമാർഗ്ഗത്തിൽ സഞ്ചരിച്ചു പ്രയത്നിച്ചു. അമേരിക്കയിലെ ഗ്രന്ഥശാലകളൊക്കെ സാമ്പത്തികാധഃപതനംകൊണ്ടു് അമ്പരന്നു് അനങ്ങാതിരിക്കുന്ന ഇന്നാകട്ടെ അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങൾ പ്രതിവാരം അയ്യായിരക്കണക്കിനു ചിലവാകുന്നു.

നമ്മുടെ അഭിരുചിക്കൊത്ത തൊഴിൽ കാണുന്നതുവരെ നാം മന്ദതയിലാണ്ട മടിയന്മാരാണ്. അതുവരെ നാം മടിയുടെ മഹാവ്യാധിയിൽ പെട്ടുവലയുന്നു. അവരവരുടെ രുചിക്കും ഹിതത്തിനും ചേർന്ന തൊഴിലിൽ പ്രവേശിച്ചു സംതൃപ്തി നേടാൻ കഴിയാത്തവരാണു പ്രധാനമായി മടിയന്മാരായിത്തീരുന്നതെന്നതു് ഒരു സാമാന്യനിയമമായെടുക്കാം. ചിലൎക്കു തങ്ങളുടെ അഭിരുചിയെക്കുറിച്ചു മുൻകൂട്ടിയുള്ള പരിജ്ഞാനം ലഭിക്കാതെ വരുന്നു. അക്കൂട്ടർ സാമാന്യേന മടിയന്മാരായിത്തീരുന്നതിൽ അത്ഭുതപ്പെട്ടുവാനില്ലല്ലൊ.

മടിയുടെ മറുവശത്തെക്കുറിച്ചാണു് നാം ഇതുവരെ പ്രതിപാദിച്ചതു്. മലിനമായ ഒരു മറുവശമുണ്ടെന്നുള്ളതുകൊണ്ടു് അതിന്റെ മാധുര്യത്തിന്നു കുറവു സംഭവിക്കുമെന്നുള്ള ഭയം അസ്ഥാനത്താണ്.

----

# കല്ലിന്നു ചുവട്ടിൽ ഒരു ഹൃദയം.

[എം. എസ്. ദേവദാസ് ബി. എ. ഓണേഴ്സ്]

I

എനിക്കു പത്തൊമ്പതു വയസ്സു തികഞ്ഞു; എങ്കിലും എന്റെ വിവാഹം കഴിഞ്ഞിട്ടില്ല. എന്നെങ്കിലും വിവാഹം കഴിക്കണമെന്ന വിചാരവും എനിക്കില്ല. പണംകൊണ്ടും സ്ഥാനംകൊണ്ടും മേലേക്കിടയിലുള്ള രണ്ടുമൂന്നു യുവാക്കന്മാരെ എന്റെ അച്ഛൻ ബുദ്ധിമുട്ടി സ്വാധീനത്തിൽ കൊണ്ടുവന്നുവെങ്കിലും, അച്ഛന്റെ ആവക പരിശ്രമങ്ങളെയെല്ലാം ഞാൻ നിർഭയം അവഗണിച്ചു. സ്വഭാവത്തെയോ മനഃസ്ഥിതിയേയോ സംബന്ധിച്ചേടത്തോളം എനിക്കു യാതൊരു പരിജ്ഞാനവുമില്ലാത്ത ഒരു പുരുഷന്റെ സ്വേച്ഛാധികാരത്തിന്നു മുമ്പിൽ എന്റെ സ്വാതന്ത്ര്യമായ യുവജീവിതത്തെ ബലികഴിക്കുവാൻ ഞാൻ തെയ്യാറില്ലായിരുന്നു. അച്ഛൻ എന്നോടു പലേ മട്ടിലും ഉപദേശം ചെയ്തുനോക്കി, അമ്മ പലതരത്തിലും എന്നെ ശകാരിച്ചുനോക്കി. ഒടുവിൽ ഞാൻ തീർത്തുപറഞ്ഞു: "എനിക്കു വിവാഹമേ വേണ്ട."

ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ ഫലമായിട്ടാണു പെൺകുട്ടികൾക്കു ഇത്തരം ദുർവ്വാശി ഉണ്ടായിത്തീരുന്നതെന്നു പഴമക്കാർ പറഞ്ഞേക്കാം. പക്ഷെ എനിക്കു് ഒട്ടുംതന്നെ ഇംഗ്ലീഷു വിദ്യാഭ്യാസം ലഭിച്ചിട്ടില്ല. ജ്യേഷ്ഠൻ ബി. എ.ക്കു പഠിക്കുകയാണു്; ഇതുവരെ അച്ഛൻ പഠിപ്പിക്കുകയും ചെയ്തു; പക്ഷെ സ്ത്രീവിദ്യാഭ്യാസത്തിൽ അച്ഛന്നു വിശ്വാസമുണ്ടായിരുന്നില്ല. പണ്ടു ഞാൻ നാലഞ്ചുകൊല്ലത്തോളം സംസ്കൃതം പഠിക്കുകയുണ്ടായിട്ടുണ്ടു്; അപ്പോഴക്കും ഗുരുനാഥനോടുകൂടി ശണ്ഠകൂടിയതിനാൽ, സംസ്കൃതംപഠിക്കൽ നിർത്തേണ്ടിവന്നു. അതിന്നുശേഷം ഒരു കൊല്ലം വൈദ്യം പഠിക്കലായി; എന്നാൽ വൈദ്യത്തിൽ എനിക്കഭിരുചിയില്ലായിരുന്നതുകൊണ്ടു് അതും നിർത്തി. സംസ്കൃതസാഹിത്യത്തിൽ പ്രസിദ്ധപ്പെട്ട ചില കാവ്യങ്ങളും നാടകങ്ങളും ഞാൻ വായിച്ചിട്ടുണ്ടു്. സാഹിത്യത്തിൽ പൊതുവേ എനിക്കു ബഹുതാല്പര്യമാണു്. ഞാൻ വള്ളത്തോളിന്റെ കവിതകൾ വായിക്കും. "വിലാസലതിക"യിലെ മിക്കശ്ലോകങ്ങളും എനിക്കു 'കാണാപ്പാഠം' ചൊല്ലുവാൻ കഴിയും.

ഞാൻ പല നൂതനാഭിപ്രായങ്ങളും ഉള്ളവളായിരുന്നു. എന്റെ ജ്യേഷ്ഠനോ ജ്യേഷ്ഠന്റെ സ്നേഹിതൻ ബാലകൃഷ്ണൻനായരോ കൊണ്ടുവന്നു തരാറുള്ള മലയാളദിനപത്രങ്ങൾ ഞാൻ വായിക്കും. വിദ്യാഭ്യാസമുള്ളവനും സ്വതന്ത്രനുമായ എന്റെ ജ്യേഷ്ഠൻ ഖദർ ധരിച്ചിരുന്നുവെങ്കിൽ, അതിലത്ഭുതമില്ല; എന്നാൽ, എല്ലാംകൊണ്ടും അസ്വതന്ത്രയായ ഞാൻ ഖദറേ ധരിച്ചിരുന്നുള്ളു എന്നുള്ളതു കുറെ അത്ഭുതകരംതന്നെയാണു്.

ഈവക ദൃഷ്യങ്ങളെല്ലാമിരുന്നാലും എന്റെ അച്ഛൻ എന്നെ ഹൃദയം നിറയെ സ്നേഹിച്ചു; എന്റെ അമ്മ എന്നെ തൊണ്ട നിറയെ ശകാരിച്ചു. സ്നേഹിച്ചാലും ശരി ശകാരിച്ചാലും ശരി, ഞാൻ എന്റെ തന്തോന്നിത്തം കൈവിട്ടില്ല.

II

ബാലകൃഷ്ണൻനായർ — അഥവാ, ബാലൻ — ജ്യേഷ്ഠന്റെ ഒരാത്മ മിത്രവും ജ്യേഷ്ഠനോടൊപ്പം ഇൻററർമീഡിയററക്ലാസ്സിൽ പഠിച്ചിട്ടുള്ളവരിൽ ഒരാളുമാണ്. അയാഠം ഇൻററർമീഡിയററ് പരീക്ഷയിൽ തോററു; ജ്യേഷ്ഠൻ ജയിച്ചു. ജ്യേഷ്ഠൻ ബി. എയ്ക്കു പഠിയ്ക്കുവാൻ തുടങ്ങി; ധനികനായിരുന്ന ഒരു വക്കീലിന്റെ മകനായ ബാലനാകട്ടെ, പിന്നീടു പഠിയ്ക്കുന്നതിനുള്ള ആസക്തി ആ തോൽവിയോടുകൂടി അസ്തമിയ്ക്കുകയാൽ, അയാളുടെ അച്ഛനമ്മമാരുടെ ഉപദേശങ്ങഠംക്കും നിർബ്ബന്ധത്തിന്നും വിരുദ്ധമായി, വീടും നാടും വിട്ടുപോയി ഉത്തരഭാരതത്തിൽ പലേടത്തും അലഞ്ഞുനടന്നു; പലേടത്തും ജോലികിട്ടുവാൻ പരിശ്രമിച്ചു; ഒടുവിൽ, എങ്ങും ജോലികിട്ടാതെ, ഏതോ രാഷ്ട്രീയലഹളയിൽ പങ്കുകൊള്ളുകയും ഒന്നുരണ്ടുമാസം ജയിൽവാസമനുഭവിയ്ക്കുകയും ചെയ്തു. ഒക്കെക്കഴിഞ്ഞു, ഇപ്പോഠം വീണ്ടും നാട്ടിലേയ്ക്കു മടങ്ങിവന്നിരിയ്ക്കുകയാണ്. "ഉത്തരവാദിത്വമില്ലാത്ത ചെറുപ്പക്കാരൻ എന്നസ്ഥാനപ്പേർ അയാഠം സമ്പാദിച്ചു കഴിഞ്ഞു.

എന്റെ കഥ ആരംഭിയ്ക്കുന്ന കാലത്തു്, ബാലൻ ഞങ്ങളുടെ ഗ്രാമത്തിൽത്തന്നെ, ഞങ്ങളുടെ വീട്ടിൽനിന്നു് അരമുക്കാൽ മൈൽ ദൂരത്തായിട്ടു്, തന്റെ പഴയവസതിയിൽ നാലഞ്ചുമാസത്തോളമായി താമസം തുടങ്ങിയിരിയ്ക്കുന്നു. ഇതാണ് അയാളുടെ തറവാട്ട്; ഇവിടെയായിരുന്നു അയാളുടെ ജീവിതത്തിലെ ആദ്യത്തെ അഞ്ചാറുകൊല്ലം — അയാളുടെ ബാല്യം.

ഹാ, ആ ബാല്യകാലം — ഞങ്ങളുടെ ബാല്യകാലം! ഞങ്ങഠം സമപ്രായക്കാരായിരുന്നു. എത്ര അടിപിടികൂടിയിട്ടുണ്ട്! എത്ര കശപിശ കാണിച്ചിട്ടുണ്ട്! പക്ഷെ, ആ കാലമൊക്കെ പോയി. ബാലൻ സ്കൂഠം പ്പഠിപ്പുതുടങ്ങി; പിന്നീട് അയാളുടെ അച്ഛന്റെ കൂടെയായി താമസം. ഞങ്ങളുടെ അപരിഷ്കൃതമായ കുഗ്രാമത്തിൽനിന്നു മുപ്പത്തഞ്ചുനാഴിക ദൂരത്തുള്ള ഒരു പട്ടണത്തിൽ തന്റെ കുട്ടിക്കാലത്തെ കളിക്കൂട്ടിയായിരുന്ന ലീലയെ അയാഠം മറന്നു; ലീല അയാളെയും മറന്നു.

ബാലൻ നാടുവിട്ടുപോകാൻ ഭാവിയ്ക്കുന്ന കാലത്താണ് പിന്നെ ഞങ്ങഠം അന്യോന്യം കണ്ടിട്ടുള്ളതു്. ഞാൻ കുളികഴിഞ്ഞു മടങ്ങിവരുമ്പോഠം, എന്റെ വീട്ടിന്റെ അടുത്തുള്ള ഒരിടവഴിയിൽ വെച്ചു്

ജ്യേഷ്ഠനും ബാലനും കൂടി വരുന്നതുകണ്ടു. "എന്താ? അറിയുമോ?" എന്നു ചോദിച്ചു—അയാൾ എന്നോടല്ല, ഞാൻ അയാളോട്. ബാലൻ പുഞ്ചിരിയിട്ടു:—"പിന്നെ! മറക്കുകയോ? എന്റെ ഓർമ്മശക്തി അത്ര മോശമല്ല." അവർ അവരുടെ വഴിക്കുപോയി; ഞാൻ എന്റെ വഴിക്കും പോന്നു. അയാൾ അധികം താമസിയാതെ നാട്ടും വിട്ടുപോയി. എന്നെ മറന്നു; ഞാനും മറന്നു.

ഇപ്പോഴാകട്ടെ, ഞാൻ മുമ്പുപറഞ്ഞ പോലെ, അയാൾ പഴയ തറവാട്ടിൽ വീട്ടിലുള്ള ആളുകളോടൊപ്പം താമസം തുടങ്ങിയിരിക്കുന്നു. ഞങ്ങൾ അടുത്തടുത്തായി താമസം. അയാൾ പലപ്പോഴും ജ്യേഷ്ഠനെക്കാണുന്നതിന്നു ഞങ്ങളുടെ ഗൃഹത്തിൽ വരും; ചിലപ്പോൾ ഞങ്ങളോടൊപ്പം ഊണുകഴിക്കും. അതുപോലെതന്നെ മററു ചിലപ്പോൾ ജ്യേഷ്ഠൻ ബാലന്റെ വീട്ടിൽപ്പോയിട്ടും ഊണുകഴിക്കും. ഹാ, പുരുഷന്മാർ തമ്മിലുള്ള സൌഹാർദ്ദത്തിന്റെ മതിപ്പ്!

III

ജ്യേഷ്ഠൻ ബി. എ. പരീക്ഷ കഴിഞ്ഞു മടങ്ങിവന്നു; പരീക്ഷാഫലമൊന്നും പുറത്തായിട്ടില്ല. മദ്ധ്യവേനലിന്റെ വെക്കേഷനായി. ജ്യേഷ്ഠൻ ഇവിടെ മിക്കപ്പോഴും ഉള്ളതുകൊണ്ടു ബാലൻ ഇവിടെ പലപ്പോഴും വരും; എന്നോടുകൂടി പലപ്പോഴും സംഭാഷണം ചെയ്തുകൊണ്ടിരിക്കും.

അയാൾ ഉണ്ണാനിരിക്കുകയാണെങ്കിൽ, ഞാൻ അതുകണ്ടുകൊണ്ടു അരികത്തു നിൽക്കും. ഞങ്ങൾ പല വിഷയങ്ങളെപ്പററിയും വെടിപറയും; സാഹിത്യപുസ്തകങ്ങളെ വിമർശിക്കും; സാമുദായികങ്ങളായ മാമൂലുകളെ അധിക്ഷേപിക്കും. ഞങ്ങൾ സ്ത്രീസ്വാതന്ത്ര്യത്തെക്കുറിച്ചു സംസാരിക്കും. ഞങ്ങളുടെ അഭിപ്രായങ്ങളുടെ യോജിപ്പു ഞങ്ങളെ രണ്ടുപേരെയും സന്തോഷിപ്പിച്ചു. ഒരു ദിവസം (അന്നു ഞാൻ 'ആകാശനീല' നിറത്തിലുള്ള ഒരു ബ്ലൌസ്സാണു ധരിച്ചിരുന്നത്) അയാൾ പെട്ടെന്ന് എന്റെ മാറത്തേക്കു ചൂണ്ടിക്കാണിച്ചു ചോദിച്ചു:—

"ഇതു ഖദറാണോ?"

എനിക്കു പുഞ്ചിരിക്കൊള്ളാതിരിക്കാൻ സാധിച്ചില്ല. "അതേ"

ചിലപ്പോൾ, ഞാൻ ബാലനു ഭക്ഷണസാധനങ്ങൾ വിളമ്പിക്കൊടുക്കും; അങ്ങിനെ ചെയ്താൽ അയാൾക്കു ബഹുസന്തോഷമാണ്. അപ്പോൾ അയാൾ പതിവിലധികം ഊണുകഴിക്കും. ഒരിക്കൽ അയാൾ എന്നെക്കൊണ്ടു നാലു പ്രാവശ്യം സാമ്പാറു വിളമ്പിച്ചു. അതുമല്ല, ഞാൻ എന്തെങ്കിലും വിളമ്പിക്കൊടുക്കുമ്പോൾ, അയാൾ സൂക്ഷിച്ചു നോക്കുക ആ ഭക്ഷണപദാർത്ഥത്തിന്മേലേക്കല്ല, എന്റെ മുഖത്തേക്കാണ്.

"ഇതെന്തൊരു കഷ്ടമാണ്! കീഴ്പ്പോട്ടു നോക്കു," ഞാൻ പിറു പിറുത്തു.

"വയാറിന്നു വിശപ്പുണ്ടെങ്കിൽ, കണ്ണിന്നുമുണ്ട് അതിൻെറ വിശപ്പ്."

ഒരുദിവസം ഉച്ചതിരിഞ്ഞ് അയാൾ തനിച്ചു പൂമുഖത്തിണ്ണമേൽ ഇരിക്കുമ്പോഴാണ്, ഞാൻ ഒരു പാത്രം നിറച്ചു കാപ്പിയും കുറച്ചു പല ഹാരവുംകൊണ്ടു ചെന്നത്. ഞാൻ കയ്യിലെടുത്തിരുന്ന കോപ്പയുടെ വക്കു അല്പം പൊട്ടിയിരുന്നു.

"എന്താണിതിൻെറ ചുണ്ട് അല്പം പൊട്ടിയിരിക്കുന്നതു്?"

ഞാൻ ലജ്ജിച്ചു തൂണിൻെറ പിന്നിൽ മുഖം മറച്ചുനിന്നു. ബാലൻ ശ്ലോകം ചൊല്ലുവാനാരംഭിച്ചു:—

"ക്ഷീണാപാണ്ഡുകപോലമാം മുഖവുമായ്
ത്തൻ മന്ദിരത്താഴ്വര-
ത്തൂണാലൊട്ടു മറഞ്ഞുനിന്നു,"—

"അവിടെയിരുന്നു ശ്ലോകം ചൊല്ലിക്കൊള്ളു. എന്നെക്കൊണ്ട് ഇതു കേട്ടു നില്ക്കാൻ വയ്യ". ഞാൻ തൽക്ഷണം അവിടെ നിന്നോടിപ്പോയി.

## IV

ഒരു വിധം വെളുത്ത നിറം, നീണ്ടുമെലിഞ്ഞതെങ്കിലും സുദൃഢമായ ശരീരം, എല്ലായ്പോഴും ശിരസ്സ് ഉയർത്തിപ്പിടിച്ചു നടക്കുന്ന ഒരു സമ്പ്രദായം, തികഞ്ഞ പൌരുഷത്തെ വിളിച്ചു പറയുന്ന മുഖം, എല്ലാത്തരം രസങ്ങളും ശക്തിമത്തായി പുറപ്പെടുന്ന കണ്ണുകൾ—ഈ ചിത്രം ബാലൻെറ ഒരു ചിത്രമാണ്. അയാളുടെ കണ്ണുകളിൽ എന്തോ ഭയങ്കരമായ ഒരു ശക്തിയുണ്ട്, ഒരു പ്രകാശമുണ്ട്, ഒരഗ്നിയുണ്ട്. ആ അഗ്നിക്കു തന്നെത്തന്നെ ദഹിപ്പിച്ചു കളയത്തക്ക ശക്തിയുണ്ടെന്നു തോന്നും. ചിലപ്പോൾ അയാളുടെ കണ്ണുകൾക്കു ദൈവികമായ ഒരു ശാന്തതയും മാർദ്ദവവുമുണ്ടാവും; മററു ചിലപ്പോൾ അവയിലൂടെ പൈശാചികമായ ഒരു മിന്നൽപ്പിണർ പാഞ്ഞുപോകുന്നതു കാണാം. ബാലനു ഇന്നതേ ചെയ്തുകൂടു എന്നില്ല! അയാളുടെ നെററി വിശാലമാണ്. സുന്ദരമായ അയാളുടെ കറുത്ത തലമുടി നെററിത്തടത്തിൽനിന്നു പിന്നോക്കം ചീകി മിനുക്കിയിട്ടുണ്ടാവും. അയാൾ സുന്ദരനല്ല, എങ്കിലും ആകർഷകമാണ് ആകൃതി ഒരു സ്ത്രീയെ ആകർഷിക്കത്തക്കതായിട്ട് അയാളിൽ എന്തെങ്കിലുമുണ്ടെങ്കിൽ, അതു അയാളുടെ സൌന്ദര്യമല്ല, സൌഭാഗ്യവുമല്ല; അയാളുടെ ഓരോ ചലനത്തിലും ചേഷ്ടയിലും—അയാളുടെ ഉറച്ച കാൽവെപ്പുകളിൽപ്പോലും—ധീരധീരം തെളിഞ്ഞു കാണുന്ന ആ പുരുഷത്വമാണ്.

ഒരിയ്ക്കലും മററൊരാൾക്കു കീഴടങ്ങാതെകണ്ടുള്ള ഒരു ജീവിതം നയിയ്ക്കണം എന്നായിരുന്നു എൻെറ ഉദ്ദേശം; അങ്ങിനെയുള്ള ഒരു ജീവിതമേ ഞാൻ കൈക്കൊള്ളുകയുള്ളുതാനും. ഞാൻ വായിച്ച പുസ്തകങ്ങളിൽനിന്നും എൻെറ ചുററും കണ്ട മനുഷ്യരുടെ ജീവിതത്തിൽ നിന്നും ഈയൊരു സാരമായ സംഗതി ഞാൻ ഗ്രഹിച്ചിരുന്നു. പുരുഷനു സ്ത്രീയെ തൻെറ തള്ള വിരലിൻ കീഴിലിട്ടമത്തുന്നതിന്നു അവൻ തന്നെ നിർമ്മിച്ചിട്ടുള്ള ഒരു കപടതന്ത്രമാണ് 'അനുരാഗം.' ഇല്ല; എനിയ്ക്കു ബാലൻെറ പേരിൽ ഒട്ടും തന്നെ അനുരാഗമുണ്ടായിരുന്നില്ല. അതിനുള്ള കാരണം ഒരു വേള എൻെറ സ്വാതന്ത്ര്യപ്രതിപത്തിയായിരിയ്ക്കാം; എൻെറ അതിർകടന്ന—സ്ത്രീകൾക്കു യുക്തമല്ലാത്ത—അഹംഭാവമായിരിയ്ക്കാം!

എനിയ്ക്കു വല്ല ദൂഷ്യവുമുണ്ടെങ്കിൽ, അതു് അഹംഭാവമായിരുന്നു; വല്ല ഗുണവുമുണ്ടെങ്കിൽ, അതു അഹംഭാവത്തിൻെറ ആ അഭിനന്ദനീയമായ മറെറാരു് ഭാഗമായിരുന്നു—ആത്മാഭിമാനം. ആരെങ്കിലും എന്നെ കുററപ്പെടുത്തിയാൽ, ഞാൻ എല്ലായ്പോഴും തന്നെ ഞാൻ സാധൂകരിയ്ക്കുവാൻ ആവുന്നേടത്തോളം നോക്കും; അതെൻെറ സ്വഭാവമാണ്. ബാലനോടുകൂടി 'സല്ലപി'യ്ക്കുന്നതിന്നു അമ്മ എന്നെ ശകാരിയ്ക്കുമ്പോഴൊക്കെ, എനിയ്ക്കു കഴിയുന്നേടത്തോളം മൂച്ചയോടുകൂടി ഞാൻ 'തറുതല' പറയും. എനിയ്ക്കു താന്തോന്നിത്തമുണ്ടായിരുന്നിരിയ്ക്കാം; പക്ഷെ ഞാൻ ഒരു ഭീരുവായിരുന്നില്ല.

എന്തായാലും, അമ്മ എന്നെ തെററിദ്ധരിച്ചില്ല. ഞാൻ ബാലനെ 'ഭ്രമിച്ചി'രിയ്ക്കുന്നുവെന്നൊന്നും വിചാരിച്ചില്ല. കുററ ഭേദം! നേരെമറിച്ച്, എൻെറ ഈ വക ക്രമക്കേടുകൾക്കെല്ലാം കാരണം എൻെറ താന്തോന്നിത്തം മാത്രമാണെന്നാണ് അമ്മ വിചാരിച്ചതു്.

എനിക്കു പതിനാറുപതിനേഴു വയസ്സു പ്രായമായിരുന്ന കാലത്തു കണ്ടാൽ നല്ലൊരു പെൺകുട്ടിയാണെന്നു് എനിക്കൊരു ബോധം—അഥവാ, ഒരു ഭാവം—ഉണ്ടായിരുന്നു. അക്കാലത്തു ബാലനെ ഞാൻ ഒരിക്കൽ മാത്രമേ കണ്ടിട്ടുള്ളു. കുളികഴിഞ്ഞു മടങ്ങിവരുമ്പോൾ ആ ഇടവഴിയിൽ വെച്ച്. അന്നുതന്നെ എന്നെ നോക്കിക്കൊണ്ടിരിക്കുന്ന അയാളുടെ കണ്ണുകളുടെ ആഹ്ലാദിതമായ പ്രകാശത്തിൽനിന്നു് അയാൾ എൻെറ സൌന്ദര്യത്തെ അഭിനന്ദിക്കുന്നുണ്ടെന്നു് എനിക്കു മനസ്സിലായി. എൻെറ ശരീരവുമായി കെട്ടുപിണഞ്ഞിട്ടുള്ള അയാളുടെ സൌന്ദര്യബോധത്തിന്നു് ഒന്നു മൂർച്ചകൂട്ടണമെന്നായിരുന്നു ഇപ്പോൾ എൻെറ നിശ്ചയം. ഇതു സ്ത്രീയുടെ സഹജസ്വഭാവമാണ്. പക്ഷേ ഇതു പുരുഷനിലും

ഉണ്ടെന്നു ഞാൻ പറയും. പത്തൊമ്പതു വയസ്സായപ്പോഴേയ്ക്കും എന്റെ സൌന്ദൎയ്യത്തിന്നു—ഹാനി തട്ടിയെന്നു ഞാൻ സമ്മതിക്കു കയില്ല. പുതുമയും ചുറുചുറുക്കും കുറഞ്ഞു. എന്നാൽ, അതിന്നു പരി പക്വത കൂടിയിട്ടുണ്ട്. എനിക്കു നിരാശയ്ക്കു് അവകാശമുണ്ടായിരുന്നില്ല.

V

ഊണു കഴിക്കുമ്പോഴും കാപ്പികുടിക്കുമ്പോഴും അങ്ങുമിങ്ങും പറ ഞ്ഞിക്കൊണ്ടുമുള്ള സംഭാഷണം അധികം ആസ്വദിക്കുവാൻ നിവൃത്തിയു ണ്ടായിരുന്നില്ല. ബാലൻ ദിനംപ്രതി ഞങ്ങളുടെ ഗൃഹത്തിൽ വന്നു് അധികനേരം ഇരിക്കാറില്ല. അതു പാടില്ലല്ലോ! എട്ടുപത്തു തവണ ഉണ്ടായിട്ടുണ്ടാവും—രണ്ടു മാസത്തിന്നുള്ളിൽ. അതുകൊണ്ടു്, അയാളെ ആകൎഷിക്കുവാൻ ഞാൻ വേറെ വഴികൾ നോക്കി.

എല്ലാദിവസവും വൈകുന്നേരം ഒരു നാലുമണിയോടുകൂടി ബാലൻ ജ്യേഷ്ഠനെക്കാണുവാൻ ഞങ്ങളുടെ ഗൃഹത്തിൽ വരും; നേരം സന്ധ്യയാവുന്നതോടുകൂടി മടങ്ങിപ്പോകയും ചെയ്യും. അഞ്ചരമണിയാ യാൽ ഞാൻ കുളിക്കാൻ പോകും; ഞാൻ പോകുന്നതു് അയാൾ ഇറയ ത്തിരുന്നു നോക്കിക്കാണും. ഞങ്ങളുടെ ഗൃഹാങ്കണത്തിൽ കുളമില്ല; രണ്ടു മൂന്നു ഫർലോങ്ങ് ദൂരെയാണു കുളം—ബാലന്റെ വീട്ടിന്നടുത്താണ്. ഞാൻ കുളികഴിഞ്ഞു മടങ്ങിവരുമ്പോൾ, എടവഴിയിൽ വെച്ചു, വീട്ടി ലേയ്ക്കു മടങ്ങിപ്പോകുന്ന ഏകാകിയായ ബാലനെ കണ്ടുമുട്ടുക പതിവുണ്ടു്. അപ്പോഴെല്ലാം ഞങ്ങളുടെ ആ പഴയ പരസ്പരദൎശനം എന്റെ മന സ്സിൽ ഓൎമ്മവരും.

മീനം മേടം എന്നീ കാലമായിരുന്നുവല്ലോ അതു്—മാമ്പഴത്തി ന്റെ സുവൎണ്ണകാലം. ഞാൻ കുളിക്കാറുള്ള കുളത്തിന്റെ വക്കത്തു 'പണ്ടാരപ്പുളിയൻ' എന്നൊരു മാവുണ്ടു്. ഇതിന്റെ മാമ്പഴത്തിനു് അസഹനീയമായ പുളിയുണ്ടെങ്കിലും, അതിന്റെ തൊലി അത്യന്തം സുന്ദരവും ചുവന്നതുമായിരുന്നു. ഈ സൌന്ദൎയ്യത്തിന്നുള്ളിൽ ഇത്ര നിഷ്ക രുണവും കൎക്കശവുമായ ഒരു ഹൃദയം എങ്ങിനെയുണ്ടായി? അഥവാ, മനു ഷ്യരുടെ മനോഹരങ്ങളായ കാപട്യങ്ങൾക്കു് എന്തുകൊണ്ടു സസ്യലോകാ ത്തിലും ഒരു സ്ഥാനമുണ്ടായിക്കൂടാ?

ഒരു ദിവസം വൈകുന്നേരം കുളികഴിഞ്ഞു വരുമ്പോൾ ഞാൻ ഒരു മാമ്പഴം കയ്യിലെടുത്തു. അതേവരെയ്ക്കും ഞങ്ങൾ, വഴിയിൽ വെച്ചു കൂട്ടിമുട്ടുമ്പോൾ ചിരിക്കും—അത്രമാത്രമേ പതിവുള്ളു. ചിലപ്പോൾ അയാൾ എന്നോടെന്തെങ്കിലും നിസ്സാരമായ ഒരു ചോദ്യം ചോദിച്ചു

വെന്നും, അതിന്നു ഞാൻ അതുപോലെത്തന്നെ നിസ്സാരമായ ഒരുത്തരവും കൊടുത്തുവെന്നും വരാം. അന്നും ഞാൻ കണ്ടപ്പോൾ ആദ്യംതന്നെ ചിരിച്ചു.

“മാമ്പഴം വേണമോ?”

“ഓ, നോക്കാം. എന്തുകൊണ്ടു വയ്യ? നല്ല ഭംഗിയുള്ള മാങ്ങ!”

ഞാൻ ആ മാമ്പഴം അയാളുടെ കയ്യിൽ വെച്ചു കൊടുത്തു; എന്നിട്ടു ഒരു പുഞ്ചിരിയും. അയാൾ, ഒന്നാമതായി അതിന്റെ ബാഹ്യസൌന്ദൎയ്യം കണ്ടാസ്വദിച്ചതിന്നു ശേഷം എന്റെ മുഖത്തെയ്ക്കു അത്ഥം വെച്ചു നോക്കിക്കൊണ്ട്, എന്റെ കയ്യിലിരുന്നു ചൂടു പിടിച്ചിട്ടുള്ള ആ മാമ്പഴത്തിന്റെ തുടുത്ത കവിളിനെ തന്റെ കവിളോടു ചേൎത്തണച്ചു; എന്നിട്ടു അതിന്റെ ഒരററം കടിച്ചു വലിയ്ക്കുകയായി. പെട്ടെന്നു അയാൾക്കു പുളിച്ചു; മുഖം ചകിച്ചുളിയുവാൻ തുടങ്ങി.

ഞാൻ ചോദിച്ചു:—“എന്തിനാണ് എന്നെ ഇങ്ങിനെ കോഞ്ഞനം കാട്ടുന്നത്?” ഒരു ചിരിയും ചിരിച്ചുകൊണ്ടു ഞാൻ ഒരു നട കൊടുത്തു. അയാൾ വലിച്ചെറിഞ്ഞ ആ മാങ്ങ മുൾവേലിയിൽച്ചെന്നു മുട്ടുന്ന ഒരൊച്ചയും കേൾക്കാറായി.

പിറേറദിവസവും ഞാൻ അപ്രകാരം തന്നെചെയ്തു: അതുപോലെത്തന്നെ ചന്തവും പുളിയുമുള്ള ഒരു മാമ്പഴം.

“വേണമോ?”

“വേണം”

“വേണ്ടേ?”

“വേണം; ഇങ്ങോട്ടു തരു.”

ഞാൻ കൊടുത്തു.

പിന്നത്തെ ദിവസം ഞാൻ ഒന്നും മിണ്ടാതെ മാമ്പഴം കയ്യിൽ വെച്ചുകൊടുത്തു. അയാൾ ഒരു പുഞ്ചിരിയോടുകൂടി അതു സ്വീകരിച്ചു; എന്നിട്ടു പറഞ്ഞു:—“എനിയ്ക്കീ മാമ്പഴത്തിന്റെ സ്വാദു ലേശം പോലും രുചിയ്ക്കുന്നില്ല. എങ്കിലും ഞാൻ ബാഹ്യസൌന്ദൎയ്യത്തെ ബഹുമാനിയ്ക്കുന്നു.”

ഞാൻ സാഭിമാനം പുഞ്ചിരികൊണ്ടു; എനിയ്ക്കു തൃപ്തിയായി.

നാലാമത്തെ ദിവസം എന്റെ മാമ്പഴം കൊടുക്കലും അയാളുടെ സ്വീകരിയ്ക്കലും എല്ലാം പതിവുപോലെ നടന്നു. മുഖത്തു യാതൊരു ഭാവഭേദവുമില്ലാതെ അയാൾ ആ പുളിയൻ മാങ്ങ മുഴുവനും കടിച്ചതിന്നു.

ഞാൻ ഒരു പുഞ്ചിരിയിട്ടു. ''എന്താ, ഇപ്പോൾ ഈമാമ്പഴം ഇഷ്ട മായിത്തുടങ്ങിയോ?''

''ലീല തരുന്നതാണെങ്കിൽ എങ്ങിനെയാണിഷ്ടമാവാതി രിയ്ക്കുക?''

ഞാൻ ഞെട്ടി. ഒന്നാമത്തെത്തവണയാണ് അയാൾ എൻെറ പേർ വിളിയ്ക്കുന്നതു്.

''ലീലേ!''

എനിയ്ക്കു ദേഷ്യം വന്നു. ''എന്താണ് വേണ്ടതു്''

''ഞാൻ ഒരു ചോദ്യം ചോദിച്ചുകൊള്ളട്ടെ?''

അയാൾ ചുററുപാടും നോക്കി. ഇടവഴിയിൽ വേറെ ആരുമില്ല ''ഇപ്പോൾത്തന്നെ ചോദിയ്ക്കുന്നു.''

''എന്താണ് പറയാനുള്ളതെന്നു വെച്ചാൽ പറയുക; എനിയ്ക്കി വിടെ നിൽക്കാൻ ഇടയില്ല?''

''ആട്ടെ: ഈ മാങ്ങയ്ക്കും ലീലയ്ക്കും തമ്മിൽ വല്ല സാമ്യവു മുണ്ടോ?''

ഞാൻ ഒന്നും മിണ്ടിയില്ല. എൻെറ ഹൃദയം ഭയങ്കരമായ വേഗ ത്തോടുകൂടി മിടിച്ചു തുടങ്ങി. അതയാൾ കേൾക്കുമോ എന്നായി എൻെറ ഭയം.

''ഈ മാങ്ങ ദിവസേന എനിയ്ക്കു തരുന്നതിൽ വല്ല ഗൂഢമായ അർത്ഥവും ലീല കരുതിയിട്ടുണ്ടോ?''

''എനിയ്ക്കു പറയാൻ മനസ്സില്ല.''

ബലേൻെറ കണ്ണുകളിൽ ആ പൈശാചികമായ മിന്നലാട്ട മുണ്ടായി; അയാളുടെ മുഖം കറുത്തു.

എന്നോടു പറയില്ല, ഉവ്വോ?''

ഞാൻ ഒരക്ഷരവും മിണ്ടിയില്ല. ബാലൻ എൻെറ സമീപ ത്തേയ്ക്കു തൻെറ മുഖം കൊണ്ടുവന്നു; എൻെറ കണ്ണുകളിലേ യ്ക്കു തുളഞ്ഞു കേറുന്ന മട്ടിൽ തുറിച്ചു നോക്കി. ''പറയില്ല?''

ഞാൻ ധൈര്യമവലംബിച്ചു; ഏററവും അഭംഗുരമായ അ ന്തസ്സോടുകൂടി അയാളെ നോക്കിക്കൊണ്ടു്, ഒരു ശാന്തവും കഠിനവു മായ സ്വരത്തിൽപ്പറഞ്ഞു:—''ഹേബാലകൃഷ്ണൻ നായർ, നിങ്ങളോടു മര്യാദയ്ക്കു പെരുമാറുവാൻ ഞാനാവശ്യപ്പെടുന്നു. നിങ്ങളുടെ അധിക പ്രസംഗങ്ങൾക്ക് ഉത്തരം പറയുവാൻ ഞാൻ ഭാവമില്ല.''

അയാൾ യാതൊരനക്കവുമില്ലാതെ അവിടെത്തന്നെ നിന്നു; ഞാൻ എൻെറ സാധാരണ മട്ടിൽ വീട്ടിലേയ്ക്കു മടങ്ങിപ്പോരികയും ചെയ്തു.

## VI

പത്തുപന്ത്രണ്ടു ദിവസം കഴിഞ്ഞു. ബാലനെ പിന്നിട്ട ഞങ്ങളുടെ ഗൃഹത്തിൽക്കാണാറില്ല. അയാളെ കുറെ ദിവസത്തേയ്ക്കു കാണാതിരിയ്ക്കുകയാണു നല്ലതെന്നു ഞാനും കരുതി. ഇയ്യാൾ വരാതിരിയ്ക്കുന്നതിനെപ്പററി ജ്യേഷ്ഠനു വല്ലതും അറിയുമോ? ഒരുദിവസം ഞാൻ ഏററവും ഉദാസീനമായ മട്ടിൽ ജ്യേഷ്ഠനോടു ചോദിച്ചു:—

"ബാലനെ ഇയ്യിടെ ഇങ്ങോട്ടു കാണാറില്ലല്ലോ? എന്താണയാൾക്കു? 'അവസ്ഥ'തന്നെ! അല്ലേ?"

"ഹും! അയാളുടെ അവസ്ഥ ഇപ്പോൾ നല്ല അവസ്ഥതന്നെയാണ്!"

"എന്താണ് അയാളുടെ അവസ്ഥയ്ക്ക്, ഇപ്പോൾ വിശേഷിച്ച്?"

"ലീലയ്ക്കറിഞ്ഞുകൂടേ, അയാൾ പനിപിടിച്ചു കിടപ്പിലാണെന്ന്?"

"ഇല്ല, ഞാനറിഞ്ഞില്ല."

അല്പനേരം ആരും മിണ്ടിയില്ല. എന്നിട്ട്:—"എന്താണിത്! പനി എങ്ങിനെയിരിയ്ക്കുന്നുകൂടി ലീല ചോദിയ്ക്കുന്നില്ലല്ലോ?"

"പനി എങ്ങിനെയിരിയ്ക്കുന്നു?"

"ഞാൻ പറഞ്ഞപ്പോൾ മാത്രം! പനി ഇപ്പോൾ കുറെ ഭേദമുണ്ട്. എന്താണ്! ഒരാൾക്കു എന്തെങ്കിലും കഠിനമായ ദീനം പിടിപെട്ടാൽ ലീലയ്ക്കു അയാളുടെ പേരിൽ യാതൊരനുകമ്പയുമില്ലേ?"

"ഇതെന്തൊരു മാരണമാണ്, എൻെറ ഈശ്വര! ജ്യേഷ്ഠൻെറ സ്നേഹിതനു പനിപിടിച്ചാൽ, ജ്യേഷ്ഠൻ പരിഭ്രമിയ്ക്കണം, സമ്മതിച്ചു; അതു ജ്യേഷ്ഠൻെറ കടമയാണ്. പക്ഷെ, ഞാനെന്തു പിഴിച്ചു? പിന്നെ, ഇയ്യാൾ മരിയ്ക്കാനൊന്നും പോകുന്നില്ലല്ലോ!"

അതിനുശേഷം ഞാൻ ബാലനെക്കുറിച്ച് ആരോടും ഒന്നും സംസാരിച്ചിട്ടില്ല. എങ്കിലും, മററുള്ളവരുടെ സംഭാഷണങ്ങളിൽനിന്നു ഞാൻ ചിലതെല്ലാം ഗ്രഹിച്ചു:—അഞ്ചാറുദിവസംകൂടി പനിപിടിച്ചു കിടന്നു; പനിമാറിയപ്പോഴയ്ക്കും, അയാളുടെ അച്ഛൻ "അടിയന്തിരമായി വീട്ടിലേയ്ക്കു വിളിയ്ക്കുകയാൽ"; അയാൾ അച്ഛൻെറ വീട്ടിലേയ്ക്കു പോയി. എന്തൊരഹംഭാവം! ഞങ്ങളുടെ ഗൃഹത്തെ മര്യാദയ്ക്കു് ഒന്നു സന്ദർശിയ്ക്കുകപോലും ചെയ്തില്ല! പിന്നിടൊരിയ്ക്കൽ ഞാൻ കേട്ടു, അയാൾക്കു തിരുവനന്തപുരത്തോ മററോ എന്തോ ജോലികിട്ടി എന്നും മററും.

എന്തായാലും, ബാലനും ലീലയും തമ്മിലുള്ള കളി അങ്ങിനെ അവസാനിച്ചു.

* * * * *

## VII

ദിവസങ്ങൾ വഴിഞ്ഞു, ആഴ്ചകൾ കഴിഞ്ഞു, മാസങ്ങൾ കഴിഞ്ഞു, ഒരു കൊല്ലംതന്നെ കഴിഞ്ഞു. നാലഞ്ചു മാസങ്ങൾകൂടി.

കാലത്തിൻെറ കല്ലോലങ്ങൾ ഒന്നിനൊന്നു പിന്നിലായി അടിച്ചു പൊയ്ക്കൊണ്ടിരിയ്ക്കുന്നു; മനുഷ്യൻ മാത്രം പണ്ടത്തെ സ്ഥാനത്തു നിലക്കൊള്ളുന്നു. ഒരോളം അവൻെറ തലയ്ക്കു മീതെ കടന്നുപോകുന്നു; അപ്പോൾ അവനു ശ്വാസം മുട്ടുന്നു. അതങ്ങു കടന്നുപോയാൽപ്പിന്നെ കുറച്ചു നേരത്തേയ്ക്ക് അവൻ സ്വതന്ത്രമായ ഒരന്തരീക്ഷത്തിലെ വായു ശ്വസിയ്ക്കുന്നു; ആ പുതിയ ഇളംതെന്നൽ ആദ്യത്തെ ഓളത്തിൻെറ സ്മരണകളെ - നനവുകളെ - കണ്ണുനീരിൻെറ ശകലങ്ങളെ - തുടച്ചുകളയുന്നു. അപ്പോഴയ്ക്കും രണ്ടാമത്തെ ഓളം വന്നു അവനെ വീണ്ടും മുക്കുന്നു. അങ്ങിനെ അഞ്ചെട്ടു പ്രാവശ്യം കുറേശ്ശയായി വീർപ്പുമുട്ടി മുങ്ങിച്ചത്തതിനുശേഷം, അവൻ കാലത്തിൻെറ അഗാധതകളിലെയ്ക്കു ആണ്ടുപോകുന്നു. കാലത്തിനു, കഷ്ടപ്പെട്ടുന്ന മനുഷ്യൻെറ പേരിൽ തെല്ലും അനുകമ്പയില്ല: പ്രപഞ്ചത്തിൽ വെച്ചു ഏററവും ഹൃദയമില്ലാത്തവർ, ഒന്നിനൊന്നു പിന്നിലായി യാതൊരു ഭാവഭേദവും കൂടാതെ വഴിയാത്ര ചെയ്യുകൊണ്ടിരിയ്ക്കുന്ന ദിവസങ്ങളാണ്.

ഇതാ, ഒരു ദിവസം. ഇതെൻെറ വിവാഹദിവസമാണ്.

എന്ത്! എൻെറ വിവാഹമോ? അപ്പോൾ, ഞാൻ ഒരു കാലത്തും വിവാഹം കഴിയ്ക്കുകയില്ലെന്നല്ലേ ഏററവും കഠിനമായി ശപഥം ചെയ്തിരുന്നത്? അപ്പോൾ, പുരുഷൻെറ സ്വേച്ഛാധികാരത്തിനുമുമ്പിൽ ഞാനും തലകുനിച്ചുവോ? ഇങ്ങിനെയാണോ ഒരു യുവതി തൻെറ തീവ്രമായ സ്വാതന്ത്ര്യവ്രതത്തെ പരിപാലിയ്ക്കേണ്ടതു്? ഇതാണോ എൻെറ മനഃസ്ഥൈര്യം? എൻെറ നിശ്ചയദാർഢ്യം? ഇതു ഭീരുത്വമാണ്! ഹൃദയദൌർബ്ബല്യമാണ്! സ്ത്രീയ്ക്കു സഹജമായ ആ ചാപല്യമാണ്.

ഇല്ല, ഞാൻ യാതൊരു ചാപല്യവും കാണിച്ചിട്ടില്ല. എനിയ്ക്ക് ഇരുപതിൽപ്പരം വയസ്സായി. ഇത്രപ്രായമായിട്ടും ഞാൻ മാതാപിതാക്കന്മാരുടെ മടിയിൽ കിടന്നു വിശ്രമിക്കുന്നതു് അയുക്തമാണെന്നു് എനിയ്ക്കുതോന്നി. അതുകൊണ്ടു്, എൻെറ അച്ഛൻെറ മരുമകനെ വിവാഹം ചെയ്യണമെന്നുള്ള എൻെറ അമ്മയുടെ നിർബ്ബന്ധത്തിൽ ഞാൻ അർത്ഥം കണ്ടു. "എന്തൊരുപഴയ മട്ടിലുള്ള വിവാഹം! വെറും മാമൂൽപ്പിടുത്തം!" ശരി, ഞാൻ സമ്മതിയ്ക്കുന്നു; പക്ഷെ, ഈ വിവാഹത്തിൽ എനിയ്ക്കു ചില സമാധാനങ്ങളുണ്ടു്. ഞാൻ വിവാഹംചെയ്യാൻ പോകുന്ന

ആൾ എനിയ്ക്കു സുപരിചിതനാണ്. അയാൾ ബുദ്ധിമാനല്ല; രസികനല്ല; കവിതവായിച്ചാൽ അയാൾക്കർത്ഥം മനസ്സിലാവില്ല! പക്ഷെ വിശുദ്ധവും നിഷ്കളങ്കവുമായ ഒരു ഹൃദയം ഇയ്യാൾക്കുണ്ട്. പിന്നെ, മററെന്താണെങ്കിലും, അയാൾ ഒരു സ്വേച്ഛാധികാരപ്രമത്തനല്ല. അയാളെ എനിയ്ക്കു വിശ്വസിച്ചു വിവാഹം കഴിയ്ക്കാം. അയാൾ എനിയ്ക്ക് എന്നെ സ്സംബന്ധിച്ചേടത്തോളം മാത്രമല്ല, തന്നെസ്സംബന്ധിച്ചേടത്തോളംകൂടി, പരിപൂർണ്ണമായ സ്വാതന്ത്ര്യം തരും. ഇതിലുമധികം നല്ലൊരവസരം എനിയ്ക്കെപ്പോഴാണ് ലഭിയ്ക്കുക? ഞാൻ ഇതേവരെ ജീവിച്ചുപോന്ന ഈ കുഗ്രാമത്തിൽത്തന്നെ ഇനിയും ഞാൻ ജീവിയ്ക്കും. ലില ഒരു സാധാരണ ഗ്രാമീണനായ കൃഷിവലന്റെ ധർമ്മപത്നിയായി വാഴും.

അച്ഛനു വളരെ സന്തോഷമായി. ഇതേവരെ എന്നെ ഒരിയ്ക്കലും ഒന്നിനും അഭിനന്ദിച്ചിട്ടില്ലാത്ത എന്റെ അമ്മ, എന്റെ ബുദ്ധിപൂർവ്വകമായ ഈപുതിയ നിശ്ചയത്തിന്ന് എന്നെ അഭിമാനത്തോടുകൂടി അഭിനന്ദിച്ചു. പഴമക്കാരെല്ലാവരും തൃപ്തിപ്പെട്ടു.

IIIV

വിവാഹത്തിൻനാൾ എന്റെ മനസ്സിൽ അസാമാന്യമായ ഉത്സാഹവുമുണ്ടായിരുന്നില്ല, പറയത്തക്ക ഒരുന്മേഷക്കുറവുമുണ്ടായിരുന്നില്ല. സാധാരണമായി വിവാഹം കഴിയ്ക്കാൻ പോകുന്ന ഒരു പെൺകുട്ടിയ്ക്കുണ്ടാകാറുള്ള ആ അവാച്യമായ പരിഭ്രമവും എനിയ്ക്കൊട്ടും ഉണ്ടായിരുന്നില്ല. പകൽ മുഴുവനും ഞാൻ വിവാഹത്തിന്നുള്ള വട്ടംകൂട്ടലുകളിൽ ചുറുചുറുക്കോടുകൂടി പങ്കുകൊണ്ടു. പക്ഷെ, വിവാഹത്തിന്നൊരുക്കം കൂട്ടുന്നതിൽ വധു അത്ര ജാഗ്രത കാണിയ്ക്കാൻ പാടില്ലത്രേ! നാണം അധികമായാൽ, അതിന്നു കുററം പറയും; ഒട്ടും നാണിച്ചില്ലെങ്കിൽ, അപ്പോഴും കുററം!

"ലീലേ, ഒരു മുക്കിൽപോയിരിയ്ക്കു. ഇങ്ങിനെ എല്ലാദിക്കിലും ഓടിനടന്നാലോ?"

"ഉം? എന്നാലെന്താണ്? അങ്ങുമിങ്ങും നടക്കുമ്പോൾ ആത്തേമ്മാരെപ്പോലെ ഒരു മറക്കുടയും കയ്യിലെടുക്കണമെന്നുണ്ടോ? നിങ്ങൾക്കു വേണമെന്നുണ്ടെങ്കിൽ—അല്ലാ, ഇനി അതും ആവാം!"

"എന്റെ ഭഗവാനേ! ഈ ലീലയുടെ വായിലെ നാവ്! എന്തൊരു നാവാണെന്നോ! മേലൊക്കെ നാവാണ്! പോയിഒരു മുറിയിൽച്ചെന്നിരിയ്ക്കു. പണി ഞങ്ങൾ നോക്കിക്കോളാം."

സന്ധ്യയായപ്പോഴയ്ക്കും മുററത്തു പന്തലിൽ പാട്ടു കച്ചേരിയും മററുമായി. അമ്മ എന്നെ ഇറയത്തെയ്ക്കു കൂടി വരാൻ സമ്മതിച്ചില്ല; ചെവി പിടിച്ച് അകത്തൊരു മുറിയിൽക്കൊണ്ടിരുത്തി.

"ഇനി ഇവിടെനിന്നു ഇളകിയാലറിയാം!"

പിന്നെ ഞാൻ അവിടെനിന്നു് എങ്ങും പോയില്ല. എന്നെക്കാണ്മാൻ പല സ്ത്രീകളും വന്നു—പരിചിതകളും അപരിചിതകളും. വിവാഹിതകളായ എന്റെ ചില സ്നേഹിതമാർ,—എന്റെ സമപ്രായക്കാർ,—കുട്ടികളേയും കക്ഷത്തുവെച്ചു്, എന്റെ അടുക്കൽ വന്നുനിന്നു് എന്നെ കലശൽകൂട്ടാൻ തുടങ്ങി. ഇതൊക്കെ വിവാഹത്തിന്റെ ചടങ്ങാണല്ലോ. പക്ഷെ, അതുകൊണ്ടൊന്നും ഞാൻ പരിഭ്രമിയ്ക്കുകയോ ലജ്ജ അഭിനയിയ്ക്കുകയോ ചെയ്തില്ല. കുറച്ചുകഴിഞ്ഞപ്പോഴയ്ക്കു്, അവർ എന്നെ വെറുതെ ഇരിയ്ക്കാൻ അനുവദിച്ചു. തമ്മിൽത്തമ്മിൽ വെടിപറഞ്ഞു ചിരിയ്ക്കാൻ തുടങ്ങി. പോരാത്തതിനു, മുറക്കുവാൻ ഒരു താമ്പാളവും കിട്ടി.

കുറെനേരം ഞാൻ അങ്ങിനെ അവിടെ ഇരുന്നു. അപ്പോഴയ്ക്കും അമ്മ വന്നു് എന്നെ വേറെ ഒരു മുറിയിലേയ്ക്കു വിളിച്ചുകൊണ്ടു പോയി വേഷം കെട്ടിച്ചു. വളരെ മികച്ചവയല്ലെങ്കിലും ഒരു വിധം ആകർഷകത്വമുള്ള ആഡംബരങ്ങളാൽ ഞാൻ അലംകൃതയായി. ഞാൻ ഒരു ചുമർക്കണ്ണാടിയുടെ മുമ്പിൽച്ചെന്നുനിന്നു തന്നെത്താൻ കണ്ടു തൃപ്തിപ്പെട്ടു. സമയമാവുന്നതുവരെ ഞാൻ ആ ഒന്നുരണ്ടു മുറികളിൽ കഴിച്ചുകൂട്ടി.

ഒടുവിൽ ആ പ്രതീക്ഷിക്കപ്പെട്ട നിമിഷം വന്നു. അമ്മ എന്റെ കൈപിടിച്ചു് എന്നെ പുറത്തേയ്ക്കു കൊണ്ടു നടന്നു. എന്റെ മുമ്പിലും പിമ്പിലും നാലുപുറവും വേറെ പല സ്ത്രീകളുണ്ടായിരുന്നു. അവർ മന്ത്രിച്ചു, ചിരിച്ചു, പരിഭ്രമിച്ചു, പിറുപിറുത്തു.

ഞങ്ങൾ രംഗത്തിലെത്തി. അവിടെ നടക്കുവാൻ പോകുന്ന നാടകം കാണുന്നതിന്നു് ഒരു വലിയ ജനക്കൂട്ടം പന്തലിൽക്കൂടിയിരുന്നു. ഞാൻ ആ ജനക്കൂട്ടത്തെ നിർഭയം നോക്കിക്കണ്ടു. അച്ഛൻ ഒരു ചാരുകസേലമേൽ ഇരിക്കുന്നു. അതിന്നടുത്തു് അഞ്ചാറു നാട്ടുപ്രമാണികളും അതുപോലെതന്നെ ചാരുകസേലമേൽ ഇരിക്കുന്നുണ്ടു്. ഇവരിൽ മൂന്നു നാലുപേർ കഷണ്ടിക്കാരും, ബാക്കി നരച്ചവരുമാണു്. മറുഭാഗത്തു് (ഇതും പുരുഷാരത്തിന്റെ മുൻഭാഗത്തുതന്നെയാണു്) ചെറുപ്പക്കാർ: ഇവരുടെ ഇടയിലാണു ജ്യേഷ്ഠനും,—എന്നെ വിവാഹം ചെയ്യാൻ പോകുന്ന ആളും.

ചടച്ചു്, അല്പം പൊക്കംകുറഞ്ഞു്, എങ്കിലും കുള്ളനെന്നു പറയുവാൻ പാടില്ലാതെ, അന്നുരാവിലെ 'ക്രോപ്പു' ചെയ്ത തന്റെ തലമുടി ഒരു നാടൻമട്ടിൽ വകഞ്ഞിട്ടു്, ഏററവും ചെറിയതെങ്കിലും തികച്ചും വട്ടമൊത്ത ഒരു കറുത്ത ചാന്തുപൊട്ടും തൊട്ടു് ആഹ്ലാദത്തോടുകൂടിയതെങ്കിലും ഏതാണ്ടു പരിഭ്രമിച്ചുകൊണ്ടു ഒരു മുഖഭാവത്തോടുകൂടി, ആ ചെറുപ്പക്കാരുടെ ഇടയിൽ എന്റെ വരൻ ഇരിക്കുന്നുണ്ടായിരുന്നു.

ജ്ഞാനവും പരിചയവുമുണ്ടെന്നു നടിക്കുന്ന ചില പ്രായംചെന്ന സ്ത്രീകൾ ചുറ്റുപാടും ഉൽക്കണ്ഠയോടുകൂടി നോക്കുകയും അന്യോന്യം അർത്ഥഗൌരവത്തോടുകൂടി നോക്കുകയും അന്യോന്യം മന്ത്രിക്കുകയും ചെയ്തു. അച്ഛന്റെ സുഹൃത്തുക്കളും ഗുണകാംക്ഷികളുമായ ചില പുരുഷന്മാർ വലിയ ജോലിത്തിരക്കുള്ള ഭാവത്തിൽ — എന്തിനാണെന്ന് എനിക്കറിഞ്ഞുകൂടാ — സ്ത്രീകളുടെ ഇടയിൽ അങ്ങോട്ടും ഇങ്ങോട്ടും ബദ്ധപ്പെട്ടു നടക്കുന്നുണ്ടായിരുന്നു.

ബ്രാഹ്മണ്യം തങ്ങളുടെ ഉദ്യോഗമായി സ്വീകരിച്ചിട്ടുള്ള മൂന്നോ നാലോ പുരോഹിതന്മാർ ഞങ്ങളിരുവരുടേയും കയ്യിൽനിന്നു സസന്തോഷം ദക്ഷിണവാങ്ങിക്കുകയും, ഞങ്ങളുടെ ഭാവി ദാമ്പത്ത്യത്തിന്നു വേണ്ട മംഗളാശംസകൾ ചെയ്യുകയും, ഞങ്ങളുടെ മൂർദ്ധാവിൽ കൈ വെച്ചു കണ്ണടച്ച് ഒരുതരം സീൽക്കാരത്തോടുകൂടി മന്ത്രം ജപിച്ചു ഞങ്ങളെ അനുഗ്രഹിക്കുകയും ചെയ്തു. അങ്ങിനെ ഓരോന്നോരോന്നായി ക്രിയകൾ കഴിഞ്ഞു. പുടവമുറിതരൽ, മാലയിടൽ, മോതിരം മാറൽ — എല്ലാം വിധിപോലെ നടന്നു

നാഗസ്വരവും തകിലും ഞങ്ങളുടെ വിവാഹബന്ധത്തിന്റെ മാഹാത്മ്യത്തെ അംബരാന്തരത്തിൽപ്പോലും മാറെറാലിക്കൊള്ളിച്ചു.

* * * *

പിറേറന്നാൾ രാവിലെ നേരത്തേ അഞ്ചര മണിക്കു ഞാൻ ഉണർന്നെഴുന്നേററു വേഗം കുളികഴിച്ചുവരണമെന്നുകരുതി, ആരേയും ഉണർത്താതെ, ആരോടും മിണ്ടാതെ, കുളത്തിലേക്കു നടന്നു. എന്റെ കുളിക്കു ശേഷമേ ഏതെങ്കിലും ഒരു മനുഷ്യൻ എന്റെമേൽ ദൃഷ്ടിപതിയ്ക്കാവൂ.

വിവാഹരംഗത്തു നില്ക്കുമ്പോൾകൂടി ഒരിയ്ക്കലും ഉണ്ടായിട്ടില്ലാത്ത ഒരു പരിഭ്രമവും നാണവും, അന്നു രാവിലെ ഞാൻ പുറത്തിറങ്ങിയപ്പോൾ എന്നെ തീണ്ടി. എന്റെ പവിത്രതയെല്ലാം പൊയ്പ്പോയി! ഞാൻ കളങ്കിതയായി! ഞാൻ ലജ്ജകൊണ്ടു മണ്ണിലേക്കാഴ്ന്നുപോകാൻ ഇച്ഛിച്ചു. ഛീ, എന്തേ ഞാൻ ചെയ്തതു്? കഷ്ടം! കഷ്ടം!

അതാ, പക്ഷികൾ നിലവിളികൂട്ടിത്തുടങ്ങി. എല്ലാവരും ഇപ്പോൾ ഉണർന്നെത്തും. ഇതെന്തൊരു കഷ്ടമാണ്! സൂര്യൻ ഇപ്പോൾ ഉദിക്കും; നാട്ടിലെല്ലാം വെളിച്ചമാവും. ആളുകൾ എന്റെ മുഖത്തേക്കു തുറിച്ചു നോക്കിത്തുടങ്ങും. എങ്ങിനേയാണ് ഞാൻ അവരുടെ നേരെ മുഖം കാണിക്കുക. ആവുന്നത്തും വേഗത്തിൽ ഞാൻ കുളത്തിലേയ്ക്കു നടന്നു; എങ്ങും നോക്കാതെ നടന്നു. ആരെങ്കിലും എന്നെക്കണ്ടാലോ? എന്റെ ജീവിതത്തിൽ ഒന്നാമതായിട്ടു ഞാൻ തലയും താഴ്ത്തി നടന്നു.

ഞാൻ കുളവക്കത്തെത്തി; നാലുപാടും നോക്കി. ആരെയും കണ്ടില്ല.

ശാന്തവും സൌമ്യവുമായ ഒരു മട്ടുണ്ടായിരുന്നു പ്രകൃതിയ്ക്കു്. പക്ഷികളുടെ കൊച്ചു മനുഷ്യജീവിതത്തെക്കുറിക്കുന്ന ശബ്ദങ്ങളുടെ അഭാവത്തിന്നു മാററംകുട്ടി. സൂൎയ്യൻ അതാ, ഉദിക്കുന്നു! അതാ, ആകാശത്തിൻെറ ഒരറ്റത്തു ഏതോ അദൃശ്യനായ ഒരു കാമുകൻ ചുവന്നമഷികൊണ്ടു ദിവ്യമായ എന്തോ പ്രേമകാവ്യമെഴുതുന്നു!

ഭൂമിയാണു് നികൃഷ്ടമായിട്ടുള്ളതു്. അശരീരികളായ ദേവന്മാർ എത്ര സുന്ദരന്മാരാണു്! എത്ര ഉന്നതന്മാർ! മനുഷ്യൻ വിത്രപിയും കുത്സിതനുമാണു്. അവരുടെ കവിൾത്തടങ്ങളിലുള്ള തുടുപ്പുവൎണ്ണം ഉൽകൃഷ്ടമായ പ്രേമത്തിൻെറ വൎണ്ണമാണു്; ഇവൻെറ മുഖത്തു ബാധിച്ചിരിക്കുന്ന വിളൎപ്പു നിറം അവനെ മണ്ണിലേയ്ക്കാഴ്ത്തുന്ന ലജ്ജയുടെ നിറമാണു്. ആകാശം നീലവും നിൎമ്മലവുമായ ഒരു സ്വൎഗ്ഗീയസരസ്സാണു്; ഞാനിറങ്ങുവാൻ പോകുന്ന ഈ വഴിക്കുളമോ, അതിൽ പൂൎവ്വാശയുടെ രാഗം പ്രതിബിംബിതമാകുമ്പോഴക്കും, രക്തം നിറഞ്ഞ ഒരു തടാകമായിത്തീരുന്നു.

ഞാൻ വേഗം കുളത്തിൻെറ പടവുകൾ പിന്നിട്ടു ഒടുക്കത്തെ പ്പടവിന്മേലെത്തി; വെള്ളത്തിൻെറ വക്കത്തായി ആ ചോരക്കുരുതിയിൽ ഞാൻ എന്നെത്തന്നെ കണ്ടു. എൻെറ വിളൎത്ത മുഖം അതിൽ പ്രതിഫലിച്ചിരുന്നു. ഞാൻ വിറച്ചു.

ഞാൻ വെള്ളത്തിലെയ്ക്കിറങ്ങി. രണ്ടു മൂന്നു പടവുകൾ ഇറങ്ങുമ്പോഴയ്ക്കും, എൻെറ വലത്തുകാൽ എന്തോ ഒരു വസ്തുവിന്മേൽ തട്ടുന്നതുപോലെ തോന്നി

അതിനെ ഞാൻ കാൽകൊണ്ടുതന്നെ പൊക്കിയെടുത്തു ഒന്നോ രണ്ടോ പടവുകൾ മേലോട്ടു കയററി; എന്നിട്ടു, രണ്ടു കൈകൊണ്ടും കുട്ടിയെടുത്തു, കരയ്ക്കലെയ്ക്കു കേററിയിട്ടു.

ഞാൻ ഉറക്കെ നിലവിളിച്ചു.

എൻെറ തല ചുററുന്നതുപോലെ തോന്നി. ഞാൻ മറിഞ്ഞു വീണു—വെള്ളത്തിലെയ്ക്കല്ല, കരയിലെയ്ക്കു്. എങ്കിലും ബോധം കെട്ടില്ല. വീണ്ടും എഴുനേററിരുന്നു; ആ വസ്തുവിന്മേലെയ്ക്കു ഒരു പിശാചിനെപ്പോലെ തുറിച്ചുനോക്കി. അതിനെ സ്പൎശിച്ചുനോക്കി; അതിൻെറ പല ഭാഗത്തും തൊട്ടുനോക്കി.

അതു തണുത്തും മരവിച്ചുമിരുന്നു.

എൻെറ ഹൃദയം പൊട്ടി. അതിൻെറ പ്രവാഹത്തിന്നു മുമ്പിൽ ചിറകെട്ടി നിന്നിരുന്ന കരിങ്കല്ലു നീങ്ങി. എൻെറ അഹംഭാവം അലിഞ്ഞു. പവിത്രവും കളങ്കിതവുമായ എൻെറ കണ്ണുനീർ ധാരധാരമായി ഒഴുകി. ആ പ്രേമസപത്രപത്തിന്മേൽ ഞാൻ മോഹാലസ്യപ്പെട്ടു വീണു്.

അതു ബാലൻെറ മൃതശരീരമായിരുന്നു.

# "പാത്രംമാറി"

(ഗീതകം)

കെ. കെ. രാജാ.

തങ്കവണ്ണത്തിൽ 'ശുദ്ധപ്രേമം' എന്നെഴുതിക്ക-
ണ്ടെൻകരം ചഷകത്തിൻ നേർക്കുഞാൻ നീട്ടിക്കാട്ടി.
വിദ്യുച്ഛക്തിയാൽപ്പോലതെൻകൈയിലെത്തിച്ചേർന്നു
ഹൃദ്യമദ്ദിവ്യാസവം മോന്തിഞാനേകാന്തത്തിൽ

കോൾമയിർക്കൊണ്ടേനാർത്തേൻ വിയർത്തേൻ കണ്ണീർവാർത്തേൻ
പ്രേമപ്രാർത്ഥനയ്ക്കെന്തു സമ്പാദ്യം? ഈയുന്മാദം!
ചോരിവായൊളിമിന്നും പൊൻപാത്രമൊഴിഞ്ഞിട്ടും
പോരെന്നു മറ്റൊന്നിലെൻ കണ്ണിതാ പാഞ്ഞെത്തുന്നു.

സ്വാദറിഞ്ഞാരുംകാണാതെന്തു ഞാൻ കുടിച്ചെന്നോ?
മാദകമാകുംകാമം, ചെകുത്താൻ മോന്തും മദ്യം.
ഈവിധം കളിയാക്കാനെന്തിനു മനുഷ്യനെ-
ദ്ദൈവം? ഇച്ചോദ്യത്തിന്നൊരശരീരിവാക്കുണ്ടായ്.

ഇല്ലിന്നുമനുഷ്യനു നൽകുവാൻ മാത്രം പ്രേമം
അല്ലെങ്കിൽ ദൈവത്തിന്റെ കൈയിനും പാത്രം മാറി.

# "കൊടിയവിരഹം."

(പണ്ഡിതർ, ഈ. വി. രാമൻ നമ്പൂതിരി)

ശ്രീമാൻ കൊളത്തേരി ശങ്കരമേനോനവർകൾ പ്രസാധനം ചെയ്തിട്ടുള്ള 'ഭാഷാപ്രബന്ധ'ത്രയത്തിൽ നടുനായകമായ 'കൊടിയവിരഹം' സാഹിത്യപ്രണയികൾക്കു സുപരിചിതമായിരിയ്ക്കുമല്ലോ. അതിനേപ്പററി ഒരു നിരൂപണം എഴുതിയ അവസരത്തിൽ ('സമദർശി' 5 ാം, പുസ്തകം 23-ാം, ലക്കത്തിൽ) 'സാഹിത്യപഞ്ചാനനൻ' ശ്രീമാൻ പി. കെ. നാരായണപിള്ള അവർകൾ, 'കൊടിയവിരഹം' എന്നപേർ അത്ര ശരിയല്ലെന്നും, 'കോടീവിരഹം' എന്നായിരിയ്ക്കണം ശരിയായ പേർ എന്നും അഭിപ്രായപ്പെടുകയുണ്ടായി. 'ഉണ്ണുനീലിസന്ദേശ'ത്തിലും, 'ലീലാതിലക'ത്തിലും കാണപ്പെടുന്ന 'കോടീ' പദങ്ങളാണ് ആ അഭിപ്രായത്തിൻെറ പ്രധാനമായ ആധാരമായിരുന്നതു്. പ്രസ്തുത കൃതികളിലേ 'കോടീ'പദങ്ങൾ സംജ്ഞാനാമങ്ങളായിരിയ്ക്കുന്നതുകൊണ്ടു, അവ്വണ്ണം 'കോടീ' സംജ്ഞിനിയായ ഒരു നായികയുടെ വിരഹത്തേ വിഷയീകരിച്ചതായിരുന്നിരിയ്ക്കണം 'കൊടിയവിരഹ'കൃതി എന്നും, 'കോടീവിരഹ'മെന്നതാണ് ഉചിതനാമമെന്നും ആകുന്നു അതിൻെറ സിദ്ധാന്തരൂപം. മേല്പുത്തൂർ നാരായണഭട്ടതിരിപ്പാട്ടിലേ കൃതിയെന്നുവെച്ചിട്ടുള്ള 'ശൃങ്ഗാരകേതുചരിതം' എന്ന സംസ്കൃതശൃങ്ഗാരകാവ്യത്തിന്നു്, 'കൊടിയവിരഹം' എന്നപോലെ 'കോടീവിരഹം' എന്നും വ്യവഹാരമുള്ളതു്, സ്വമതസ്ഥാപനത്തിലേയ്ക്കു പ്രധാനസാധകമായും നാരായണപിള്ള അവർകൾ നിർദ്ദേശിപ്പിട്ടുണ്ടു്. ആകപ്പാടെ ആ നിരൂപണവും, അഭിപ്രായഭേദവും ശ്രദ്ധേയമാണ്. പിന്നിട്ടു 'കൊടിയവിരഹം' പ്രബന്ധത്തിനുണ്ടായിട്ടുള്ള പല നിരൂപണങ്ങളിലും, ഈ അംശം വിമർശിയ്ക്കപ്പെട്ടു കണ്ടിട്ടില്ല. എന്നാൽ, ഈ അംശം മാത്രം ചിന്തിച്ചുകൊണ്ടു്, ഭിന്നമതത്തിന് അനുകൂലമായും പ്രതികൂലമായും ഓരോ ലേഖനം 'സമദർശി'യിൽ തന്നെ കാലാന്തരത്തിൽ കണ്ടുതാനും. അനുകൂലലേഖനത്തിൽ, അടുത്ത പതിപ്പിൽ 'കോടീവിരഹ'മെന്നു പേർമാററി അച്ചടിപ്പിയ്ക്കണമെന്നു മി: ശങ്കരമേനോനോടു് അപേക്ഷിയ്ക്കുകയും ചെയ്യിട്ടുണ്ടായിരുന്നു. രണ്ടാം പതിപ്പു് ആവശ്യപ്പെടാതിരുന്നതുകൊണ്ടോ, അഭിപ്രായഭേദം ആദരണീയമല്ലെന്നു വെച്ചിട്ടോ, മി: ശങ്കരമേനോൻ പേരുമാററിയതായിട്ടറിയുന്നില്ല. ഏതായാലും പണ്ഡിതന്മാർക്കു പക്ഷഭേദമുള്ള ഈ പ്രാചീനകൃതിയുടെ പേരിനേസ്സംബന്ധിച്ച ചില പരമാർത്ഥങ്ങൾ പ്രകാശിപ്പിയ്ക്കുവാൻ വിചാരിയ്ക്കുന്നു.

മന്ത്രാങ്കം, മന്ത്രാങ്കപ്രയോഗസാരം,—ഇത്യാദി നാമങ്ങളിൽ പ്രസിദ്ധവും നാലോ അഞ്ചോ നൂററാണ്ടുകളിൽ കുറയാത്ത പഴക്കം ഉള്ളതും

പ്രധാനപ്പെട്ട ഗ്രന്ഥപ്പുരകളിൽ സുലഭവും, ചാക്യാന്മാൎക്ക നാട്യവിദ്യാഭ്യാസത്തിൽ പാഠ്യപുസ്തകപ്രായവും ആയിട്ട് ഒരു മഹാസാഹിത്യഗ്രന്ഥമുണ്ട്. അതൊരു സങ്കലിതഗ്രന്ഥമെന്നല്ലാതെ, സ്വതന്ത്രകൃതിയെന്ന് ഒരിക്കലും പറഞ്ഞുകൂടാ. പുരുഷാൎത്ഥങ്ങളെസ്സംബന്ധിച്ച സരസവും സമഗ്രവും സവിസ്തരവുമായ വൎണ്ണനമാണ് അതിലെ പ്രതിപാദ്യം. കേരളീയഭാഷാഭിമാനികളിൽ ചുരുക്കം ചിലരുണ്ട് ഈ കൃതിയുടെ മഹാത്മ്യം അറിഞ്ഞിട്ടുള്ളവർ. അമ്മാമൻ തമ്പുരാൻ തിരുമനസ്സുകൊണ്ട്, ആറ്റൂർ കൃഷ്ണപ്പിഷാരടി മുതലായ പണ്ഡിതവരേണ്യന്മാർ ഈ കൃതിയിലെ പലേ പദ്യങ്ങളെയും സ്വസ്വകൃതികളിൽ ഉദ്ധരിച്ചു ചേൎത്തു കണ്ടിട്ടുണ്ട്. ഗദ്യം, പദ്യം സംസ്കൃതം, പ്രാകൃതം, മലയാളം—എന്നിങ്ങനെ പലരൂപങ്ങളിലായി, ഏകദേശം ഏഴെണ്ണായിരം ഗ്രന്ഥത്തിൽ 32—അക്ഷരം ഒരു ഗ്രന്ഥം) കുറയാത്ത വലുപ്പമുണ്ട് ഈ കൃതിക്ക്. അതിമനോഹരങ്ങളായ അനന്തപദ്യങ്ങളുടെ ആകരമെന്ന നിലയിൽ, 'സൂക്തിമുക്താവലി' മുതലായ മുഖ്യഗ്രന്ഥങ്ങളോടു കിടപിടിക്കുന്നതും, സൗഷ്ഠവാദിയിൽ പക്ഷേ അവയെ അതിശയിക്കുന്നതുകൂടിയും ആണ് ഇതെന്നും പറയാം. ഇതിലെ പദ്യങ്ങളിൽ ചിലതു താഴെ ചേൎക്കുന്നതു വായനക്കാൎക്ക രസാവഹമായിരിക്കുമെന്നു വിശ്വസിക്കുന്നു:—

“ദസവേവമാനമഖിലം,
ജ്യോത്സ്നേവ തമോ, ജരേവ ലാവണ്യം,
ഹരിഹരകഥേവ ദുരിതം
ഗുണശതമപ്യൎത്ഥിതാ ഹരതി”

*          *          *

മാനുഷ്യേ സതി ദുൎല്ലഭാ പുരുഷതാ,
പുംസ്ത്വേ പുനൎവ്വിപ്രതാ,
വിപ്രത്വേ ബഹുവിദ്യതാ ന സുലഭാ,
വിദ്യാവതോൎത്ഥജ്ഞതാ,
അൎത്ഥജ്ഞസ്യ വിചിത്രവാക്യപടുതാ,
വാക്യേഷു ലോകജ്ഞതാ,
ലോകജ്ഞസ്യ സമസ്തശാസ്ത്രവിദുഷോ
ധൎമ്മേ രതിൎദ്ദുല്ലഭാ.

*          *          *

അന്യോന്യബദ്ധതരുണീതരുണാനുരാഗേ,
നൃത്തേ ച ഭാവവിശദേ, ദയിതാധരേ ച,
സന്ദൎശനേ ച സുഹൃദാം, സരസേ ച കാവ്യേ
തുല്യാരുചിൎമ്മമ മനോരമതേ ചതുൎത്ഥേ.

*          *          *

ദൈവം പുരുഷകാരശ്ച ഭൂതാനാം ഭൂതികാരണം;
തയോരേവ സ്ഥിതം വിശ്വം സസ്യം ഭൂജലയോരിവ.

* * *

ജനസ്ഥാനേ ഭ്രാന്തം, കനകമൃഗതൃഷ്ണാഹൃതധിയാ
വചോ വൈദേഹീതി പ്രതിപദമുദശ്രു പ്രലപിതം,
കൃതാലംകാഭർത്തൃവദനപരിപാടീഷു ഘടനാ
മയാപ്തം രാമത്വം കുശലവസുതാ നത്വധിഗതാ!

* * *

ജടാരണ്യേ ശംഭോഃ കൃതവസതി, രത്യന്തവിമലഃ,
സുഗംഗാംഭഃ സ്നാതഃ, ഫണിനിവഹവാന്താനലവൃതഃ,
തപസ്തപ്ത്വാഘോരം നൃപദുഹിതൃവക്ത്രോപമിതയേ
കൃശാകാരശ്ചന്ദ്രഃ കഥമപി ലലാടാകൃതിരഭൂത്.

* * *

'അലമലമതിവൃദ്ധ്യാ, സ്ഥീയതാം, കിം ന പശ്യ-
സ്യകരുണ! ഹരിണാക്ഷ്യാ ഭിദ്യതേ മധ്യഏഷഃ,'
ഇതി ഗുരുജഘനാജ്ഞാചോദിതാ രോമരാജിഃ
സ്തനയുഗമസിതാഗ്രം വക്തുമാരോഹതീവ.

* * *

ശാസ്ത്രം സുനിശ്ചിതധിയാമപി ചിന്തനീയം,
ആരാധിതോഽപി നൃപതിഃ പരിശങ്കനീയഃ,
ആത്മീകൃതാഽപി യുവതിഃ പരിരക്ഷണീയാ,
ശാസ്ത്രേ നൃപേ ച യുവതൌ ച കുതഃ സ്ഥിരത്വം?

* * *

ഈ സംസ്കൃതശ്ലോകങ്ങളോരോന്നും, തത്വമാഹാത്മ്യം കല്പനാസാരസ്യം, ശബ്ദസൌന്ദൎയ്യം, അലങ്കാരപരിപുഷ്ടി ഇത്യാദി ഗുണങ്ങളാൽ ഗ്രഹണീയവും, സ്പൃഹണീയവും, രമണീയവുമായിട്ടുണ്ടെന്നു് ഏതു സഹൃദയനാണു് സമ്മതിയ്ക്കാത്തതു്? ഇനി ഏതാനും ഭാഷാപദ്യങ്ങൾ ഉദ്ധരിയ്ക്കാം:—

"ഖിരിണിപ്പർ ധനാശയാ സ്വരന്തും,
തരുണാനാമതു കാമമെൻറതോൻറം;
കരുണാരഹിതാത്മനാം വധൂനാം
അരണാരാണ്മരിലാരിലും നസങ്ഗഃ.

* * *

ഒരുനാളുമിരണ്ടുനാളുമെല്ലാം
പിരികിൽപോലുമൊത്രുണ്ടാക്കമില്ല,
അയി സുന്ദരി! വേറപെട്ടിരുന്നാ-
ലൊരുസംവത്സരമെന്തു വാഴുമാറ്?

* * *

ഒരിടത്തൊരുമാടമുണ്ടതിന്മേ-
ലൊരുവാതില്ക്കലൊരിന്ദുബിംബമുണ്ട്,
അതിലുണ്ടൊരു വെണ്ണിലാ, വതിന്മേ-
ലണയുമ്പോളുരുകിടു മെങ്ങൾചേതഃ!

* * *

"കൊടിയ വിരഹേ ഇത്യസ്യ
ആശ്ലേഷേ ഭുജലതയോഃ ക്ഷണശ്ലഥത്വം,
ശയ്യായാം സുരതപരിശ്രമേഷു സുപ്തിഃ,
ആലാപേ വിരമണ, മീക്ഷണേ നിമേഷഃ,
കാന്താനാമിതി വിരഹോ മിതിസ്സുശേഷഃ.

അത്ര വിരഹിസംബദ്ധാ കാചിൽ കഥാപ്രയോക്തവ്യാ"—

മേൽപത്തൂരിന്റേതെന്നും, മഴമങ്ഗലത്തിന്റേതെന്നും പണ്ഡിതന്മാരുടെ ഇടയിൽ അഭിപ്രായഭേദമുള്ളതും, 'സങ്ഗീതകേതുചരിത'മെന്നും, 'കൊടിയ വിരഹം' എന്നും പേരുള്ളതും ആയ സംസ്കൃതകൃതിയും, മഴമങ്ഗലം രണ്ടാമന്റേതെന്നു ഞാനഭ്യൂഹിച്ചിട്ടുള്ളതും, ഒരു പഴൂർപട്ടേരിയുടെ പേരിൽ ശ്രീമാൻ ശങ്കരമേനോൻ പ്രസാധനം ചെയ്തിട്ടുള്ളതും ആയ 'കോടിയവിരഹം' ഭാഷാപ്രബന്ധവും, മേൽ പറഞ്ഞ പ്രകാരം 'വിരഹസംബദ്ധാകാചിൽ കഥ'യായി അവതരിക്കപ്പെട്ടവയാണെന്നാണ് ഇനിപ്പറയുവാനുള്ളതു്. അതിലേയ്ക്കുള്ള ഒന്നാമത്തേതെളിവു്, രണ്ടും ഏകനാമകമായിരിക്കുന്നതുതന്നെ. പിന്നെ, ഒന്നു കേവലം സംസ്കൃതമയമായിരിക്കുന്നതും, മററതു ഭാഷാപ്രധാനവും, ഗദ്യപദ്യാത്മകവും, സങ്കലിതസ്വരൂപവും ആയിരിക്കുന്നതും. രണ്ടിലും നായകന്മാരുടെ നാമൈക്യം, നായികാനാമസാജാത്യം, വിപ്രലംഭവിസ്താരാധിക്യം, ഭാഗദ്വയാത്മകത്വം, കവിതാരീതിസാദൃശ്യം മുതലായവ കാണപ്പെടുന്നതും ഇക്കാര്യത്തിൽ സാരമായി ഗണിക്കേണ്ടതാണ്. ഇനി ചാക്യാന്മാർ ഇക്കാലത്തു രണ്ടും 'കൂടിയാട്ട'ത്തിനുപയോഗിക്കുന്നുണ്ടോ, അതോ ഏതെങ്കിലും ഒന്നേയുള്ളോ, പണ്ടുപയോഗിച്ചിരുന്നുവോ, ഇത്യാദിയും ചിന്തിച്ചുനോക്കാം. പക്ഷേ, തൽകാലം ഞാനതിനു തുനിയുന്നില്ല. 'കൊടിയ വിരഹ'മെന്ന സംജ്ഞയ്ക്കു് ഈ നിലയിൽ സമുചിതമായ ഉപപത്തിയുണ്ടെന്നും, ശ്രീമാൻ പി. കേ. മുതൽപേർ ഊഹിച്ചവിധം കോടി എന്നൊരു നായികയെ ഇവിടെ സങ്ഗമിപ്പിക്കുകയും, ആ വഴി ഗ്രന്ഥനാമം കോടീവിരഹമാക്കുകയും മററും വേണമെന്നില്ലെന്നും ആണ് എനിക്കു വെളിപ്പെടുത്തുവാനുള്ളതു്. അതു സാധിച്ചു എന്നു വിശ്വസിക്കുന്നു. ഒരു സങ്ഗതികൂടിപ്പറയാം.

"രങ്ഗസ്ഥലം തൃശ്ശിവപേരൂരായിരിയ്ക്കണം. പൂരം പൊടി പൊടിച്ചിട്ടുണ്ടല്ലോ"—എന്നു കൊടിയ വിരഹം ഭാഷാപ്രബന്ധത്തിൻെറ "അവതാരിക"യിൽ, പ്രസാധകൻ പറഞ്ഞിട്ടുണ്ട്. ഇതത്ര ശരിയാണെന്നു തോന്നുന്നില്ല. ഗ്രന്ഥത്തിലേ പൂരപ്രസ്താവം, "മദ്ധ്യേ ഗൌരീനികേതേ പുതുമയൊടൊരു പൂരോത്സവം പ്രാദുരാസീൽ," എന്നാണു തുടങ്ങുന്നതു്. ഇതിൽനിന്നും പൂരം നടക്കുന്നതു് ഒരു ഭഗവതി ക്ഷേത്രത്തിലാണെന്നല്ലേ വിചാരിയ്ക്കേണ്ടതു്? വടക്കുന്നാഥക്ഷേത്രത്തിലെന്നാണോ? വടക്കുന്നാഥക്ഷേത്രത്തിലും ഭഗവതിയുണ്ടല്ലോ എന്നാണെങ്കിൽ, എങ്കിലും 'ഗൌരീനികേത'മായിട്ടു വടക്കുന്നാഥക്ഷേത്രത്തെ നിർദ്ദേശിച്ചു കണ്ടിട്ടില്ലെന്നും, ഗൌരീശനികേതമായിട്ടാണു നിർദ്ദേശങ്ങളെന്നും, സമാധാനം. പിന്നെ,

"പൂർവ്വഫാൽഗുന മഹോത്സവം തദാ"

"പാർവ്വതീമഹിതമന്ദിരോജ്വലം."

എന്നു 2-ം—7-ം പദ്യത്തിൽ കാണുന്നതു നോക്കുക. കുംഭമാസത്തിൽ പൂരമാണു പ്രസ്തുതമഹോത്സവദിവസമെന്നു് ഇവിടെ സ്പഷ്ടം. തൃശ്ശിവപേരൂർ പൂരമോ മേടമാസത്തിലാണല്ലോ. "ധന്യേ! പൂരാഗിരിസുതാമഹിതോത്സവശ്രീസന്ദർശനാത് പ്രഭൃതി സുന്ദരി!" "ഇന്നാളദ്രിസുതാനികേതമഹിതം പൂരോത്സവം കണ്ടുകണ്ടെങ്ങേറുന്ന മഹാജനങ്ങൾ"—ഇത്യാദികളായ അനന്തരപ്രസ്താവങ്ങളിലും, ദേവീക്ഷേത്രമെന്നല്ലാതെ ദേവക്ഷേത്രമെന്നില്ല. തെൻകൈലാസം, വൃഷാദ്രി, ശിവപുരം, മുതലായ സുപ്രസിദ്ധസംജ്ഞ ഒന്നും ക്ഷേത്രത്തിനു കൊടുത്തുകാണാത്തതും ചിന്തിക്കുക. എല്ലാംകൂടി കൂട്ടിനോക്കിയാൽ, തൃശ്ശിവപേരൂരല്ല പൂരം നടക്കുന്നതെന്നും, ഊരകത്തോ മറേറാ ആണെന്നും സ്പഷ്ടമാണ്. ഊരകത്താണെങ്കിൽ, കർത്താവു മഴമംഗലം തന്നെയെന്നുള്ളതിനു മറെറാരു തെളിവു കൂടിയാവും. ഗ്രന്ഥാന്തരസംവാദാദികളെ മുഖ്യമായി ആശ്രയിച്ചാണു ഞാനദ്ദേഹത്തെ ഏതൽകർത്താവായി ഗ്രഹിക്കുന്നതു്. അതിൽ അരുചി തോന്നുന്ന സഹൃദയന്മാർ, നൈഷധചമ്പു, രാജരത്നാവലീയം, മഹിഷമംഗലഭാണം, സംഗീതനൈഷധം, ഈ കൊടിയവിരഹം മുതലായവ സനിഷ്കർഷമൊന്നു വായിച്ചു താരതമ്യാദിവിവേചനം ചെയ്തുനോക്കുവാൻ അപേക്ഷിച്ചുകൊണ്ടു്, ഈ ലേഖനം അവസാനിപ്പിച്ചുകൊള്ളുന്നു.

# മഹാകവി,

(കാകളി)

വെണ്ണിക്കുളം, ഗോപാലക്കുറപ്പ്.

ആനന്ദമത്തനായ് കൂപ്പുകൈയൎപ്പിച്ചു
ഞാനെൻ മഹാകവേ, നില്ക്കയാണിപ്പോഴും;
കാണവേ, കാണവേ, രോമാഞ്ചമേററ മി-
ച്ചേണെഴും കാവ്യം രചിച്ചുവല്ലോ ഭവാൻ!
ഉദ്യദ്രസാത്മകം, ഗംഭീര, മെന്നെത്ര
വിദ്വജ്ജനോക്തി ഞാൻ കേട്ടിതന്നാകിലും,
ചിത്രശബ്ദാൎത്ഥ പ്രകാശകമിക്കാവ്യ-
മിത്രയ്ക്കനൎഘമെന്നോൎത്തതില്ലേതുമേ.
എത്രയോ കാലപ്പഴക്കമുണ്ടെങ്കിലും
പ്രത്യഗ്രമായ് തന്നെ തോന്നുന്നിതിപ്പൊഴും!
എന്താണിതിൽ കഥാവസ്തുവെന്നാരുമേ
ചിന്തിച്ചു കാണിതിരിക്കില്ല നിൎണ്ണയം;
എന്നാലൊരാവൃത്തിവായിച്ചു തീൎക്കുവാ-
നിന്നോളമാൎക്കും കഴിഞ്ഞതില്ലത്ഭുതം!

ഈ വിനീതാഞ്ജലിയെ ഞങ്ങ നിസ്സീമ-
ലാവണ്യ സസ്യകക്ഷേത്രമങ്ങെൻ ഗുരോ,
രണ്ടുനാലല്ലനാ,ളെത്രയായങ്ങയെ-
ക്കണ്ടു കൈകൂപ്പുവാൻ, കാല്ക്കൽ പതിക്കുവാൻ,
കാമം വിറച്ചും, വിയൎത്തും, വിളൎത്തുമെൻ-
പ്രേമപ്രസൂനം സമൎപ്പിച്ചുകൊള്ളുവാൻ,
എന്നുൾക്കളത്തിലൊതുങ്ങാത്തൊരുൽകണ്ഠ
വന്നലച്ചീടുന്നു പിന്നെയും പിന്നെയും.
തുംഗസങ്കല്പനാപൂൎണ്ണനായ്ശോഭിക്കു-
മങ്ങയാലെൻ പ്രഭോ, സാമ്യഗപിഭൂഷിതം,
ഏതുദിക്കേതുനാടേതുവീടെന്നെനി-
യ്ക്കേതും ഗ്രഹിപ്പാൻ കഴിഞ്ഞീലിതേവരെ.

ഊരിലെല്ലാടവും ചുററിത്തിരഞ്ഞുഞാൻ;
ആരുമില്ലങ്ങയെക്കണ്ടെതായ്ചൊല്ലുവാൻ.
കോവിലിൽ കാണാം ചിലപ്പോഴെന്നേകദാ
പാവങ്ങളാരോപറഞ്ഞു; കണ്ടീല ഞാൻ.

വന്യാശ്രമങ്ങളിൽ കാണുമെന്നന്നൊരു
സന്യാസി ചൊന്നതും സത്യമെന്നോർത്തുപോയ്!
അജ്ഞാതനാകയാണൊന്നിനൊന്നങ്ങെന്റെ
ജിജ്ഞാസുപക്ഷങ്ങൾ വീശിത്തുടിക്കവേ;
തോററഞാൻ; താവകനാമം മനോഹരം
മാറെറാലിക്കൊള്ളാത്ത നാടില്ല; സൽകവേ,
ഏററമടുത്തു ഞാനെത്തുമ്പോഴൊക്കെയും
കാററുപോലെങ്ങോ മറഞ്ഞിരിക്കാം, ഭവാൻ.
കാലമില്ലായ്കയില്ലിന്നിയും, കാവ്യകു-
ന്മാലാകലാപമേ, കാണും ഭവാനെ ഞാൻ.
ഒന്നോർത്തു നോക്കിയാൽ കാണാതിരിപ്പതേ
നന്നെന്നു കാണാം, നശിക്കില്ല കൌതുകം.
പ്രത്യക്ഷതയ്ക്കില്ല, ശ്രദ്ധതാലംബിയാം
സത്യഗാംഭീര്യമെന്നിന്നറിഞ്ഞിടിനേൻ.

# ബർനാഡ് ഷാ

[കുററിപ്പുഴ കൃഷ്ണപിള്ള]

ഇംഗ്ലീഷു സാഹിത്യത്തിൽ ഷേക്സ്പിയരുടെ കാലത്തിനുശേഷം നാടകനിർമ്മാണംകൊണ്ട് ആ മഹാകവിയോടു മത്സരിക്കുവാൻ ഒരാൾ ക്കേ ഇതുവരെ സാധിച്ചിട്ടുള്ളു; അദ്ദേഹമാണു ബർനാഡ് ഷാ. ഷേക്സ്പിയരെപ്പോലെ ഷായും ഇംഗ്ലീഷുകാരുടെ മാത്രമല്ല സർവ്വലോകരുടേയും ആരാധ്യപുരുഷനായിത്തീർന്നിരിക്കുന്നു. എന്നാൽ ബർനാഡ്ഷായെ കേവലം ഒരു സാഹിത്യകാരനായിട്ടുമാത്രമല്ല നാം അറിയുന്നത്. സാഹിത്യനിരൂപണംകൊണ്ടുമാത്രം അദ്ദേഹത്തിൻെറ യോഗ്യതകളെ ശരിയായി വെളിപ്പെടുത്തുവാനും സാദ്ധ്യമല്ല.

ശരീരംകൊണ്ട് എഴുപതിൽപരം വയസ്സുചെന്ന ഒരു വൃദ്ധൻ. മനസ്സുകൊണ്ട് താരുണ്യത്തിളപ്പു കാണിക്കുന്ന ഒരു നവോന്മേഷശാലി. യാതൊരു നിയന്ത്രണവും നിയമവും ഇല്ലാത്ത ഒരു പുതിയ സാഹിത്യസാമ്രാജ്യത്തിലെ സ്വേച്ഛാധികാരി—മനുഷ്യത്വത്തിൻെറ സങ്കുചിതപരിധികളെ വലിച്ചുകീറിക്കളഞ്ഞ് ഒരു നവയുഗത്തിലേയ്ക്കു കുതിച്ചുകൊണ്ടിരിക്കുന്ന സർവ്വതന്ത്രസ്വതന്ത്രൻ-നല്ലതു നല്ലതെന്നും ചീത്ത ചീത്തയെന്നും ആരോടും മുഖംനോക്കാതെ വിളിച്ചുപറയുന്ന പച്ചപ്പരമാർത്ഥി—ഇങ്ങിനെയൊക്കെയാണ്, ഷാ ആരാണെന്നു ചോദിച്ചാൽ ഉത്തരം പറയാൻ തോന്നുക. ഏതുരാജ്യത്തിലെ ഏതുപത്രത്തിലും ഷായുടെ വിചിത്രചിത്രം ഇടയ്ക്കിടയ്ക്കു കണ്ടേയ്ക്കാം. ഉന്മേഷത്തിൻെറ വെണ്മ വീശുന്ന ആ നരച്ച താടി ലോകത്തിൻെറ ഒരററംമുതൽ മറേറ അററംവരെ അതിപ്രസിദ്ധമായിത്തീർന്നിരിക്കുന്നു. അതിൻെറ പിറകിൽ ഒന്നിനും വഴിപ്പെടാതെ ഒരു യുവഹൃദയം തത്തിക്കളിക്കുന്നതുകണ്ടു ലോകർ അത്ഭുതപ്പെടുന്നു.

എല്ലാംകൊണ്ടും ഒരു വിചിത്രസൃഷ്ടിയാണു ബർനാഡ് ഷാ. അദ്ദേഹത്തിൻെറ അഭിപ്രായങ്ങളും കൃതികളുംപോലെതന്നെ അദ്ദേഹവും മററുള്ളവർക്ക് ഒരു 'പുതുമ'യായിത്തീർന്നിരിക്കുന്നു. ഷായെപ്പററി നേരംപോക്കുള്ള പല 'കഥ'കളും ജനതാമദ്ധ്യത്തിൽ പ്രചരിച്ചിട്ടുണ്ട്. അവയിലെ സത്യാസത്യങ്ങൾ വേർതിരിച്ചറിവാൻ അദ്ദേഹത്തോടു നേരിട്ടുചോദിക്കാനും പ്രയാസമായിരിക്കുന്നു. ഓരോരുത്തർക്കും കിട്ടുന്ന ഉത്തരം ഓരോതരത്തിലായിരിക്കും. പരസ്പരവിരുദ്ധങ്ങളായ പല അഭിപ്രായങ്ങളും അദ്ദേഹം 'തട്ടിമൂളിക്കാ'റുണ്ട്. ഷാ 'എസ്' (yes) എന്നു പറഞ്ഞാൽ അതിൻെറ അർത്ഥം 'നൊ' (no) എന്നാണെന്ന് ഈയിടെ ഒരു നിരൂപകൻ അഭിപ്രായപ്പെടുകയുണ്ടായി.

ഷായുടെ സാഹിത്യത്തേയും അദ്ദേഹത്തിന്റെ ജീവചരിത്രത്തേയുംപററിയുള്ള പല ഗ്രന്ഥങ്ങളും പുറത്തു വന്നിട്ടുണ്ടു്. ഒരു വിഖ്യാതവിമശ്കനായിരുന്ന ഫ്രാൻക്ഹാരിസ് (Frank Harris) എഴുതിയിട്ടുള്ള ഗ്രന്ഥമാണ് ഇവയിൽ ഏററവും നവീനമായിട്ടുള്ളതു്. 1931-ൽ അന്തരിച്ചുപോയ പ്രസ്തുതഗ്രന്ഥകാരൻ ഷായുടെ സ്നേഹിതനും ദീഘകാലം അദ്ദേഹവുമായി അടുത്തു പരിചയിച്ച ഒരു പത്രപ്രവത്തകനും ആയിരുന്നു. രണ്ടുപേരും ഏകദേശം ഒരേകാലത്താണു ജനിച്ചതു്. ഇരുകൂട്ടരും ജന്മംകൊണ്ടു് ഐറിഷുകാരാണ്. ഹാരിസ് കാലേക്കൂട്ടി പത്രപ്രവത്തനത്തിലേപ്പെട്ടു. ഷാ വളരെക്കാലം പത്രലേഖകനായിരുന്നിട്ടുണ്ടു്. അദ്ദേഹത്തെ പത്രരംഗത്തിൽ പ്രവേശിപ്പിച്ച പ്രതിഫലം കൊടുത്തു പ്രോത്സാഹിപ്പിച്ചുകൊണ്ടിരുന്നതു് ഹാരിസ്സ് ആയിരുന്നു. ഇങ്ങിനെ ബാല്യകാലം മുതൽക്കു് അടുത്തു പരിചയിക്കുവാൻ ഇടവന്നിട്ടുള്ളതുകൊണ്ടു ഹാരിസ്സ് രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ കൂടുതൽ വിശ്വാസയോഗ്യങ്ങളാണെന്നു വിചാരിക്കേണ്ടിയിരിക്കുന്നു.

ഒരാൾ ജീവിച്ചിരിക്കുമ്പോൾതന്നെ അദ്ദേഹത്തെപ്പററിയുള്ള പല സംഗതികളും തക്വിഷയങ്ങളാകുകയെന്നതു വലിയ നേരംപോക്കായി പലക്കും തോന്നാം. എന്നാൽ ഷായെ സംബന്ധിച്ചു് ഇങ്ങിനെയൊരവസ്ഥയാണു വന്നുകൂടിയിരിക്കുന്നതു്. അദ്ദേഹത്തിന്റെ പിതാവു് ആരാണെന്നുള്ള സംഗതികൂടി സംശയഗ്രസ്തമായിരിക്കുമ്പോൾ! അമ്മ നിയമപ്രകാരം വിവാഹം ചെയ്ത ആളുതന്നെയാണ് തന്റെ പിതാവെന്നു ഷാതന്നെ ലോകത്തോടു വിളിച്ചുപറഞ്ഞിട്ടും പലരും വിശ്വസിക്കുന്നില്ല! ഷായുടെ മാതാവു കുറെക്കാലം ഭത്താവിനെ വിട്ടു ദൂരസ്ഥലത്തു ഒരു സ്നേഹിതനൊന്നിച്ചു താമസിച്ചിട്ടുണ്ടെന്നും അപ്പോഴാണു ഷായുടെ ജനനമെന്നും പുത്രന്റെ വിദ്യാഭ്യാസത്തിനും മററും ഈ സ്നേഹിതൻ ധാരാളം സഹായിച്ചിട്ടുണ്ടെന്നും മററുമുള്ള ചില തെളിവുകളാണ് എതിവ്വാദത്തിൽ കാണുന്നതു്. ഏതായാലും ഇത്തരം പ്രസ്താവനകൾകൊണ്ടു ഷാക്കു് ഒരു അസുഖവും തോന്നുന്നില്ലെന്നുള്ളതു തീച്ചയാണ്. ഈ മാതിരി കായ്യങ്ങളെ സംബന്ധിച്ചു തനിക്കു കിട്ടുന്ന കത്തുകൾക്കു് അദ്ദേഹം കൊടുക്കുന്ന മറുപടി സ്വതസ്സിദ്ധമായ ഫലിതംകൊണ്ടു നിറഞ്ഞതായിരിക്കും. തന്റെ പിതാവു് ഒരിക്കലും 'ബോധ'മില്ലാതിരുന്ന ഭയങ്കരനായ ഒരു കുടിയനായിരുന്നു എന്നു ഷാതന്നെ സമ്മതിക്കുന്നുണ്ടു്.

പള്ളിവക സ്കൂളിൽപോയി പഴയമട്ടിലുള്ള പഠിപ്പുകൊണ്ടു 'ശ്വാസംമുട്ടുന്ന' കുട്ടികളുടെ കൂട്ടത്തിൽ കുറേനാൾ ബർനാഡ്ഷായും കഴിച്ചുകൂട്ടിയിട്ടുണ്ടു്. അന്നു് അധ്യാപകന്മാരോടു തോന്നിയിട്ടുള്ള കഠിനമായ

വെറുപ്പ് അനന്തരകാലത്തും അദ്ദേഹത്തെ വിട്ടുപിരിഞ്ഞിട്ടില്ല. നിയമശൃംഖലിതമായ വിദ്യാലയജീവിതത്തെ ഇപ്പോഴും അദ്ദേഹം അധിക്ഷേപിച്ചുകൊണ്ടിരിക്കുന്നു. പ്രാപ്തിയുള്ളവൻ എന്തെങ്കിലും പ്രവർത്തിക്കുന്നു; ഒന്നിനും കൊള്ളാത്തവനാണു പഠിപ്പിക്കാൻ പുറപ്പെടുന്നതു് (He who can does, he who cannot teaches) എന്നു് ഒരിക്കൽ അദ്ദേഹം അഭിപ്രായപ്പെട്ടിട്ടുണ്ടു്.

ഷായുടെ വിവാഹത്തെപ്പററിയും രസകരമായ ചില പ്രസ്താവനകൾ ഇല്ലാതില്ല. അദ്ദേഹത്തിൻെറ പത്നി ആ സ്ഥാനത്തു കയറിക്കൂടിയതെങ്ങിനെയെന്നന്വേഷിക്കുവാനും ചില നിരൂപകന്മാർ കുതുകികളായി കാണപ്പെടുന്നു. പണ്ടൊരിക്കൽ ദേശസഞ്ചാരത്തിനിടയിൽ ഇററലിയിൽവച്ച് ഷാ രോഗശയ്യയിൽ വീണപ്പോൾ കൂടെയുണ്ടായിരുന്നവരിൽ ഈ സ്ത്രീമാത്രം അദ്ദേഹത്തെ വിട്ടുപോകാതെ അവിടെ താമസിച്ചു ശുശ്രൂഷിക്കുകയും രണ്ടുപേരുംകൂടിയുള്ള ഈ താമസം ഒടുവിൽ ജനാപവാദത്തിനു വഴികൊടുക്കുകയാൽ തന്നിവാരണത്തിനായി അവർ വിവാഹബന്ധത്തിലേർപ്പെടുകയും ചെയ്തു എന്നാണു് ഒരു കഥ. പ്രസ്തുത സഞ്ചാരത്തിനു മുൻപുതന്നെ നാട്ടിൽവച്ചു് ഈ കുട്ടിമദാമ്മയെക്കണ്ടു ഷാ ഭ്രമിച്ചിട്ടുണ്ടെന്നും ഒരുദിവസം അവരുടെ വസതിക്കടുത്തുവച്ചു് മോട്ടോർസൈക്കിളിൽനിന്നും മറിഞ്ഞുവീണു കാലിൽ പരുക്കേററ ഷാ കുറേദിവസം അവരുടെ ശുശ്രൂഷയേററു സുഖിച്ചുകൊണ്ടു് ആ ഗൃഹത്തിൽ താമസിച്ചുവെന്നും അതുവഴി ഉറച്ച പ്രണയം ദാമ്പത്യബന്ധത്തിൽ കലാശിക്കുകയാണു് ചെയ്തിട്ടുള്ളതെന്നും ചിലർ പറയുന്നു. ഇതിലേതാണു ശരിയെന്നു ഷായുടെ ഏററവും അടുത്ത സ്നേഹിതന്മാർക്കുപോലും അറിഞ്ഞുകൂടാ. ഈ വസിഷ്ഠനും അരുന്ധതിക്കും ഇതുവരെ ഒരു കുട്ടിയും ഉണ്ടാകാതെ പോയതു മററൊരു വ്യഥാപവാദത്തിനും വഴികൊടുത്തിരിക്കുന്നു. അതായതു ഷാ ഒരു ഷണ്ഡനാ(Impotent)യിരിക്കാമെന്നു ചില 'കുസൃതി'ക്കാർ സംശയിക്കുന്നു. അദ്ദേഹം ഇരുപത്തൊൻപതുവയസ്സുവരെ തീവ്രബ്രഹ്മചര്യം പാലിച്ചിരുന്നു എന്നു പറയപ്പെടുന്നതും ഈ സംശയത്തെ ബലപ്പെടുത്താൻ അവർ ഉപയോഗിക്കുന്നുണ്ടു്. ഈ അപവാദംകേട്ടു് ക്രുദ്ധനായിത്തീർന്നു് ഷാ അതിനെ ശക്തിയായി പ്രതിഷേധിക്കുവാനും മടിച്ചിട്ടില്ല. തന്നെ ഷണ്ഡനെന്നു സംശയിക്കുന്നവർ വിഡ്ഢികളാണെന്നും ആ വിഷയത്തിലുള്ള തൻെറ ശക്തിക്കു് അനവധി സ്ത്രീകൾ സാക്ഷികളായിട്ടുണ്ടെന്നുംകൂടി ഷാ മുക്തകണ്ഠം ഘോഷിക്കുന്നു! എല്ലാം തുറന്നുപറയുന്ന അദ്ദേഹത്തിൻെറ സ്വഭാവത്തിനു് ഇതുപോലെ വേറെ പല പ്രസ്താവനകളും ഉദാഹരണങ്ങളാണു്. യൌവനകാലത്തു സ്ത്രീകളുമായിട്ടുള്ള 'ഇടപാടുകൾ'

എല്ലാം ഷാ ജിജ്ഞാസുക്കളായ തന്റെ സ്നേഹിതന്മാരോടു പരസ്യമായി പറഞ്ഞിട്ടുണ്ട്. അദ്ദേഹം ബാലവനിതാസംഗം ഇഷ്ടപ്പെടാത്ത ഒരു പ്രൌഢസ്ത്രീരസികനായിരുന്നുവത്രെ. "I was not attracted by virgins as such. I preferred women who knew about they what were doing', എന്നു കാരണസഹിതം ഇക്കാര്യവും വെളിപ്പെടുത്തുവാൻ അദ്ദേഹത്തിനു യാതൊരു സങ്കോചവും ഇല്ല.

അഭിപ്രായങ്ങളിലെന്നപോലെ ജീവിതരീതിയിലും ഷാ ഇതരന്മാരിൽനിന്നും അത്യന്തം ഭിന്നനാണ്. മാംസഭക്ഷകരായ ഇംഗ്ലീഷുകാരുടെ ഇടയ്ക്കു് ഒരു ബ്രാഹ്മണനെപ്പോലെ സസ്യാഹാരനിഷ്ഠയോടുകൂടിയാണു ഷാ ജീവിക്കുന്നതു്. അഹിംസാവ്രതത്തിൽ അദ്ദേഹത്തിനു ഗാന്ധിയുടെ ശിഷ്യനാകാനുള്ള യോഗ്യതയുണ്ടു്. ഗാന്ധിയും താനും, ആളുകളെ കൊന്നിട്ടില്ല. അതുകൊണ്ടാണു ലോകം തങ്ങളെ വേണ്ടുവോളം ബഹുമാനിക്കാത്തതു് എന്നു ഷാ അടുത്തകാലത്തു ബോംബെയിൽ വന്നപ്പോൾ പറകയുണ്ടായി. എല്ലാവർക്കും ശരിയെന്നു തോന്നുന്നതായിരിക്കും ചിലപ്പോൾ ഷാ തെറ്റായി കണ്ടുപിടിക്കുന്നതു്. തന്റെ അഭിപ്രായത്തോടു് എത്രപേർ യോജിക്കുന്നുണ്ടെന്നു് അദ്ദേഹത്തിനു നോട്ടമില്ല. യോജിക്കാത്തവരൊക്കെ മഹാമണ്ടന്മാരാണെന്നു വിധി കല്പിക്കുവാനും അദ്ദേഹത്തിനു കൂസലില്ല. നമുക്കെല്ലാവർക്കും ജന്മഭൂമിയോടു് ഒരു പ്രത്യേക ആദരവും സ്നേഹവും തോന്നാറുണ്ടല്ലോ. എന്നാൽ ഷായുടെ ജന്മഭൂമിയായ ഐർലണ്ടിനോടു് അദ്ദേഹത്തിനു വലിയ പുച്ഛമാണ്. ഐറിഷുകാരെ കളിയാക്കുകയാണ് അദ്ദേഹത്തിനിഷ്ടം. സന്ദർഭം വരുമ്പോൾ ഒരു ആളെയെന്നതുപോലെതന്നെ ഒരു രാഷ്ട്രക്കാരെ മുഴുവനും അധിക്ഷേപിക്കുവാനും ഷാ മടിക്കാറില്ല. അമേരിക്കക്കാരെ അടച്ചു മൂഢന്മാരെന്നു അദ്ദേഹം വിളിച്ചതു് ഈയിടെയാണ്. അഭിപ്രായപ്രകടനത്തിൽ ഇങ്ങിനെ ഇന്ദ്രനേയും ചന്ദ്രനേയും കൂസാത്ത മറ്റൊരാൾ ഇപ്പോൾ ഉണ്ടെന്നു തോന്നുന്നില്ല. തന്റെ അഭിപ്രായം ഏതുമതത്തിന്റെ മസ്തകം പിളക്കുന്നതായാലും വേണ്ടില്ല ഏതുരാജ്യക്കാരുടെ അഭിമാനം മുറിപ്പെടുത്തുന്നതായാലും വേണ്ടില്ല; ഷാ അതു് തുറന്നു പറയുകതന്നെ ചെയ്യും. അരുചിപ്രദമാണെങ്കിലും അതു കേൾക്കാൻ ലോകം മുഴുവൻ ചെവി വട്ടംപിടിച്ചു സകൌതുകം കാത്തിരിക്കുന്നുണ്ടെന്നു ഷായുടെ വചനങ്ങൾക്കു വൃത്താന്തപത്രങ്ങൾ കൊടുക്കുന്ന സ്ഥാനംകൊണ്ടുതന്നെ നിശ്ചയിക്കാം. ഇന്നു് ഏതെല്ലാം നേതാക്കന്മാർ എന്തെല്ലാം അഭിപ്രായങ്ങൾ വിളംബരം ചെയ്തുകൊണ്ടിരിക്കുന്നുണ്ടു്. അവയൊന്നിനും ഇത്രത്തോളം പ്രചാരവും പ്രസിദ്ധിയും ലഭിക്കുന്നുണ്ടോ എന്നു സംശയമാണ്. എന്താണ് ഇതിനു കാരണം? ഈ അനുഗൃഹീതസാഹിത്യകാരനിൽ വിളയാ

ടുന്ന അന്യാദൃശമായ സരസ്വതീവിലാസം തന്നെ. ഷാ എന്തു പറഞ്ഞാലും അതിനൊരു ചമൽക്കാരമുണ്ട്. അതുമാത്രമല്ല അതിന്നൊരു നൂതനത്വവും കാണും. ഷാ പറയുന്നതു് മററുള്ളവർ പലപ്പോഴും പറഞ്ഞു 'പഴഞ്ചെനായി'ത്തീർന്ന അഭിപ്രായമല്ല. അതു ഷായുടെ സ്വന്തമായിരിക്കും. അതു മററാക്കും ആലോചിച്ചാൽ എളുപ്പം ലഭിക്കുന്നതുമല്ല. ആക്കും ആദരണീയമായിത്തോന്നുന്ന ഒരു പരമാൎത്ഥത അതിന്നകത്തു സജീവമായി കാണും. വസ്തുസ്ഥിതിയറിയാതെ അന്ധമായി ഉഴലുന്നവരെ അതു പെട്ടെന്നു കണ്ണു തുറപ്പിക്കുകയും ചെയ്യും.

ഷായിൽ കാണുന്ന മറെറാരുഗുണം അദ്ദേഹത്തിൻെറ അത്ഭുതാവഹമായ പ്രത്യുല്പന്നമതിത്വം ആണു്. ഏതുചോദ്യത്തിനും പെട്ടെന്നു പററിയ ഉത്തരം കൊടുക്കുവാൻ അദ്ദേഹം അതിസമൎത്ഥനത്രെ. ഇക്കാൎയ്യത്തിൽ ഷായെ ജയിക്കുവാൻ അധികംപേരുണ്ടെന്നു തോന്നുന്നില്ല. ഷായുടെ ബുദ്ധിശക്തിയും തൻെറ സൌന്ദൎയ്യവും കൂടികലൎന്ന ഒരു ഒന്നാംതരം കുട്ടിയെ ഉൽപാദിപ്പിക്കുന്നതിൽ ഭാഗഭാക്കാകാമോ എന്നു ചോദിച്ചുകൊണ്ടു സൌന്ദൎയ്യഗൎവ്വം നടിച്ചു് അടുത്തുചെന്ന ഒരു സുപ്രസിദ്ധനടിയോടു പ്രത്യുത്തരമായി തൻെറ സൌന്ദൎയ്യവും അവളുടെ ബുദ്ധിശക്തിയും കൂടികലൎന്ന ഒരു കുട്ടിയായാലെന്താ എന്നു ചോദിച്ചു ഷാ അവളെ മടക്കിഅയച്ചതായി കേട്ടിട്ടുണ്ടു്.

ഒരു യുക്തിവാദിയും നിരൂപകനും എന്ന നിലയിൽ ഷായ്ക്കുള്ള സ്ഥാനം അത്യുന്നതമാകുന്നു. യുക്തിവിചാരം (Reasoning) ആണ് അദ്ദേഹത്തിൻെറ പ്രധാന മാനദണ്ഡം. ലോകത്തിലെ ഏതു കാൎയ്യവും അതുകൊണ്ടു് അളന്നുനോക്കി നിശിതമായ നിരൂപണത്തിനു വിഷയമാക്കുന്നതിൽ ഷാ പ്രകടിപ്പിക്കുന്ന വൈദഗ്ദ്ധ്യം അനിതരസാധാരണമാകുന്നു. മനുഷ്യസമുദായത്തെ കരതലാമലകംപോലെ പരിശോധിച്ചുനോക്കുകയും അപ്പോൾ കാണുന്ന കുററങ്ങളും കുറവുകളും ശക്തിയേറിയ ഭാഷയിൽ വിളിച്ചു പറകയും ചെയ്യുന്നതിലാണ് അദ്ദേഹത്തിന് അധികം രസം.

ഷായുടെ യുക്തിവാദവും നിരൂപണദൃഷ്ടിയും പ്രധാനമായി പ്രതിഫലിപ്പിക്കുന്നതു് അദ്ദേഹത്തിൻെറ ഭുവനപ്രഥിതങ്ങളായ നാടകകൃതികൾതന്നെയാകുന്നു. പ്രധാനപ്പെട്ട മുപ്പതു നാടകങ്ങൾ അദ്ദേഹം എഴുതിയിട്ടുണ്ടു്. ഷായുടെ നാടകത്തിനുള്ള ഒരു വിശേഷം അതിൽ ആ നാടകഭാഗത്തേക്കാൾ വലിപ്പമുള്ള ഓരോ പ്രബന്ധംകൂടെ മുഖവുരയായി ഉണ്ടായിരിക്കുമെന്നുള്ളതാണ്. നാടകകഥാമാൎഗ്ഗേണ ഷാ പ്രകടിപ്പിക്കുന്ന സിദ്ധാന്തങ്ങളുടെ (Views) ഒരു നിരൂപണമായിരിക്കും ആ മുഖവുരരൂപ

ത്തിലുള്ള ഉപന്യാസത്തിൽ കാണുന്നതു്. മതം, സമുദായം, രാജ്യതന്ത്രം മുതലായ വിവിധവിഷയങ്ങളെപ്പററിയും ഈ സാഹിത്യകൃതികഠംവഴിയായി അദ്ദേഹം നിരൂപണംചെയ്യുകയും തത്സംബന്ധമായി സരസസിദ്ധാന്തങ്ങഠം സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. നാടകങ്ങളെഴുതുന്നതിനു മുൻപ് ഷാ കുറെ നോവലുകഠം എഴുതിനോക്കിയെങ്കിലും ആ ഉദ്യമം പരാജയത്തിൽ കലാശിച്ചതേയുള്ളു. എങ്കിലും അദ്ദേഹം ഒരു നോവൽകാരനായും ഗണിക്കപ്പെട്ടുന്നുണ്ട്. ചുരുക്കത്തിൽ നോവൽകാരൻ, നാടകകത്താ, (Dramatist) സമുദായതന്ത്രജ്ഞൻ (Sociologist) രാജ്യതന്ത്രജ്ഞൻ (Statesman) നിരൂപകൻ (critic) എന്നീ നിലയിൽ ഷാക്കു് പ്രത്യേകമായി ഓരോ ഗണ്യമായ സ്ഥാനമുണ്ടെന്നു പറയേണ്ടിയിരിക്കുന്നു.

ഷാ ഒരു തികഞ്ഞ സമത്വവാദി (Socialists) ആകുന്നു. കാറൽ മാർക്സിൻെറ സിദ്ധാന്തങ്ങളനുസരിച്ചു മനുഷ്യസമുദായം പുനസ്സംഘടിക്കണമെന്നത്രേ അദ്ദേഹത്തിൻേറയും അഭിപ്രായം. ഇന്നത്തെ രാജ്യഭരണസമ്പ്രദായങ്ങളിൽ റഷ്യയിലേതുമാത്രമേ അദ്ദേഹത്തിൻെറ പ്രശംസയ്ക്കു പാത്രീഭവിച്ചിട്ടുള്ളു. ഷായുടെ നാടകീയ കഥകളിൽ പലതും സമത്വവാദസിദ്ധാന്തങ്ങളെ ഭംഗ്യന്തരേണ വിളംബരം ചെയ്യുന്നവയാണ്. 'ഡിമോക്രസി' എന്ന പേരും പറഞ്ഞു മുതലാളിത്തത്തെ പുലത്തിക്കൊണ്ടു പോരുന്ന ഭരണരീതികളെ അധിക്ഷേപിക്കുവാനാണ് ഷാ ആപ്പിഠം കാർട് (Apple cart) എന്ന നാടകം എഴുതിയതു്. നിലവിലിരിക്കുന്ന രീതികളേയും ചട്ടങ്ങളേയും മറവും കളിയാക്കുന്നതിൽ ഷാ പ്രദശിപ്പിക്കുന്ന ശബ്ദശക്തി അനന്യലഭ്യമായിട്ടുള്ളതാകുന്നു. ഷാ സാഹിത്യരംഗത്തിൽ പ്രവേശിച്ച കാലംമുതൽ ഇന്നുവരെ നിരൂപണവിഷയത്തിൽ അദ്ദേഹത്തിനോളം ശബ്ദശക്തി പ്രദശിപ്പിച്ചിട്ടുള്ള മറെറാരു നിരൂപകനും ഉണ്ടായിട്ടില്ലെന്നു പറയാം. ഡാക്ടേഴ്സ് ഡയലമ്മ (Doctcr's Dilemma) എന്ന നാടകം ഷായുടെ പരിഹാസ പാടവത്തിനു കന്നാന്തരത്തെ ഉദാഹരണമാകുന്നു. പരിണാമവാദപ്രകാരം നോക്കുമ്പോഠം മനുഷ്യൻ ഭാവിയിൽ അവൻെറ സങ്കുചിതമായ മനുഷ്യത്വത്തെ അതിക്രമിച്ചു സകല കുറവും തീന്ന ഒരു അതിമാനുഷൻ Super man) ആയിത്തീരുമെന്നാണു ഷാ വിശ്വസിക്കുന്നതു്. ഇതിനെ അടിസ്ഥാനപ്പെട്ടുത്തിയാണു "മാൻ ആൻഡ് സൂപ്പർമാൻ" (Man and Super man) എന്ന നാടകം അദ്ദേഹം എഴുതിയിട്ടുള്ളതു്. ഷായുടെ നാടകങ്ങളിൽ വ്യാകീണ്ണങ്ങളായിരിക്കുന്ന എതാദൃശങ്ങളായ നവീനാശയങ്ങളും തത്വചിന്തകളും ആണ് ആ കൃതികളിലേയ്ക്കു ആധുനികലോകത്തെ അത്യധികം ആകഷിച്ചിട്ടുള്ളതു്.

ജാതി, മതം, സമുദായം, രാജ്യം എന്നിവയെക്കൊണ്ടു വളരെക്കാലമായി മനുഷ്യൻ കെട്ടിപ്പടുത്തു കൊണ്ടിരിക്കുന്ന അതിൎത്തിക്കോട്ടകളെ പാടേ ധ്വംസിക്കേണ്ടതു് ലോകക്ഷേമത്തിനു് അത്യാവശ്യമെന്നു് ഉച്ചൈസ്സരാം ഉൽഘോഷിക്കുന്ന ആളാകുന്നു ബർനാഡ്ഷാ. ഇന്നത്തെ ലോകം പുരോഗമനം ചെയ്യുന്നതും അദ്ദേഹം ചൂണ്ടിക്കാണിക്കുന്ന ലക്ഷ്യത്തിലേക്കു തന്നെയാകുന്നു. ക്രിസ്തുമതപ്രചാരണത്തേയും അന്ധമായ ദൈവവിശ്വാസത്തേയും അപഹസിച്ചുകൊണ്ടു് ഷാ ഈയിടെ എഴുതിയ ഒരു കഥ മതത്തിനോടുള്ള അദ്ദേഹത്തിൻെറ മനോഭാവം പ്രസ്പഷ്ടമാക്കുന്നുണ്ടു്. "ദൈവത്തെ അന്വേഷിച്ചു പുറപ്പെട്ട ഒരു കറമ്പിപ്പെണ്ണിൻെറ വീരകൎമ്മങ്ങൾ" (Adventures of a Back Girl in Search of God) എന്നാണു ആ പുസ്തകത്തിനു ഷാ നൽകിയിരിക്കുന്ന പേർ. പ്രസ്തുത പുസ്തകം പുറത്തുവന്നപ്പോൾ മതഭ്രാന്തന്മാർ അത്യധികം ക്ഷോഭിച്ചു എന്ന സംഗതിതന്നെ അതു് അവരുടെ അടിയുറച്ച ആന്ധ്യത്തിനൊരു ഇളക്കമുണ്ടാകുവാൻ പൎയ്യാപ്തമായെന്നു തെളിയിക്കുന്നു.

ഓരോന്നിന്നു വാസ്തവത്തിൽ ഉള്ള വിലമാത്രം വകവച്ചുകൊടുക്കുകയും ഓരോന്നിൻെറയും യഥാൎത്ഥരൂപത്തെ അതേമാതിരി നോക്കിക്കാണുകയും ചെയ്യുന്നതിലുള്ള ഒരു ശാസ്ത്രീയമനസ്ഥിതി (Scientific mind) യാണു ഷായുടെ സ്വഭാവത്തിൽ സൎവ്വോപരി പ്രശംസനീയമായി കാണുന്നതു്. സംഗതികളെ വീക്ഷണം ചെയ്യുമ്പോൾ ഈ രീതിയിൽ ഒരു മനോഭാവം പരിപാലിക്കുന്നതിനു നിരൂപകന്മാരിൽ അധികം പേക്കും സാധിക്കുന്നില്ല. "ഷാക്കു് ഈ ലോകത്തിൽ ഒരു ശത്രുവുമില്ല; എന്നാൽ സ്നേഹിതന്മാരിൽ ആരുംതന്നെ അദ്ദേഹത്തെ ഇഷ്ടപ്പെടുന്നുമില്ല" എന്നും ഓസ്കാർവൈൽഡ് (Oscar Wilde) ഇദ്ദേഹത്തെപ്പററി പ്രശംസിച്ചെഴുതിയിട്ടുള്ളതു മേൽപറഞ്ഞ ഗുണത്തെ അടിസ്ഥാനമാക്കിയാണു്. ഓരോന്നിനും വിലകല്പിക്കുവാനുള്ളപ്രാപ്തിയാണു ജ്ഞാനം (Wisdom consists in Valuation) എന്നു ഷാതന്നെ ഒരിടത്തു് ഉപദേശിക്കുന്നു. വിദ്യാൎത്ഥിലോകം മാത്രമല്ല ജ്ഞാനാൎത്ഥികളായി പുറപ്പെടുന്ന എല്ലാവരും തന്നെ പ്രത്യേകം ശ്രദ്ധിക്കേണ്ട ഒരു വാക്യമാണിതു്. എന്തെന്നാൽ ഈ പ്രാപ്തി സമ്പാദിക്കാത്തതുമൂലം വളരെപേർ പണ്ഡിതന്മാരുടേയും ഗ്രന്ഥങ്ങളുടേയും അടിമകളായിതീൎന്നിട്ടുണ്ടു്.

പരിവൎത്തനോന്മുഖമായ ആധുനികലോകത്തെ നാനാപ്രകാരേണ ഉത്തേജിപ്പിക്കുന്നവയാണു ബർനാഡ്ഷായുടെ കൃതികൾ. അതുകൊണ്ടായിരിക്കാം ഇതരസാഹിത്യകാരന്മാൎക്കു സാധിക്കാത്തവിധം

ജീവിച്ചിരിക്കുമ്പോൾതന്നെ ഇത്രമാത്രം പ്രശസ്തി അദ്ദേഹത്തിനു നേടുവാൻ കഴിഞ്ഞതു്. ഭാവിയിലെ തലമുറയ്ക്കേ വർത്തമാനകാലത്തിലെ കവിതകളെ ശരിക്കും അളക്കുവാൻ സാധിക്കുകയുള്ളു. ഷേക്സ്പിയർ ഇന്നത്തെ ഷേക്സ്പിയർ ആയതു് അദ്ദേഹത്തിന്റെ കാലശേഷമാണല്ലോ. എന്നാൽ ഷായുടെ സ്ഥിതി ഇക്കാര്യത്തിലും വ്യത്യസ്തമാണു്. അദ്ദേഹത്തിനു കിട്ടാനുള്ളതെല്ലാം ഇപ്പോൾതന്നെ കിട്ടിക്കഴിഞ്ഞിരിക്കുന്നു.